# ഗിരിദീപം

വാല്യം : 05 | ലക്കം : 10 | വില : ₹10

ഒക്ടോബർ 2022



## പരിശുദ്ധ ജപമാല രാജ്ഞി

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ



# സീറോ മലബാർ സഭയുടെ പുതിയ മെത്രാന്മാർക്ക്

*തലശ്ശേരി അതിരൂപതയുടെ പ്രാർത്ഥനാശംസകൾ...*



**മോൺ. ജോസഫ് കൊല്ലംപറമ്പിൽ**
(ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ)

**മോൺ. തോമസ് പാടിയത്ത്**
(ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ)

**മോൺ. അലക്സ് താരാമംഗലം**
(മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ)

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 05 ഒക്ടോബർ 2022 ലക്കം 10

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
940 006 2898

# ഉള്ളടക്കം


1. Prot. No.546 / 2022, സർക്കുലർ നമ്പർ 06/2022 .................. 05
2. Prot. No.547 / 2022, സർക്കുലർ നമ്പർ 07/2022 .................. 08
3. ലോകപ്രേഷിതദിന സന്ദേശം - ഫ്രാൻസീസ് പാപ്പാ .................. 11
4. സർക്കുലർ - കെ സി ബി സി - .................. 20
5. സിനഡാനന്തര സർക്കുലർ .................. 27
6. കച്ചേരിക്കാര്യം .................. 32
7. നവീകരണധ്യാനങ്ങൾ .................. 37
8. പ്രെസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് .................. 39
9. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .................. 42
10. ലിറ്റർജിക്കൽ റിസേർച്ച് സെന്റർ .................. 45
11. വിശ്വാസപരിശീലനം .................. 47
12. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................. 57
13. ചെറുപുഷ്പ മിഷൻലീഗ് .................. 61
14. തിരുബാലസഖ്യം .................. 71
15. യുവജനശുശ്രൂഷ .................. 73
16. കുടുംബപ്രേഷിതത്വം .................. 77
17. വിദ്യാഭ്യാസ ഏജൻസി .................. 84
18. വിമൽജ്യോതി വാർത്തകൾ .................. 88
19. സാൻജോസ് അക്കാദമി .................. 91
20. നിർമ്മലഗിരി വാർത്തകൾ .................. 92
21. ഇൻഫാം വാർത്തകൾ .................. 95
22. മദ്യവിരുദ്ധ പ്രസ്ഥാനം .................. 96
23. ഏയ്ഞ്ചൽ ട്രസ്റ്റ് .................. 98
24. സാമൂഹ്യസേവനവേദി .................. 100
26. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി .................. 103
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) .................. 106
28. Programme of the Archbishop Mar Joseph Pamplany... .................. 110
29. Programme of the Archbishop Emeritus Mar George Njaralakatt .................. 112
30. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................. 113

Prot. No. 546 / 22 സർക്കുലർ നമ്പർ 06 / 2022

# സർക്കുലർ

ഒക്ടോബർ മാസം പരമ്പരാഗതമായി പരിശുദ്ധ ജപമാല രാജ്ഞിക്കു സമർപ്പിതമാണല്ലോ. ഭാഗ്യവതിയും ദൈവത്തിന്റെ അനുഗ്രഹീത മാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ മറിയത്തോടുള്ള ഭക്തി നമ്മുടെ കത്തോലിക്കാ വിശ്വാസത്തിന്റെ അനിവാര്യ ഭാഗമാണല്ലോ. വി. ഡൊമിനിക്കിലൂടെ ആരംഭിച്ച ജപമാല പ്രാർത്ഥന നൂറ്റാണ്ടുകളിലൂടെ വളർന്നാണ് ഇന്ന് നാം കാണുന്ന രൂപം പ്രാപിച്ചത്.

ജപമാല ഭക്തിയുടെ പ്രചാരത്തിനു പിന്നിൽ ചരിത്രപരമായ കാരണമുണ്ട്. യൂറോപ്പ് പിടിച്ചടക്കി റോമാനഗരം അഗ്നിക്കിരയാക്കുക എന്ന ലക്ഷ്യത്തോടെ 1571 ൽ തുർക്കികൾ സൈനിക നീക്കം നടത്തി. അനേകം ദൈവാലയങ്ങൾ നശിപ്പിച്ചും വിശ്വാസികളെ വാളിനിരയാക്കിയും മുന്നേറിയ തുർക്കികളുടെ സൈന്യത്തെ പീയൂസ് അഞ്ചാമൻ മാർപാപ്പയുടെ ആഹ്വാനപ്രകാരം ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നീ ക്രൈസ്തവ രാഷ്ട്രങ്ങൾ സംയുക്തമായി നേരിട്ടു. ലെപാൻതോ നഗരത്തിൽവച്ചു നടന്ന യുദ്ധത്തിൽ യൂറോപ്പിന്റെ രക്ഷയ്ക്കായി ഒക്ടോബർ ഒന്നുമുതൽ പത്തുദിവസം തുടർച്ചയായി ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ മാർപാപ്പ ആഹ്വാനംചെയ്തു. ഒക്ടോബർ 7-ാം തീയതി ജപമാല ചൊല്ലുന്നതിനിടയിൽ വിജയവാർത്ത കേട്ട മാർപാപ്പാ ഒക്ടോബർ 7 ജപമാല രാജ്ഞിയായ വിജയമാതാവിന്റെ തിരുനാളായി പ്രഖ്യാപിക്കുകയും ജപമാല ഭക്തി വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. ലെയോ 13-ാമൻ മാർപാപ്പായാണ് ഒക്ടോബർ മാസത്തെ ജപമാല മാസമായി ഓദ്യോഗികമായി പ്രഖ്യാപിച്ചത്.

സഭയെയും സഭയുടെ വിശ്വാസത്തെയും തകർക്കാനും സഭയുടെ മക്കളെ വഴിതെറ്റിക്കാനും സഭയുടെ ശത്രുക്കൾ വിശ്രമരഹിതരായി അധ്വാനിക്കുന്ന ഈ കാലഘട്ടത്തിൽ കൂടുതൽ വിശ്വാസത്തോടെ ജപമാല കരങ്ങളിലേക്കെടുക്കാൻ നമുക്കു കഴിയണം. എല്ലാ തിന്മകൾക്കുമുള്ള മറുമരുന്നും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവുമായാണ് ജപമാലയെ സഭാപ്രബോധനങ്ങളിൽ അവതരിപ്പിക്കുന്നത്. മറിയത്തോടൊപ്പം ഈശോയെ ധ്യാനിക്കാനും മിശിഹാരഹസ്യം അനുഭവിക്കാനുമുള്ള അനുഗ്രഹമാണ് ജപമാല പ്രദാനംചെയ്യുന്നത്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകാ ദൈവാലയങ്ങളിലും കുരിശുപള്ളികളിലും സ്ഥാപനങ്ങളിലും പത്തുദിവസത്തെ കൊന്തനമസ്കാരം ആഘോഷപൂർവ്വം നടത്താൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ കൊന്തനമസ്കാരത്തിൽ മൂന്നു പ്രാർത്ഥനാനിയോഗങ്ങൾ നിങ്ങൾക്കു മുന്നിൽ ഞാൻ വയ്ക്കുകയാണ്. ജപമാല

യർപ്പണം തിരുസഭയ്ക്കെതിരായ ശത്രുക്കളെ പരാജയപ്പെടുത്തുമെന്ന ഗ്രിഗറി 13-ാമൻ മാർപാപ്പായുടെ പ്രബോധനം (*Monet Apostolus*) ശിരസ്സാവഹിച്ചുകൊണ്ട് തിരുസ്സഭയുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥം തേടി നമുക്ക് പ്രാർത്ഥിക്കാം. ലോകമാസകലമുള്ള പീഡിത സഭയ്ക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പുറമേനിന്നുള്ള ശത്രുക്കളുടെ ആക്രമണവും അകമേനിന്നുള്ള അന്തച്ഛിദ്രങ്ങളും സഭയെ ഏറെ സങ്കടപ്പെടുത്തുന്ന കാലമാണ്. നമ്മുടെ മാതൃസഭയായ സീറോ മലബാർ സഭ ഏറെ പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് നിങ്ങൾക്കറിവുള്ളതാണല്ലോ. നമ്മുടെ സഭയിലെ പ്രതിസന്ധികളും ദുഃഖങ്ങളും പരിഹൃതമാകുവാനായി പരിശുദ്ധ ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യം തേടി നമുക്കു പ്രാർത്ഥിക്കാം. ജോൺപോൾ മാർപാപ്പാ പഠിപ്പിച്ചതുപോലെ, സഭാസംരക്ഷണത്തിനായി ഒരിക്കൽകൂടി വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടുംകൂടി നമുക്ക് ജപമാലയെ മുറുകെപ്പിടിക്കാം (Rosarium Virginis Mariae).

രണ്ടാമതായി, തിന്മയുടെ ബന്ധനങ്ങളിൽ കഴിയുന്നവരെ രക്ഷിക്കുവാൻ നന്മനിറഞ്ഞ മറിയത്തിന് സവിശേഷ മാധ്യസ്ഥ്യ ശക്തിയുണ്ട്. സമൂഹത്തെ ബാധിച്ചിരിക്കുന്ന എല്ലാ തിന്മകൾക്കുമെതിരേയുള്ള ഏറ്റവും ശക്തമായ ആയുധമാണ് ജപമാല എന്ന ലെയോ 13-ാമൻ മാർപാപ്പായുടെ പ്രബോധനം നമ്മുടെ ഹൃദയത്തിൽ ആഴത്തിൽ പതിയട്ടെ. നമ്മുടെ ഇളംതലമുറയെ ലക്ഷ്യമാക്കി മയക്കുമരുന്നു മാഫിയ നാട്ടിൻ പുറങ്ങളിൽപ്പോലും പിടിമുറുക്കുന്നത് ഏറെ ദു:ഖകരമാണ്. വിവിധതരം മിഠായികളുടെയും ഐസ്ക്രീമിന്റെയും ഗുളികകളുടെയും രൂപത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്കു മുന്നിൽ മയക്കു മരുന്ന് എത്തുന്നുണ്ട്. ലഹരിക്കടിമകളാകുന്ന കുഞ്ഞുങ്ങൾ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട് എന്നതും ഭീതിജനകമാണ്. കുഞ്ഞുങ്ങളെ ലഹരിയുടെ പിടിയിൽനിന്നും രക്ഷിക്കാൻ അവരെ ജപമാല മണികളോട് ചേർത്ത് നമുക്ക് പരിശുദ്ധ മാതാവിന് കാഴ്ചവയ്ക്കാം. ആന്റി ഡ്രഗ്സ് സ്റ്റുഡൻസ് യൂണിയൻ (ADSU) എന്നപേരിൽ കുട്ടികൾക്കായി നമ്മുടെ അതിരൂപത ആരംഭിച്ചിട്ടുള്ള സംരംഭത്തിൽ എല്ലാ കുട്ടികളും പങ്കുചേരണം. മയക്കുമരുന്നു വിരുദ്ധ പ്രവർത്തനങ്ങളിൽ സർക്കാരിന്റെയും പോലീസിന്റെയും എല്ലാ നല്ല സംരംഭങ്ങൾക്കും നാം പിന്തുണ നൽകണം. പിശാചിനെതിരെയുള്ള സ്വർഗ്ഗത്തിന്റെ ചങ്ങലയായ ജപമാല വിശ്വാസത്തോടെ നമുക്ക് മുറുകെ പിടിക്കാം.

മൂന്നാമത്തെ നിയോഗമായി ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനായി നമുക്ക് ജപമാല ചൊല്ലി പ്രാർത്ഥിക്കാം. പരിശുദ്ധ മറിയത്തിന്റെ "പ്രത്യേക സഹായം ആവശ്യമുള്ള എല്ലാ ആത്മാക്കളെയും

നരകാഗ്നിയിൽനിന്നു രക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് ആനയിക്കണമേ'' എന്നു പ്രാർത്ഥിക്കാൻ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ മാതാവു പഠിപ്പിച്ച പ്രാർത്ഥന ജപമാലയുടെ ഓരോ ദശകത്തിനു ശേഷവും നാം ആവർത്തിക്കുന്നുണ്ടല്ലോ. പൂർണ്ണ ദണ്ഡവിമോചനം നൽകുന്ന ജപമാലയർപ്പണംവഴി അനുദിനം ആത്മാക്കളുടെ മോക്ഷപ്രവേശനം സാധ്യമാക്കാൻ നമുക്ക് കഴിയും. നമുക്കുവേണ്ടി അത്യധ്വാനം ചെയ്ത ശേഷം മൺമറഞ്ഞുപോയ പൂർവ്വികരെയോർത്ത് പ്രാർത്ഥിക്കാനും അവരുടെ കുറവുകൾക്കു പരിഹാരം ചെയ്യാനുമുള്ള ഏറ്റവും ലളിതമായ മാർഗ്ഗമാണ് ജപമാല. ദണ്ഡവിമോചനം പ്രാപിക്കാനായി കൊന്ത നമസ്കാരത്തിന്റെ നാളുകളിൽ എല്ലാവരും കുമ്പസാരിച്ച് വി. കുർബ്ബാന സ്വീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. ശുദ്ധീകരാത്മക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഈശോയ്ക്കും പരിശുദ്ധ മറിയത്തിനും ഏറ്റവും പ്രീതികരമാണെന്ന സത്യം മറക്കാതിരിക്കാം.

മറിയത്തോടൊപ്പം ഈശോയെ ധ്യാനിക്കുന്ന ജപമാലവഴി മറിയത്തിലേക്കല്ല ഈശോയിലേക്കാണ് നാം വളരുന്നത്. ''അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുക'' (യോഹ 2:3) എന്ന കാനായിലെ സന്ദേശമാണ് മറിയത്തിന് എല്ലാ തലമുറകൾക്കും നൽകാനുള്ളത്. അതിനാൽ ജപമാല പ്രാർത്ഥനവഴി നാം മിശിഹാ രഹസ്യങ്ങളിലേക്കാണ് വളരുന്നത്. ''ജപമാല എന്റെ ഏറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണ്, എന്നെങ്കിലും അത് മുടക്കുന്നത് ചിന്തിക്കാനാവില്ല'' എന്ന വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ മാതൃക നമുക്കും സ്വീകരിക്കാം. ജപമാല ചൊല്ലാതെ ഒരുദിനംപോലും കടന്നുപോകുന്നില്ല എന്ന് ഉറപ്പുവരുത്താൻ നമുക്കു കഴിയണം.

നിങ്ങൾ ഓരോരുത്തരെയും നിങ്ങളുടെ കുടുംബങ്ങളെയും പരിശുദ്ധ ജപമാല രാജ്ഞിക്കു സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹാശംസകളോടെ,

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

NB: ഈ സർക്കുലർ 2022 ഒക്ടോബർ 02-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 547 / 22 സർക്കുലർ നമ്പർ 07 / 2022

# മാനന്തവാടി രൂപതയ്ക്ക് പുതിയ സഹായമെത്രാൻ

ഇശോയിൽ പ്രിയ സഹോദരീ സഹോദരൻമാരെ, ആഗസ്റ്റ് 25 ന് സമാപിച്ച സീറോ മലബാർ സഭയുടെ സിനഡിൽ മൂന്നു പുതിയ പിതാക്കൻമാരെ സഹായമെത്രാൻമാരായി നിയമിച്ചതു നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. മാനന്തവാടി രൂപതയുടെ സഹായമെത്രാനായി നമ്മുടെ അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെയും ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻമാരായി ഫാ. ജോസഫ് കൊല്ലംപറമ്പിലിനെയും ഫാ. തോമസ് പാടിയത്തിനെയുമാണ് സിനഡ് പിതാക്കൻമാർ തെരഞ്ഞെടുത്തത്. അലക്സ് താരാമംഗലം അച്ചന്റെ നിയമനം സവിശേഷമാംവിധം നമ്മുടെ അതിരൂപതയ്ക്ക് സന്തോഷം പ്രദാനം ചെയ്യുന്നുണ്ട്. നമ്മുടെ അതിരൂപതാംഗമായ അലക്സ് അച്ചനെ മേല്പട്ട ശുശ്രൂഷയിലേയ്ക്ക് സർവ്വശക്തനായ ദൈവം ഉയർത്തിയിരിക്കുകയാണ്.

തലശ്ശേരി അതിരൂപതയുടെ വളർച്ചയുടെ മറ്റൊരു മുഹൂർത്തമായാണ് പുതിയ സഹായമെത്രാന്റെ നിയമനത്തെ നാം മനസ്സിലാക്കേണ്ടത്. 1953 ൽ തലശ്ശേരി രൂപത സ്ഥാപിതമായതിനുശേഷം മലബാർ പ്രദേശത്തുണ്ടായ സഭയുടെ വളർച്ച വിസ്മയത്തോടെ മാത്രമെ ഏവർക്കും നോക്കി കാണാനാവൂ. ഈ കാലയളവിൽ മാനന്തവാടി, താമരശ്ശേരി, ബൽത്തങ്ങാടി, ഭദ്രാവതി, മാണ്ഡ്യ രൂപതകളായി തലശ്ശേരി അതിരൂപത വളർന്നു. ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ഇശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ തീക്ഷ്ണമതികളായ വൈദികരും സന്യസ്തരും നമ്മുടെ അതിരൂപതയിൽനിന്നുമുണ്ടായി. ഇപ്പോൾ അപ്പസ്തോലൻമാരുടെ പിൻഗാമിയായ മെത്രാൻ പദവിയിലേയ്ക്ക് നമ്മുടെ അതിരൂപയിൽ നിന്നും ഒരു വൈദികനെ ഈശോ നിയോഗിച്ചിരിക്കുന്നു. തലശ്ശേരിയിൽ നിന്നും വിഭജിക്കപ്പെട്ട ആദ്യരൂപതയായ മാനന്തവാടി സുവർണ്ണ ജൂബിലി നിറവിലാണ്. തലശ്ശേരി അതിരൂപത ജൂബിലി സമ്മാനമായി മാനന്തവാടി രൂപതയ്ക്ക് നല്കുന്നത് നമ്മുടെ വൈദിക കൂട്ടായ്മയിലെ ഏറ്റവും ശ്രേഷ്ഠനായ പുരോഹിതനെയാണ്. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് മാനന്തവാടി രൂപതയിലെ തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഒരു സഹായമെത്രാനെ ആവശ്യപ്പെട്ടപ്പോൾ സിനഡ് പിതാക്കന്മാർ തെരഞ്ഞെ

ടുത്തത് വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും നിറകുടമായ ബഹു. അലക്സ് താരാമംഗലം അച്ചനെയാണ്.

1958 ഏപ്രിൽ 20-ാം തീയതി താരാമംഗലം ലൂക്ക്, അന്നക്കുട്ടി ദമ്പതികളുടെ മകനായി പാലാ രൂപതയിലെ മൂഴൂരിൽ അലക്സ് അച്ചൻ ജനിച്ചു. 1966 ൽ അച്ചന്റെ കുടുംബം മലബാറിലേക്ക് കുടിയേറി. പ്രാഥമിക വിദ്യാഭ്യാസം മൂഴൂരും ആലക്കോടുമായി പൂർത്തിയാക്കി. 1973 ൽ വൈദികപരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ കോട്ടയം വടവാതൂർ സെമിനാരിയിലാണ് പൂർത്തിയാക്കിയത്. 1983 ജനുവരി ഒന്നാം തീയതി പാത്തൻപാറ ഇടവകയിൽവച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് നെല്ലിക്കാംപൊയിൽ, ഉദയഗിരി എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും കുന്നുംകൈ, കമ്പല്ലൂർ- ബെഡൂർ ഇടവകകളിൽ വികാരിയായും അലക്സ് അച്ചൻ സ്തുത്യർഹമായ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. 1986 ൽ അദ്ദേഹം ഉപരിപഠനത്തിനായി റോമിലേയ്ക്ക് പോവുകയും തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടുകയും ചെയ്തു. പഠനം കഴിഞ്ഞ് തിരിച്ചെത്തിയ അലക്സ് അച്ചൻ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ സെക്രട്ടറിയായി ജോലി ചെയ്തു. 1995 മുതൽ 2016 വരെ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ പ്രൊഫസറായും, വൈസ് റെക്ടറായും, റെക്ടറായും സേവനമനുഷ്ഠിച്ചു. സീറോമലബാർ സഭയിലെ വൈദികരിൽ വലിയൊരു ഗണം നിയുക്ത പിതാവിന്റെ ശിഷ്യന്മാരായുണ്ട് എന്നത് ഇടയശുശ്രൂഷയിൽ ഏറെ ബലം പകരുന്ന സത്യമാണ്. വൈദികവിദ്യാർത്ഥികളുടെ പരിശീനലനരംഗത്ത് അച്ചന്റെ സേവനങ്ങൾ നിസ്തുലമാണ്. 2016 ൽ തലശ്ശേരിയിലേയ്ക്ക് തിരിച്ചെത്തിയ അലക്സ് അച്ചൻ അതിരൂപതയുടെ സിഞ്ചെല്ലൂസായും പ്രോട്ടോ സിഞ്ചെല്ലൂസായും ശുശ്രൂഷ ചെയ്തു.

കഴിഞ്ഞ മെയ് മാസം മുതൽ മാടത്തിൽ പള്ളിയിൽ വികാരിയായി ശുശ്രൂഷ ചെയ്തുവരവെയാണ് പുതിയ ഉത്തരവാദിത്വം അലക്സ് അച്ചനെ തേടിയെത്തിയത്. ബഹു. അലക്സ് അച്ചന്റെ ശുശ്രൂഷാ വഴികൾ അദ്ദേഹത്തിന്റെ കാര്യപ്രാപ്തിയും കഴിവും തെളിയിക്കുന്നതാണ്. അടിയുറച്ച ആദ്ധ്യാത്മികതയും മാതൃകാപരമായ ജീവിതവിശുദ്ധിയും ദൈവികജ്ഞാനത്തിന്റെ നിറവും കുലീനമായ പെരുമാറ്റവുമാണ് നിയുകത പിതാവിന്റെ വ്യക്തിത്വത്തെ പ്രാഭവമുള്ളതാ

ക്കുന്നത്. നല്ലവനായ ദൈവം തലശ്ശേരി അതിരൂപതയ്ക്ക് നല്കിയ ശ്രേഷ്ഠമായ വരദാനമാണ് ബഹു. അലക്സ് അച്ചന്റെ പൗരോഹിത്യ ജീവിതം. അനേകം പുസ്തകങ്ങളും ലേഖനങ്ങളും ബഹു. അലക്സ് അച്ചൻ രചിച്ചിട്ടുണ്ട്. ജനഹൃദയങ്ങളെ സ്പർശിക്കുന്ന വാക്ചാതുരിയും ദൈവാരൂപിയുടെ അഭിഷേകവും ഉള്ള നല്ല ധ്യാനപ്രസംഗകൻ കൂടിയായ ബഹു. അലക്സ് അച്ചന്റെ ശുശ്രൂഷകൾ മാനന്തവാടി രൂപതയ്ക്ക് അനുഗ്രഹമായി മാറും എന്നത് നിസ്തർക്കമാണ്.

സെപ്റ്റംബർ 23-ാം തീയതി നിയുക്ത പിതാവിന് മാനന്തവാടി രൂപതയിലേക്ക് ഔദ്യോഗികമായി നാം യാത്രയയപ്പു നല്കി. നവംബർ ഒന്നാം തീയതി മാനന്തവാടി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചായിരിക്കും പിതാവിന്റെ മെത്രാഭിഷേകം നടക്കുന്നത്. അലക്സ് പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഞാൻ സ്നേഹത്തോടെ നിങ്ങൾ എല്ലാവരേയും ഓർമ്മിപ്പിക്കട്ടെ. മാനന്തവാടി രൂപതയുടെ അജപാലന ശുശ്രൂഷകൾ ഏറ്റവും കാര്യക്ഷമമായി മുന്നോട്ട് പോകുവാൻ അലക്സ്പിതാവിന്റെ മേൽപട്ട ശുശ്രൂഷ കാരണമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്റെ ഹൃദയത്തിനിണങ്ങിയ ഇടയൻമാരെ നല്കി നിരന്തരം തന്റെ സഭയെ അനുഗ്രഹിക്കുന്ന നല്ല ദൈവത്തിന് നിറമനസ്സോടെ നമുക്ക് നന്ദി പറായം. നിങ്ങളെ എല്ലാവരേയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**മാർ ജോസഫ് പാംപ്ലാനി**
തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2022 ഒക്ടോബർ 09-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3790/K-5/KCBC/OL/DS 06.09.2022

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2022 ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8)

പ്രിയ സഹോദരീസഹോദരന്മാരേ,

"എന്നാൽ പരിശുദ്ധാത്മാവിൽനിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും. അപ്പോൾ ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും നിങ്ങൾ എന്റെ സാക്ഷികളായിരിക്കും."ഉയിർത്തെഴുന്നേറ്റ യേശു തന്റെ സ്വർഗാരോഹണത്തിനുമുമ്പ് തന്റെ ശിഷ്യരോട് പറഞ്ഞ വചനമായി നാം ഇത് അപ്പസ്തോലപ്രവർത്തനങ്ങളിൽ വായിക്കുന്നു (അപ്പ 1:8). ഇതുതന്നെയാണ് 2022-ലെ ലോകപ്രേഷിതദിനത്തിലെ വിഷയം. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്ന് ഇത് സൂചിപ്പിക്കുന്നു. സഭയുടെ ജീവിതത്തിലും ദൗത്യത്തിലും ഉണ്ടായിട്ടുള്ള ചില പ്രധാനപ്പെട്ട സംഭവങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ഈ വർഷത്തെ ലോകപ്രേഷിതദിനം: (i) ഇപ്പോൾ ജനതകളുടെ സുവിശേഷവൽക്കരണത്തിനുള്ള തിരുസംഘം എന്നറിയപ്പെടുന്ന ദെ പ്രൊപ്പഗാന്ത ഫീദേയ് (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചതിന്റെ നാനൂറാം വർഷം; (ii) വിശ്വാസപ്രചാരണത്തിനായുള്ള സംഘത്തിന്റെ (Society of the Propagation of the Faith) ആരംഭത്തിന്റെ രണ്ടാം നൂറ്റാണ്ട്. നൂറു വർഷംമുമ്പ് ഇപ്പറഞ്ഞ വിശ്വാസ പ്രചാരണത്തിനായുള്ള സംഘവും അതിനോടൊപ്പം തിരുബാലസഖ്യവും (Society of the Holy Childhood) വിശുദ്ധ പത്രോസ് അപ്പോസ്തോലന്റെ സംഘവും (Society of Saint Peter the Apostle) "പൊന്തിഫിക്കൽ" എന്ന സ്ഥാനം നേടുകയുണ്ടായി.

മേൽപറഞ്ഞ വചനഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ ശിഷ്യന്റെയും ജീവിതത്തിനും ദൗത്യത്തിനും അടിസ്ഥാനമായി നിൽക്കുന്ന മൂന്നു താക്കോൽ വാക്യങ്ങളെക്കുറിച്ച് നമുക്കു പരിചിന്തനം ചെയ്യാം. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും", "ഭൂമിയുടെ അതിർത്തികൾവരെ", പരിശുദ്ധാത്മാവിന്റെ ശക്തി നിങ്ങൾക്കു ലഭിക്കും" എന്നീ ശകലങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

1. "നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" - ക്രിസ്തുവിനു സാക്ഷ്യം നല്കാനുള്ള ഓരോ ക്രിസ്ത്യാനിയുടെയും വിളി.

ശിഷ്യരെ ലോകത്തിലേക്കു അയക്കുക എന്നതാണ് യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ. അവർ എവിടെ പോയാലും, എവിടെ

ആയിരുന്നാലും, തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ കൃപാവര ത്താൽ ശിഷ്യർ യേശുവിനു സാക്ഷികളായിരിക്കും. പിതാവിന്റെ പ്രേഷിതൻ എന്ന നിലയിൽ (യോഹ 20:21 കാണുക) യേശുവായിരുന്നു ആദ്യം അയക്കപ്പെട്ടത്; യേശുവാണ് പിതാവിന്റെ "വിശ്വസ്തസാക്ഷി" (വെളി 1:5 കാണുക). അതുപോലെ, ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ പ്രേഷിതനും സാക്ഷിയും ആകാൻ വിളിക്കപ്പെട്ടിരി ക്കുന്നു. ക്രിസ്തുവിന്റെ ശിഷ്യരുടെ സമൂഹമായ സഭയ്ക്ക് ലോകം മുഴുവനും സുവിശേഷം എത്തിച്ചുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്നതിലുപരി മറ്റൊരു ദൗത്യമില്ല. സഭയുടെ സ്വത്വംതന്നെ സുവിശേഷപ്രഘോഷണം എന്നതാണ്.

"നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" എന്ന വചനത്തിന്റെ അൽപം ആഴത്തിലുള്ള വിചിന്തനം ക്രിസ്തുവിന്റെ അനുയായികൾക്ക് ഏല്പിച്ചുകൊടുത്തിരിക്കുന്ന ദൗത്യത്തിന്റെ കാലികമായ ചില അംശങ്ങളിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കും. ഇതിലെ ബഹുവചനരൂപത്തിലുള്ള ക്രിയാപദം ശിഷ്യരുടെ പ്രേഷിത ദൗത്യത്തിന്റെ സാമൂഹ്യവും സഭാപരവുമായ ലക്ഷണത്തിനു ഊന്നൽ നൽകുന്നു. സഭയിലും സഭയുടെ നിർദേശത്താലും, ജ്ഞാനസ്നം സ്വീകരിച്ച ഓരോ ആളും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടി രിക്കുന്നു. ആകയാൽ, എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവഹിക്കുന്നത്; ഓരോരുത്തരും താന്താങ്ങളുടെ രീതിയിലല്ല; അത് സഭാസമൂഹവുമായുള്ള കൂട്ടയ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയുടെ സ്വന്തം താത്പര്യത്താലല്ല. ചില പ്രത്യേക സാഹചര്യത്തിൽ ഒരു വ്യക്തി സ്വന്തം താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിപരമായി ഈ ദൗത്യം ചെയ്യുമ്പോൾത്തന്നെയും, അയാൾ എപ്പോഴും സഭയു മായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് ചെയ്യേണ്ടത്. കാരണം, സഭയാണ് അയാളെ അത് ഭരമേല്പിച്ചത്. എനിക്ക് ഏറ്റവും പ്രിയപ്പെട്ടതായ "സുവിശേഷപ്രഘോഷണം" (Evangelii Nuntiandi) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ പോൾ ആറാമൻ ഇപ്രകാരം പഠിപ്പിച്ചു: "സുവിശേഷ പ്രഘോഷണം എന്നത് വ്യക്തി പരവും ഒറ്റപ്പെട്ടതുമായ ഒരു പ്രവൃത്തിയല്ല; അത് അതീവ സഭാത്മകമാണ്. ഏറെ അജ്ഞാതനായ ഒരു സുവിശേഷ പ്രഘോഷ കൻ, അത് ഒരു ഉപദേശിയോ അജപാലകനോ ആയിക്കൊള്ളട്ടെ, ഒരു വിദൂരദേശത്ത് സുവിശേഷം പ്രഘോഷിക്കുമ്പോൾ, അങ്ങനെ തന്റെ ചെറിയ സമൂഹത്തെ ഒരുമിച്ചുകൂട്ടുമ്പോൾ, ഒരു കൂദാശ നല്കുമ്പോൾ, അയാൾ ഒറ്റയ്ക്കാണെങ്കിലും, ഒരു സഭാത്മക പ്രവൃത്തിയാണ് ചെയ്യുന്നത്; അയാളുടെ പ്രവൃത്തി, സ്ഥാപനസംബന്ധമായ ബന്ധ ത്താൽ സഭമുഴുവന്റെയും സുവിശേഷപ്രഘോഷണ പ്രക്രിയയുമായി നിശ്ചയമായും ബന്ധപ്പെട്ടിരിക്കുന്നു. എന്നുമാത്രമല്ല, കൃപാവരത്തിന്റെ

ക്രമംവഴിയായി അദൃശ്യമാംവിധം സഭയുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതായത്, തനിക്കുമാത്രം ലഭിച്ചിരിക്കുന്ന ഒരു ദൗത്യത്താലോ വ്യക്തിപരമായ ഒരു പ്രചോദനത്താലോ അല്ല അയാൾ പ്രവർത്തിക്കുന്നത്" (ഖ. 60). കർത്താവായ യേശു രണ്ടുപേരെവീതം പ്രേഷിതദൗത്യവുമായി പറഞ്ഞയച്ചത് അവിചാരിതമായിട്ടായിരുന്നില്ല; ക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നത് മുഖ്യമായും സാമൂഹ്യമായ വിധത്തിലാണ്. ആകയാൽ, പ്രേഷിതദൗത്യം നിർവഹിക്കുന്നതിൽ ഒരു സഭാസമൂഹത്തിന്റെ സാന്നിദ്ധ്യം, അതിന്റെ അംഗസംഖ്യ എത്ര വലുതായാലും ചെറുതായാലും, അടിസ്ഥാന പ്രാധാന്യം അർഹിക്കുന്നതാണ്. അതിലുപരി, ശിഷ്യർ തങ്ങളുടെ വ്യക്തിപരമായ ജീവിതം ഒരു പ്രേഷിതദൗത്യചൈതന്യത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യപ്പെടുന്നു. യേശു അവരെ ലോകത്തിലേക്കു അയക്കുന്നത് ഒരു പ്രവൃത്തി നിർവഹിക്കാനല്ല, പ്രത്യുത തങ്ങളെ ഭരമേൽപ്പിച്ച ദൗത്യം ജീവിക്കാനത്രേ; അവർ സാക്ഷ്യം നല്കാനല്ല, സാക്ഷികളാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. പൗലോസ് അപ്പസ്തോലന്റെ ഹൃദയസ്പർശിയായ വാക്കുകളിൽ, "യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടത്തെ മരണം ഞങ്ങൾ എല്ലായ്പോഴും ശരീരത്തിൽ സംവഹിക്കുന്നു" (2 കോറി 4:10). പ്രേഷിതദൗത്യത്തിന്റെ അന്തഃസത്ത ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക എന്നതാണ്. അതായത്, പിതാവിനോടും മാനവരാശിയോടുമുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള അവിടത്തെ പീഡാനുഭവത്തിനും, മരണത്തിനും, ഉയിർപ്പിനുമുള്ള സാക്ഷ്യം. തങ്ങളെപ്പോലെ കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യംനല്കാൻ കഴിയുന്ന ഒരാൾതന്നെ യൂദാസിനു പകരമായി വരണമെന്നു (അപ്പ 1:21 കാണുക) അപ്പോസ്തലന്മാർ നിർബന്ധിച്ചത് അവിചാരിതമായിട്ടായിരുന്നില്ല. മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനാണ് നാം സാക്ഷ്യം നല്കേണ്ടത്; അവിടത്തെ ജീവനിലാണ് നാം പങ്കുചേരേണ്ടതും. തങ്ങളെത്തന്നെ പകർന്നുകൊടുക്കാനോ, തങ്ങളുടെ അനുനയനശക്തിയും ഭരണനിർവഹണകഴിവുകളും പ്രദർശിപ്പിക്കാനോ അല്ല ക്രിസ്തുവിന്റെ പ്രേഷിതർ അയക്കപ്പെടുന്നത്. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിനെ അവതരിപ്പിക്കുക എന്നതാണ് അവരുടെ ഉന്നത ബഹുമതി. അതായത്, ആദ്യ അപ്പോസ്തലന്മാർ ചെയ്തതുപോല ആനന്ദത്തോടും ധൈര്യത്തോടും എല്ലാവരോടും അവിടത്തെ രക്ഷയുടെ സദ്വാർത്ത പ്രഘോഷിക്കുക എന്നത്. ആത്യന്തികമായി യഥാർത്ഥസാക്ഷ്യം എന്നു പറയുന്നത് "രക്തസാക്ഷിത്വമാണ്." അതായത്, ക്രിസ്തുവിനുവേണ്ടി അവന്റെയോ അവളുടെയോ ജീവൻ നല്കുക എന്നത്; അവിടന്ന് സ്വന്തം ജീവൻ നമുക്കുവേണ്ടി ദാനമായി നല്കിയതിനു പകരമായി നമ്മുടെ ജീവൻ നല്കുക എന്നത്.

“യേശുവിൽ നിന്നു നമുക്കു ലഭിച്ച സ്നേഹമാണ് സുവിശേഷ പ്രഘോഷണത്തിന്റെ പ്രഥമ കാരണം; നമുക്കു ലഭിച്ച രക്ഷയുടെ അനുഭവം അവിടത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നു” (സുവിശേഷത്തിന്റെ സന്തോഷം, ഖ. 264).

ക്രൈസ്തവ സാക്ഷ്യത്തെക്കുറിച്ച് പറയുമ്പോൾ വിശുദ്ധ പോൾ ആറാമന്റെ നിരീക്ഷണം എക്കാലത്തും സാധുവായി നില്ക്കുന്നു: ‘‘ആധുനിക മനുഷ്യർ അധ്യാപകർക്കുപരി സാക്ഷികളെയാണ് കേൾക്കാനിഷ്ടപ്പെടുന്നത്; അവർ അധ്യാപകരെ കേൾക്കുന്നെങ്കിൽ അവർ സാക്ഷികളായിതിനാലാണ്’ (സുവിശേഷപ്രഘോഷണം, ഖ. 41). അക്കാരണത്താൽ ആധികാരികതയുള്ള ഒരു ക്രിസ്തീയ ജീവിത സാക്ഷ്യം വിശ്വാസകൈമാറ്റത്തിനു അടിസ്ഥാനപരമായി നില്ക്കുന്ന ഒന്നാണ്. അതേസമയം, ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും സന്ദേശത്തെയും പ്രഘോഷിക്കുക എന്നതും തുല്ല്യപ്രാധാന്യം അർഹിക്കുന്നു. പോൾ ആറാമൻ തുടർന്നു പറയുന്നു: “പ്രഘോഷണം, വചനത്തിലധിഷ്ഠിതമായ സന്ദേശത്തിന്റെ പ്രഖ്യാപനം, എപ്പോഴും അനിവാര്യമാണ്... വചനം എപ്പോഴും പ്രസക്തമായി നില്ക്കുന്നു, എന്തെന്നാൽ അത് ദൈവികശക്തി സംവഹിക്കുന്നു. അതിനാലാണ്, ‘വിശ്വാസം കേൾക്കപ്പെടുന്നതിലൂടെയാണ്’ (റോമ 10:17) വരുന്നതെന്ന് വിശുദ്ധ പൗലോസിന്റെ തത്വത്തിനു പ്രസക്തിയുള്ളത്: കേൾക്കപ്പെടുന്ന വചനമാണ് വിശ്വാസത്തിലേക്കു നയിക്കുന്നത്” (സുവിശേഷ പ്രഘോഷണം, ഖ. 42).

ആകയാൽ, സുവിശേഷവൽക്കരണത്തിൽ, ക്രിസ്തീയ ജീവിത മാതൃകയും ക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണവും അവിഭാജ്യ ഘടകങ്ങളാണ്. ഒന്ന് മറ്റൊന്നിന് ഉപകരിക്കുന്നു. പ്രേഷിത ഭാവമുള്ളതായിരിക്കുന്ന ഒരു സമൂഹം ഈ രണ്ടു ശ്വാസകോശങ്ങളിലൂടെയാണ് ശ്വസിക്കേണ്ടത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭയുടെ വളർച്ചയ്ക്കു കാരണമാകുന്ന ശക്തി ക്രിസ്തുവിനു നൽകുന്ന പൂർണവും പൊരുത്തമുള്ളതും സന്തോഷകരവുമായ സാക്ഷ്യമായിരിക്കും. ജീവിതത്തിന്റെ എല്ലാ തുറകളിലും - വാക്കിലും പ്രവൃത്തിയിലും - ക്രിസ്തുവിനു സാക്ഷ്യം നല്കാനായി എല്ലാവരും ആദിമ ക്രൈസ്തവരുടെ സ്ഥൈര്യവും തുറവും ധൈര്യവും (*parrhesia*) ആർജ്ജിക്കാൻ എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

2. ‘‘ഭൂമിയുടെ അതിർത്തിയോളം’’- സാർവത്രിക സുവിശേഷവൽക്കരണ ദൗത്യത്തിന്റെ ശ്വാശ്വത പ്രസക്തി

“ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തിയോളവും” (അപ്പ 1:8) അവർ തനിക്കു സാക്ഷികളായി

അയക്കപ്പെടുന്നു എന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യരോട് പറയുന്നത്. ശിഷ്യരുടെ ദൗത്യത്തിന്റെ സാർവ്വത്രിക ഭാവമാണ് നാം ഇവിടെ വ്യക്തമായി കാണുന്നത്. "കേന്ദ്രപരാന്മുഖമായ" (centrifugal) ഒരു ഭൂമിശാസ്ത്രപര വികാസവും നാം കാണുന്നു; ഏകകേന്ദ്രഭാവ മുള്ള വൃത്തപരിധി എന്ന വിധത്തിലാണ് ഈ ദൗത്യം വിഭാവനം ചെയ്യപ്പെടുന്നത്. അതായത്, യഹൂദപാരമ്പര്യം ലോകത്തിന്റെ കേന്ദ്ര മെന്നു കരുതിയിരുന്ന ജറുസലേമിൽ തുടങ്ങി, ചുറ്റുമുള്ള യൂദയായി ലേക്ക് നീങ്ങി, തുടർന്നു സമരിയായിലേക്കും അങ്ങനെ "ഭൂമിയുടെ അതിർത്തിയോളം." സത്യത്തിൽ, മതപരിവർത്തനം ചെയ്യാനല്ല ശിഷ്യർ അയക്കപ്പെടുന്നത്, പ്രത്യുത പ്രഘോഷിക്കാനാണ്; ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നില്ല. ഈ തരത്തിലുള്ള പ്രേഷിതവി കാസത്തെക്കുറിച്ച് അപ്പസ്തോലപ്രവർത്തനങ്ങൾ പറയുന്നു. തന്റെ സവിശേഷമായ സാഹചര്യങ്ങളിൽ ദൈവിക പരിപാലനയാൽ നിയ ന്ത്രിക്കപ്പെട്ട്, കർത്താവായ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക എന്ന തന്റെ വിളിയോട് വിശ്വസ്തതപുലർത്തിക്കൊണ്ട് മുന്നിട്ടിറങ്ങുന്ന സഭ യുടെ ശ്രദ്ധേയമായ ചിത്രം അപ്പസ്തോലപ്രവർത്തനങ്ങൾ അവതരി പ്പിക്കുന്നു. ജറുസലേമിൽ പീഡിപ്പിക്കപ്പെട്ടതിനാൽ യൂദയാ മുഴുവനിലും സമരിയയിലും ചിതറിക്കപ്പെട്ട ആദിമ ക്രൈസ്തവർ എല്ലായിടത്തും യേശുവിന് സാക്ഷ്യം നല്കി (അപ്പ 8: 1, 4 കാണുക).

അതിനു സമാനമായത് നമ്മുടെ ഈ നാളുകളിലും നടക്കുന്നു. മത പീഡനത്താലും യുദ്ധത്തിന്റെയും അക്രമത്തിന്റെയും കാരണങ്ങളാലും ഒരുപാട് ക്രൈസ്തവർ ഞങ്ങളുടെ സ്വന്തം നാടുകളിൽനിന്നു അന്യ രാജ്യങ്ങളിലേക്കു പലായനം ചെയ്യാൻ നിർബന്ധിതരാകുന്നു. എന്നാൽ, തങ്ങളുടെ സഹനത്തിന്റേതായ തടവറകളിൽ സ്വയം അട യ്ക്കപ്പെടാതെ തങ്ങളെ സ്വീകരിക്കുന്ന രാജ്യങ്ങളിൽ ക്രിസ്തുവിനും ദൈവസ്നേഹത്തിനും സാക്ഷ്യം വഹിക്കുന്ന ഈ സഹോദരീസഹോ ദരന്മാരോട് നാം കൃതജ്ഞതാഭരിതരാണ്. ആകയാൽ, "തങ്ങളെ സ്വീക രിക്കുന്ന രാജ്യങ്ങളിൽ കുടിയേറ്റക്കാർ ചെയ്യേണ്ട ഈ ഉത്തരവാദിത്വം" ഏറ്റെടുക്കാൻ വിശുദ്ധ പോൾ ആറാമൻ അവരെ പ്രോത്സാഹിപ്പിക്കു കയുണ്ടായി (സുവിശേഷപ്രഘോഷണം ഖ. 21). വിവിധ രാഷ്ട്രങ്ങ ളിൽനിന്നുള്ള വിശ്വാസികളുടെ സാന്നിദ്ധ്യം എപ്രകാരം ഇടവകകളുടെ മുഖകാന്തി വർദ്ധിപ്പിക്കുന്നതും അവയെ കൂടുതൽ സാർവത്രികവും കൂടുതൽ കാതോലികവും ആക്കിതീർക്കുന്നതുമായ യഥാർത്ഥ്യം നാം വർദ്ധിതമാംവിധം കണ്ടുവരുന്നു. ആയതിനാൽ, കുടിയേറ്റക്കാരുടെ അജപാലനം വളരെ പ്രധാനപ്പെട്ട ഒരു പ്രേഷിതപ്രവർത്തനമായി വില മതിക്കപ്പെടേണ്ടതാണ്; അത് തദ്ദേശ വിശ്വാസികളെ തങ്ങൾ സ്വീക രിച്ച ക്രിസ്തീയ വിശ്വാസത്തിന്റെ സന്തോഷം വീണ്ടും കണ്ടെത്താൻ സഹായിക്കുന്നതുമായി ഭവിക്കും.

"ഭൂമിയുടെ അതിർത്തിയോളം" എന്ന പ്രയോഗം എക്കാലത്തുമുള്ള യേശുശിഷ്യരെ വെല്ലുവിളിക്കുകയും അവരെ അവിടത്തേക്കു സാക്ഷ്യംനല്കാൻ തങ്ങൾക്കു പരിചിതമായ സ്ഥലങ്ങളിൽനിന്നു പുറത്തേക്കു പോകാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ആധുനിക യാത്രാസൗകര്യങ്ങൾ വളരെ വിപുലമായുണ്ടെങ്കിലും ഭൂമിയുടെ പലയിടങ്ങളിലും ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള സദ്വാർത്തയുടെ പ്രേഷിത സാക്ഷ്യം നടന്നിട്ടില്ല എന്ന യഥാർത്ഥ്യം ശിഷ്യരുടെ പ്രേഷിത ദൗത്യത്തിന്റെ ഭാഗമല്ലാതാകുന്നില്ല. ക്രിസ്തുവിന്റെ സഭ ഭൂമിശാസ്ത്രപരവും, സാമൂഹ്യവും, അസ്തിത്വാത്മകവുമായുള്ള പുതിയ ചക്രവാളങ്ങളിലേക്കും പാർശവൽക്കരിക്കപ്പെട്ട സ്ഥലങ്ങളിലേക്കും മാനുഷീക സാഹചര്യങ്ങളിലേക്കും ഇനിയും "ഇറങ്ങിച്ചെല്ലുന്നത്" തുടരും. അത് എല്ലാ ജനതകളിലെയും സംസ്ക്കാരങ്ങളിലെയും സാമൂഹ്യക്രമങ്ങളിലെയും സ്ത്രീപുരുഷന്മാർക്ക് ക്രിസ്തുവിനെയും അവിടത്തെ സ്നേഹത്തെയും കുറിച്ചുള്ള സാക്ഷ്യം നല്കാനാണ്. ഈ അർഥത്തിൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചതുപോലെ പ്രേഷിത ദൗത്യം എപ്പോഴും ജനതകളോടുള്ള ദൗത്യമാണ് (*missio ad gentes*). ക്രിസ്തുവിന്റെ സ്നേഹത്തിനു സാക്ഷ്യം നല്കാൻ സഭ തന്റെ പരിധികൾക്കപ്പുറം നിരന്തരം മുന്നോട്ട് ശ്രമിച്ചുകൊണ്ടിരിക്കണം. തങ്ങൾ കണ്ടുമുട്ടിയ എല്ലാ സഹോദരിസഹോദരന്മാർക്കും മുമ്പിൽ ക്രിസ്തു സ്നേഹം അവതരിപ്പിക്കാനായി മുന്നോട്ട് ശ്രമിച്ചുകൊണ്ട് തങ്ങളുടെ ജീവിതം സമർപ്പിച്ച അനവധി പ്രേഷിതരെ അനുസ്മരിക്കാനും അവരെപ്രതി കൃതജ്ഞത അർപ്പിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

3. പരിശുദ്ധാത്മാവിൽനിന്ന്, "നിങ്ങൾക്കു ശക്തി ലഭിക്കും." – നമുക്കു എപ്പോഴും ആത്മാവിനാൽ ശക്തി പ്രാപിക്കുകയും നയിക്കപ്പെടുകയും ചെയ്യാം.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യരെ തന്റെ സാക്ഷികളായി നിയോഗിച്ചപ്പോൾ, ഈ വലിയ ഉത്തരവാദിത്വം നിറവേറ്റാനുള്ള കൃപാവരവം അവർക്കു വാഗ്ദാനം ചെയ്തു: "പരിശുദ്ധാത്മാവിൽ നിന്ന് നിങ്ങളുടെമേൽ വരുന്ന ശക്തി നിങ്ങൾ സ്വീകരിക്കും; നിങ്ങൾ എന്റെ സാക്ഷികളായിരിക്കും" (അപ്പ 1:8). അപ്പസ്തോലപ്രവർത്തനത്തിന്റെ വിവരണമനുസരിച്ച്, ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നതിനുശേഷം തന്നെയാണ് ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യസാക്ഷ്യം നടന്നത്. ജറുസലേം നിവാസികളുടെ മുമ്പിൽ വിശുദ്ധ പത്രോസ് നടത്തിയ ആദ്യത്തെ പ്രേഷിതപ്രസംഗം, അഥവാ സുവിശേഷ സന്ദേശ പ്രോഘോഷണം, ലോകത്തെ സുവിശേഷവൽക്കരിച്ചുകൊണ്ട് തന്നെ പിന്തുടർന്നുവന്ന

എല്ലാ ശിഷ്യരുടെയും പ്രവർത്തനത്തിന്റെ ഉദ്ഘാടനമായിരുന്നു. മുമ്പ് ബലഹീനരും ഭയചകിതരും തങ്ങളിൽത്തന്നെ ഒതുങ്ങിയിരുന്നവരുമായ അവർക്ക് എല്ലാവരുടെയും മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം നല്കാനുള്ള ശക്തിയും ധൈര്യവും ജ്ഞാനവും പരിശുദ്ധാത്മാവ് നല്കി.

'യേശു കർത്താവാണ്' എന്നു പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പറയുക സാധ്യമല്ലാത്തതു"(1 കൊറി 12:3) പോലെ, പരിശുദ്ധാത്മാവിന്റെ പ്രചോദനവും സഹായം കൂടാതെ ക്രിസ്തുവിനു പൂർണവും ആധികാരികവുമായ വിധത്തിൽ സാക്ഷ്യംവഹിക്കാൻ ഒരു ക്രിസ്ത്യാനിക്കും സാധിക്കില്ല. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന്റെ പ്രാധാന്യം ക്രിസ്തുവിന്റെ എല്ലാ പ്രേഷിതശിഷ്യരും തിരിച്ചറിയേണ്ടതുണ്ട്. അവർ ആത്മാവിന്റെ സവിധേ എല്ലാ ദിവസവും നില്ക്കുകയും അവിടത്തെ നിരന്തര ശക്തിയും മാർഗനിർദ്ദേശവും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. നമ്മൾ ക്ഷീണിതരും നിരുത്സാഹികളും ആശയകുഴപ്പത്തിലായവരും ആകുമ്പോഴാണ് പ്രാർത്ഥനയിലൂടെ ആത്മാവിനെ സ്വീകരിക്കേണ്ടത്. പ്രേഷിതപ്രവർത്തന ജീവിതശൈലിയിൽ പ്രാർത്ഥനയ്ക്ക് അടിസ്ഥാന പരമായ ഒരു ഭാഗമുണ്ട് എന്ന കാര്യം ഞാൻ ഊന്നിപ്പറയട്ടെ. കാരണം, അത് നമ്മെ ഉന്മേഷഭരിതരും ആത്മാവിൽ ബലപ്പെട്ടവരും ആക്കിത്തീർക്കും; എന്തെന്നാൽ, ക്രിസ്തുവിന്റെ ജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിലുള്ള നവീകൃത ചൈതന്യത്തിന്റെയും സന്തോഷത്തിന്റെയും അക്ഷയമായ ദൈവിക സ്രോതസ്സാണ് പരിശുദ്ധാത്മാവ്. "ആത്മാവിന്റെ സന്തോഷം സ്വീകരിക്കുക എന്നത് കൃപാവരമാണ്. മാത്രമല്ല, സുവിശേഷം പ്രസംഗിക്കാനും, കർത്താവിലുള്ള വിശ്വാസം ഏറ്റുപറയാനും നമ്മെ പ്രാപ്തരാക്കുന്ന ഏകശക്തി അതാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, മേയ് 21, 2020). ആകയാൽ, ആത്മാവാണ് പ്രേഷിതപ്രവർത്തനത്തിലെ മുഖ്യകഥാപാത്രം. ആത്മാവാണ് ശരിയായ രീതിയിൽ, ശരിയായ സമയത്ത് ശരിയായ വാക്ക് നല്കുന്നത്.

ആത്മാവിന്റെ ഈ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് 2022-ൽ ആഘോഷിക്കപ്പെടേണ്ട മിഷനറി വാർഷികങ്ങളെകുറിച്ച് പര്യാലോചിക്കേണ്ടത്. പുതിയ ഭൂപ്രദേശങ്ങളിൽ പ്രേഷിതദൗത്യം നിറവേറ്റണ്ടതിന്റെ താത്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് 1622-ൽ "ദെ പ്രൊപ്പഗാന്ത ഫീദേയ്" (*De Propaganda Fidei*) എന്ന തിരുസംഘം സ്ഥാപിച്ചത്. അത് പരിപാലനയുടെതായ ഒരു ദീർഘദൃഷ്ടി ആയിരുന്നു! ഭൗതിക അധികാരികളുടെ ഇടപെടൽകൂടാതെ തീർത്തും സ്വതന്ത്രമായ രീതിയിൽ സഭയുടെ സുവിശേഷവൽക്കരണ ദൗത്യം നിറവേറ്റുന്നതിൽ അത് നിർണായകമായി ഭവിച്ചു; ഇന്ന് വളരെയേറെ ഓജസ്സ് പ്രകാശിപ്പിക്കുന്ന പ്രാദേശിക സഭകൾ

സ്ഥാപിക്കപ്പെടാൻ അത് കാരണമായി. കഴിഞ്ഞ നാല് നൂറ്റാണ്ടുകളിൽ എന്നപോലെ, ഈ തിരുസംഘം സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും സംഘടിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി തുടരുകയും തീക്ഷ്ണതരമാക്കുകയും ചെയ്യുമെന്നാണ് നാം പ്രത്യാശിക്കുന്നത്.

സാർവത്രിക സഭയെ നയിക്കുന്ന അതേ ആത്മാവ്തന്നെയാണ് സാധാരണ സ്ത്രീപുരുഷന്മാരെ അസാധാരണമായ പ്രേഷിത ദൗത്യത്തിനായി പ്രചോദിപ്പിക്കുന്നത്. അങ്ങനെയാണ് പൗളിൻ യാരിക്കോട്ട് എന്ന ഫ്രഞ്ച് യുവതി കൃത്യം ഇരുന്നൂറു വർഷംമുമ്പ് "വിശ്വാസപ്രചാരണത്തിനായുള്ള സംഘം" (The Society for the Propagation of the Faith) സ്ഥാപിച്ചത്. അവൾ ഈ ജൂബിലി വർഷത്തിൽ വാഴ്ത്തപ്പെട്ടവൾ എന്നു വിളിക്കപ്പെടും. അവളുടെ ആരോഗ്യം പരിമിതമായിരുന്നെങ്കിലും, വിശ്വാസികൾക്ക് "ഭൂമിയുടെ അതിർത്തിയോളമുള്ള" പ്രേഷിത പ്രവർത്തനത്തിൽ സജീവമായി പങ്കുചേരാൻ തക്കവിധം, പ്രാർത്ഥനയുടെ ഒരു ശൃംഖലയും പ്രേഷിതർക്കുവേണ്ടി സഹായം സ്വരൂപിക്കാൻ ഒരു സംഘടനയും സ്ഥാപിക്കാനുള്ള ദൈവികപ്രചോദനം അവൾക്കു ലഭിച്ചു. അവളുടെ ഈ അത്യുജ്ജ്വല ആശയമാണ് എല്ലാവർഷവും ലോകപ്രേഷിതദിനം ആചരിക്കാൻ ഇടയാക്കിയത്; അതുവഴിയായി പ്രാദേശിക സമൂഹങ്ങളിൽനിന്നു ലഭിക്കുന്ന ധനം സാർവത്രിക സഭയുടെ മൂലധനത്തിലേക്കു ചേർക്കപ്പെടുകയും പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കാനായി പാപ്പാ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരുണത്തിൽ ഞാൻ ചാൾസ് ദെ ഫോർസിൽ-യാൻസൺ എന്ന ഫ്രഞ്ച് മെത്രാനെയും അനുസ്മരിക്കുന്നു. കുട്ടികളുടെ ഇടയിൽ പ്രേഷിതചൈതന്യം വളർത്തുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ''തിരുബാലസഖ്യം'' (Association of the Holy Childhood) സ്ഥാപിക്കുകയുണ്ടായി. അതിന്റെ അപ്തവാക്യം ഇപ്രകാരമാണ്: ''കുട്ടികൾ കുട്ടികളെ സുവിശേഷവൽക്കരിക്കുന്നു, കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർഥിക്കുന്നു, കുട്ടികൾ ലോകം മുഴുവനുമുള്ള കുട്ടികളെ സഹായിക്കുന്നു." മിഷൻ പ്രദേശങ്ങളിലുള്ള വൈദിക വിദ്യാർത്ഥികളെയും വൈദികരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടെ "വിശുദ്ധ പത്രോസ് അപ്പോസ്തലന്റെ സംഘം" (Society of Saint Peter the Apostle) സ്ഥാപിച്ച ജീൻ ബിഗാർഡിനെയും ഞാൻ ഓർക്കുന്നു. ഈ മൂന്നു മിഷൻ സംഘങ്ങളും "പൊന്തിഫിക്കൽ" ആയി നൂറുവർഷംമുമ്പ് ഉയർത്തപ്പെട്ടു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും സഹായത്താലുമാണ് 150 വർഷംമുമ്പ് ജനിച്ച വാഴ്ത്തപ്പെട്ട പൗളോ മന്നാ ഇന്നത്തെ "പൊന്തിഫിക്കൽ മിഷൻ യൂണിയൻ" (Pontifical

Mission Union) സ്ഥാപിച്ചത്; അത് വൈദികരുടെയും സന്യാസിനീ സന്യാസികളുടെയും ദൈവജനംമുഴുവന്റെയും ഇടയിൽ പ്രേഷിത അവബോധവും ചൈതന്യവും ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. വിശുദ്ധ പോൾ ആറാമൻതന്നെയും ഈ സംഘത്തിന്റെ അംഗ മായിരുന്നു; അദ്ദേഹം അതിനു പേപ്പൽ അംഗീകാരം ഉറപ്പു വരുത്തു കയും ചെയ്തു. ഈ നാല് പൊന്തിഫിക്കൽ മിഷൻ സംഘങ്ങളെക്കുറിച്ച് സംസാരിക്കുന്നത് അവയുടെ ചരിത്രപരമായ വലിയ ഗുണമേന്മ പരിഗ ണിച്ചാണ്. അവർ സാർവത്രിക സഭയിലും പ്രാദേശിക സഭകളിലും സുവിശേഷവൽക്കരണദൗത്യത്തിനു ഉപകരിക്കുന്ന രീതിയിൽ ചെയ്തു വരുന്ന പ്രവൃത്തികളെ ഓർത്തുകൊണ്ട് അവരോടൊപ്പം ആഹ്ലാദി ക്കാൻ, ഈ പ്രത്യേക വർഷത്തിൽ, ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവജനത്തിന്റെ ഇടയിൽ പ്രേഷിത ചൈതന്യം വളർത്തുന്നതിനുള്ള മാർഗം ഈ സംഘങ്ങളിലൂടെ പ്രാദേശിക സഭകൾ കണ്ടെത്തുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്.

പ്രിയ സഹോദരീസഹോദരന്മാരേ, സമ്പൂർണമായും പ്രേഷിത യായ ഒരു സഭയെയും ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനത്തിന്റെ ഒരു പുതിയ കാലഘട്ടത്തെയും ഞാൻ സ്വപ്നം കാണുന്നു. പ്രയാണത്തിലായിരുന്ന ദൈവജനത്തെ സംബന്ധിച്ചു മോശയ്ക്കുണ്ടായിരുന്ന വലിയ അഭിലാഷം ഞാൻ ആവർത്തിക്കുന്നു: "കർത്താവിന്റെ ജനം മുഴുവൻ പ്രവാചകർ ആയിരുന്നെങ്കിൽ!" (സംഖ്യ 11:29). ജ്ഞാനസ്നാനംവഴി നാം എന്തായി ഭവിച്ചോ അത് എല്ലാവരും സഭയിൽ യഥാർത്ഥത്തിൽ ആയിത്തീർന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു; അതായത്, ലോകത്തിന്റെ അതിർത്തികളോളം, പരി ശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രവാചകരും സാക്ഷികളും കർത്താ വിന്റെ പ്രേഷിതരും.

പ്രേഷിത റാണിയായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

2022 ജനുവരി 6-ാം തീയതി, കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവത്തിൽ റോമിലെ ലാറ്ററൻ ദേവാലയത്തിൽവച്ച് നല്ക പ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: ഈ സർക്കുലർ 2022 ഒക്ടോബർ 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3783/K-5/KCBC/OL/DS 20.09.2022

# കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് NDPS (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരിസംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്തതോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീയുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെകുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, മറിച്ച് കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ

സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധിഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു ലക്ഷ്യത്തോടു കൂടി ഈ സാമൂഹ്യ വിപത്തിന്റെ ഭീകരതയെ മനസിലാക്കാനും ഇതിന്റെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

**ലഹരിമരുന്നുകളുടെ വ്യാപനം**

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറുകയാണ്. നമ്മുടെ തുറമുഖങ്ങളിൽ നിന്നും വിമാനത്താവളങ്ങളിൽ നിന്നും പിടിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളും, നഗര, ഗ്രാമവ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കുമരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസുകളും ഇത് വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്നതെന്നതാണ് വാസ്തവം.

**സഭയുടെ നിലപാട്**

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016-ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കാനും, നൈമിഷിക സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും നയിക്കുന്നു.

മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നുകാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെ

യും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

**പ്രായോഗിക സമീപനങ്ങൾ**

നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ മാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

**കുടുംബതലം**

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

**സംഘടനാതലം**

മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളികളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും

ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻ നിറുത്തി സംഘടനാതലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്. അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതുസ്ഥലങ്ങളും മയക്കുമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളുമായി യോജിച്ചു പ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

### വിദ്യാഭ്യാസ സ്ഥാപനങ്ങൾ

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും

പരിസരപ്രദേശങ്ങളിലും ലഹരിപദാർഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരിചിതരെയും നിരീക്ഷണ വിധേയമാക്കണം. മാത്രമല്ല, മയക്കു മരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെ ക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയ ങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ**

സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാ-രൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തി ക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ലാസുക ളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യ മാണ്... വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐ ടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമത ഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹ ത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്ന വരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടു ത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണ

സംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി- 682 025

---

NB: 2022 ഒക്ടോബർ 23-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot. No. 0828/2022

# സിനഡാനന്തര സർക്കുലർ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പതാമത് സിനഡിന്റെ രണ്ടാം സമ്മേളനം ആഗസ്റ്റ് 16 മുതൽ 25 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവ്വം പഠിക്കാനും ദൈവ ഹിതം അന്വേഷിക്കാനുമാണ് സിനഡ് പിതാക്കന്മാർ ശ്രമിച്ചത്.

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സമുചിതമായ രീതിയിൽ വിവിധ രൂപതകളിൽ ആചരി ക്കുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിക്കുക എന്നത് രക്തസാക്ഷിത്വത്തിനു കാരണമാണെന്ന് മാർ തോമാശ്ലീഹായുടെ ജീവിതമാതൃക നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ഭാരതത്തിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളെയും വിവേച നങ്ങളെയും ഈ രക്തസാക്ഷിത്വത്തിന്റെ പശ്ചാത്തലത്തിലാണു നാം മന സ്സിലാക്കേണ്ടത്. വിശ്വാസവഴികളിലെ പ്രതിസന്ധികളിൽ നഷ്ടധൈര്യരാകാ തിരിക്കാനും പ്രേഷിതപ്രവർത്തനങ്ങൾക്കായി പുനരർപ്പണം ചെയ്യാനും മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വസ്മരണ നമ്മെ ശക്തിപ്പെടുത്തും.

**കർഷകരും തീരദേശവാസികളും**

കുടിയേറ്റ കർഷകരും തീരദേശവാസികളും സമാനതകളില്ലാത്ത സങ്ക ടങ്ങളിലൂടെയും ആശങ്കകളിലൂടെയുമാണു കടന്നുപോകുന്നത് എന്ന് സിനഡ് വിലയിരുത്തി. ബഫർസോൺ സംബന്ധിച്ച സുപ്രീം കോടതിയുടെ വിധിയിൽ കർഷകരുടെ ഗുരുതരമായ ആശങ്കകൾ പരിഹരിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ള വീഴ്ചകൾ ദുഃഖകരമാണ്. 1977-ന് മുൻപു പട്ടയം ലഭിച്ച കുടിയേറ്റ കർഷകരെ വനം കയ്യേറിയവരായി ചിത്രീ കരിച്ചു പരമോന്നത നീതിപീഠത്തിനുമുന്നിൽ കേരളസർക്കാർ നൽകിയ സത്യവാങ്മൂലം കുടിയേറ്റ കർഷകരോടുള്ള വെല്ലുവിളിയായിട്ടാണ് അവർ മനസ്സിലാക്കുന്നത്. കർഷകരുടെ ആവശ്യങ്ങളോട് എന്നും വൈമുഖ്യം പു ലർത്തിയിട്ടുള്ള വനം വകുപ്പിനെമാത്രം ഈ കേസിന്റെ നടത്തിപ്പിനായി നിയോഗിച്ചതുതന്നെ അടിസ്ഥാനപരമായ വീഴ്ചയാണ്. ചീഫ് സെക്രട്ടറി യുടെ അദ്ധ്യക്ഷതയിൽ കൃഷി, റവന്യൂ വകുപ്പുകൾക്കൂടി ഉൾപ്പെടുന്ന സമി തിയെ കേസിന്റെ നടത്തിപ്പിനായി നിയോഗിക്കണമെന്നു സീറോ മലബാർ സഭാസിനഡ് കേരളസർക്കാറിനോട് അഭ്യർത്ഥിക്കുന്നു. നിഷ്പക്ഷമായി നീതി നടപ്പിലാക്കാൻ നിർദിഷ്ട ബഫർസോൺ പ്രദേശങ്ങളിലെ ജനപ്രതി

നിധികളെക്കൂടി സമിതിയിൽ ഉൾപ്പെടുത്തണം. കർഷകരുടെ കൃഷിയിടങ്ങളൊന്നും ബഫർസോൺ ആയി പ്രഖ്യാപിക്കപ്പെടുന്ന മേഖലയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താൻ സർക്കാരിനു കഴിയണം.

വൻകിട കമ്പനികൾക്കുവേണ്ടി കുടിയിറക്കപ്പെടുന്ന വിഴിഞ്ഞത്തെ തീരദേശവാസികളുടെ സമരത്തിനു സീറോമലബാർസഭ പൂർണ്ണ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വികസനത്തിന്റെ പേരിൽ തീരദേശവാസികളുടെ വാസസ്ഥലവും ഉപജീവനമാർഗവും നഷ്ടമായിട്ടു വർഷങ്ങളായി. വിഴിഞ്ഞം തുറമുഖത്തിന്റെ പേരിൽ കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനും മത്സ്യബന്ധനമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാനും സർക്കാർ ആത്മാർത്ഥതയോടെ ഇടപെടണം. അതിജീവനത്തിനായി പൊരുതുന്ന തീരദേശവാസികളുടെ സമരത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള പ്രസ്താവനകൾ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് അപലപനീയമാണ്.

പ്രളയക്കെടുതിയിൽ വൻതോതിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകരുടെയും പ്രകൃതിക്ഷോഭങ്ങളിൽ കനത്ത നാശനഷ്ടങ്ങൾ നേരിട്ട മലയോരകർഷകരുടെയും ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളിലെ മനുഷ്യരുടെയും സങ്കടങ്ങൾക്കു പരിഹാരം ആവശ്യമാണ്.

**ഞായറാഴ്ചകൾ പ്രവൃത്തിദിനങ്ങളാക്കുന്നതിൽ പ്രതിഷേധം**

ഫയലുകൾ തീർപ്പാക്കുന്നതിന്റെ മറവിൽ ഞായറാഴ്ചകളെ പ്രവൃത്തിദിവസങ്ങളാക്കുന്ന ഉത്തരവുകൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ആവർത്തിച്ചുണ്ടാകുന്നത് പുനഃപരിശോധിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുന്നു. ക്രൈസ്തവരുടെ ഞായറാഴ്ച ആചരണത്തെ പരിഗണിച്ചുകൊണ്ടുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു പ്രത്യാശിക്കുന്നു. വിവിധ മത്സര, പ്രവേശന പരീക്ഷകൾ ഞായറാഴ്ചകളിൽ ക്രമീകരിക്കുന്നത് ക്രൈസ്തവരായ അപേക്ഷകർക്ക് അവസരം നിഷേധിക്കുന്നതിനു സമാനമാണ്. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പതിവുകളെ മതേതരത്വത്തിന് വിരുദ്ധമായ ചിന്തകളോടെ മാറ്റിമറിക്കാനുള്ള ചില നിക്ഷിപ്ത താത്പര്യക്കാരുടെ നീക്കങ്ങളെ തിരിച്ചറിയാനും തിരുത്താനുമുള്ള ആർജ്ജവത്വം സർക്കാർ പ്രകടമാക്കണം.

**യാമപ്രാർത്ഥനകളുടെ നവീകരണം:** നമ്മുടെ കർത്താവിന്റെ രക്ഷാകര സംഭവങ്ങളിൽ തിരുസഭയോടൊത്ത് ഓരോ യാമത്തിലും പങ്കുചേർന്നു പ്രാർത്ഥിക്കാനുള്ള അവസരമാണ് യാമപ്രാർത്ഥനകൾ പ്രദാനം ചെയ്യുന്നത്. സീറോമലബാർസഭയുടെ യാമപ്രാർത്ഥനകൾ മൂലരൂപത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നവീകരിക്കാനുള്ള പരിശ്രമങ്ങൾ ഒരു വ്യാഴവട്ടക്കാലമായി തുടരുകയായിരുന്നു. ശ്രമകരമായ ഈ ദൗത്യം പൂർത്തിയാക്കി നവീകരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന് സിനഡ് അംഗീകാരം നൽകി. യാത്രകളിലും മറ്റ് അവശ്യസന്ദർഭങ്ങളിലും ഉപയോഗിക്കാനുതകുന്ന ഹ്രസ്വരൂപത്തിലുള്ള യാമപ്രാർത്ഥനാഗ്രന്ഥവും ലഭ്യമാകും. സഭയോടു ചേർന്നു പ്രാർത്ഥിക്കാനും രക്ഷാകരഫലങ്ങൾ അനുദിനം അനുഭവിക്കാനും സഹായക

മായ യാമപ്രാർത്ഥനകൾ വൈദികർക്കും സന്യസ്തർക്കും മാത്രമല്ല എല്ലാ വിശ്വാസികൾക്കും ആത്മീയവളർച്ചക്കു സഹായകമാണ്. യാമപ്രാർത്ഥനകൾ ദൈവജനത്തെ പരിശീലിപ്പിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**എറണാകുളം - അങ്കമാലി അതിരൂപത**

എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതലയുള്ള അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ (sede plena) ആയി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനെ നിയമിച്ചിരിക്കുകയാണല്ലോ. തന്റെ നിയമനപത്രത്തിൽ വ്യക്തമാക്കിയ നിർദ്ദേശങ്ങൾക്കനുസൃതമായി അതിരൂപതയുടെ ഭരണം നിർവ്വഹിക്കാൻ താൻ കടപ്പെട്ടവനാണെന്ന് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സിനഡിനെ അറിയിച്ചു. അതിരൂപതയുടെ കൂട്ടായ്മയും നന്മയും ലക്ഷ്യമാക്കി അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എടുക്കുന്ന എല്ലാ നിലപാടുകൾക്കും സിനഡ് പൂർണ്ണ പിന്തുണ അറിയിച്ചു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി എടുത്ത ഈ തീരുമാനങ്ങളോട് അഭിപ്രായാന്തരങ്ങൾ മറന്ന് ഒരുമനസ്സോടെ സഹകരിക്കണമെന്ന് എറണാകുളംഅങ്കമാലി അതിരൂപതയിലെ എല്ലാ വൈദികരോടും സന്യസ്തരോടും അല്മായസഹോദരങ്ങളോടും സിനഡ് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്. പൈതൃകസ്നേഹത്തോടെയുള്ള മാർപാപ്പയുടെ തീരുമാനത്തിനു മുമ്പിൽ വിയോജിപ്പിന്റെയും എതിർപ്പിന്റെയും ശബ്ദങ്ങൾ അവസാനിപ്പിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

**ആദരങ്ങളും ബഹുമതികളും**: സീറോമലബാർസഭയുടെ ആരാധനാക്രമരംഗത്ത് നിസ്തുലമായ സംഭാവനകൾ നൽകുന്നവരെ ആദരിക്കാനായി പൗരസ്ത്യരത്നം അവാർഡ് ഏർപ്പെടുത്താൻ സിനഡ് തീരുമാനിച്ചു. നമ്മുടെ സഭയുടെ ആരാധനാക്രമപൈതൃകങ്ങളെ സംരക്ഷിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവാണ് പൗരസ്ത്യരത്നം അവാർഡിന് ആദ്യമായി അർഹനായിരിക്കുന്നത്. നവതിയുടെ നിറവിലായിരിക്കുന്ന അവാർഡുജേതാവിനു സഭയുടെ മുഴുവൻ അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു!

സാമൂഹികസേവനരംഗത്തെ നിസ്വാർത്ഥസേവനങ്ങളെ ആദരിക്കാനായി ഏർപ്പെടുത്തിയ അവാർഡിന് ഈ വർഷം അർഹരായിരിക്കുന്നത് ചങ്ങനാശ്ശേരി അതിരൂപതാംഗമായ നവജീവൻ ട്രസ്റ്റിലെ ശ്രീ. പി.യു. തോമസും മാനന്തവാടി രൂപതയിലെ ഫാ. ജോസഫ് ചിറ്റൂരും ജഗ്ദൽപൂർ രൂപതയിലെ ദീൻബന്ധു സമാജ് സന്യാസസമൂഹാംഗമായ സിസ്റ്റർ ലിസ്സെറ്റുമാണ്. അവാർഡ് ജേതാക്കളുടെ സമാനതകളില്ലാത്തസാമൂഹിക പ്രതിബദ്ധതയെ സിനഡ് ആദരപൂർവ്വം അനുസ്മരിക്കുന്നു.

**പുതിയ ഇടയന്മാർ:** ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ഷംഷാബാദ് രൂപതയുടെ അതിർത്തികൾ ഇതര സീറോമലബാർ രൂപതകളുടെ അതിർത്തികളുമായി പുനഃക്രമീകരിക്കേണ്ടത് ആവശ്യ

മാണെന്ന് സിനഡ് വിലയിരുത്തി. ശ്ലൈഹിക സിംഹാസനത്തിന്റെ അനുമതിയോടെ ഇക്കാര്യം നടപ്പിൽ വരുത്തുന്നതാണ്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമപദ്ധതികൾ സിനഡ് ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിവിശാലമായ ഷംഷാബാദ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളും പ്രവാസികളുടെ അജപാലനവും സുഗമമാക്കുന്നതിനായി പ്രസ്തുത രൂപതയ്ക്കായി ഒരു സഹായമെത്രാന്മാരെ സിനഡ് തെരഞ്ഞെടുത്തു. പാലാ രൂപതയിലെ വൈദികനായ ഫാ. ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ വൈദികനായ ഫാ. തോമസ് പാടിയത്ത് എന്നിവരാണ് ഷംഷാബാദ് രൂപതയുടെ പുതിയ സഹായമെത്രാന്മാരായി നിയമിതരായി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനും പുതിയ സഹായമെത്രാന്മാർക്കും ഷംഷാബാദ് രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ ആശംസിക്കുന്നു. ഷംഷാബാദ് രൂപതയുടെ സ്ഥാപനത്തിലൂടെ ഭാരതം മുഴുവനിലും പ്രവർത്തനം വ്യാപിപ്പിക്കാൻ പുതിയ ക്രമീകരണങ്ങളിലൂടെ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

1973-ൽ ആരംഭിച്ച മാനന്തവാടി രൂപത കേരളത്തിലെ മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലും തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും വ്യാപിച്ചതാണ്. വിശാലമായ ഈ രൂപതയുടെ അജപാലന നിർവഹണത്തിന് ഒരു സഹായമെത്രാനെ ആവശ്യമാണെന്ന രൂപതാദ്ധ്യക്ഷന്റെ അഭ്യർത്ഥന അംഗീകരിച്ച സിനഡ് തലശ്ശേരി അതിരൂപതാംഗമായ ഫാ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായമെത്രാനായി തെരഞ്ഞെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിനും പുതിയ സഹായമെത്രാനും മാനന്തവാടി രൂപതയ്ക്കും പ്രാർത്ഥനാനിർഭരമായ ഭാവുകങ്ങൾ നേരുന്നു. ചിക്കാഗോ രൂപതയുടെ സഹായമെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോയി ആലപ്പാട്ട് പിതാവിനെ പ്രസ്തുത രൂപതയുടെ മെത്രാനായി ഫ്രാൻസീസ് മാർപ്പാപ്പ നിയോഗിച്ചു. പുതിയ ഇടയനും ചിക്കാഗോ രൂപതയ്ക്കും അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. തന്റെ സഭയിലെ ശുശ്രൂഷയ്ക്കായി അനുയോജ്യരായ ഇടയന്മാരെ നൽകുന്ന നല്ല ദൈവത്തിനു നമുക്ക് നന്ദി പറയാം.

**വിരമിക്കൽ:** ചിക്കാഗോ രൂപതയുടെ മെത്രാനായി രണ്ടുപതിറ്റാണ്ടിലേറെ ശുശ്രൂഷ ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവ് 75 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് സഭാനിയമപ്രകാരം നൽകിയ രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. ഇല്ലായ്മ കളുടെ നടുവിൽനിന്നു ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയെ വളർത്തിയെടുത്തത് അഭിവന്ദ്യ പിതാവിന്റെ ക്രാന്തദർശനവും ദൈവാശ്രയബോധത്തിലൂന്നിയുള്ള കഠിനാദ്ധ്വാനവുമാണ്. അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ നിസ്തുലമായ സേവനത്തെ സിനഡ് ആദരപൂർവ്വം ഓർമിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി സ്ഥാനത്തുനിന്നു വിരമിച്ച അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവിന്റെ സേവനങ്ങളെയും സിനഡ് കൃതജ്ഞതയോടെ സ്മരിക്കുന്നു. സീറോമലബാർസഭയുടെ മെത്രാൻ സിനഡിന്റെ

സെക്രട്ടറി എന്ന നിലയിൽ അഭിവന്ദ്യ പിതാവു കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ചെയ്ത സേവനം ശ്ലാഘനീയമാണ്.

പാലാ രൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തിരുന്ന അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് സന്യാസജീവിതത്തോടുള്ള താല്പര്യത്താൽ ശുശ്രൂഷയിൽനിന്നു വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് രാജി സമർപ്പിച്ചു. വിശദമായ ചർച്ചകൾക്കും പ്രാർത്ഥനകൾക്കുംശേഷം അഭിവന്ദ്യ മാർ മുരിക്കൻ പിതാവിന്റെ രാജി പെർമനന്റ് സിനഡിന്റെ അനുവാദത്തോടെ മേജർ ആർച്ചുബിഷപ്പു സ്വീകരിച്ചു. കഴിഞ്ഞ പത്തുവർഷങ്ങളായി പാലാ രൂപതയുടെ സഹായമെത്രാനെന്നനിലയിലും സിനഡിന്റെ വിവിധ കമ്മീഷനുകളിലെ അംഗമെന്നനിലയിലും അഭിവന്ദ്യപിതാവു നൽകിയ നിസ്തുലങ്ങളായ സേവനങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള താപസജീവിതവഴികളിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു!

**യുവജനപ്രേഷിതത്വം**

സഭയുടെ ശക്തിയായ യുവജനങ്ങളുടെ അജപാലനം ഈ സിനഡിന്റെ മുഖ്യ ചർച്ചാവിഷയങ്ങളിൽ ഒന്നായിരുന്നു. യുവജനങ്ങളോടൊത്തു സഞ്ചരിക്കുന്ന സഭയായി നാം മാറേണ്ടതുണ്ടെന്നു സിനഡ് വിലയിരുത്തി. ഇന്ത്യയ്ക്കു പുറത്തുള്ള നാലു സീറോമലബാർ രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലേയും യുവജനങ്ങൾ സംയുക്തമായി റോമിൽ നടത്തിയ സമ്മേളനം (Arise 2022) ഏറെ പ്രതീക്ഷ പകരുന്നതാണ്.

പ്രതിസന്ധികൾക്കുനടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്ക് നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. പിതാവായ ദൈവത്തിന്റെ അതിരില്ലാത്ത സ്നേഹവും നമ്മുടെ കർത്താവീശോമിശിഹായുടെ നിരന്തരസാന്നിധ്യവും പരിശുദ്ധാത്മാവിന്റെ കൃപയാർന്ന പരിപാലനയും നമ്മോടുകൂടെ എന്നുമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ സർക്കുലർ 2022 സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച സീറോ മലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും വിശുദ്ധ കുർബാന മധ്യേ വായിച്ചതാണ്.




**1. പുതിയ നിയമനങ്ങൾ**

1. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ - വികാരി, മാടത്തിൽ
2. ഫാ. പയസ് അരീക്കാട്ട് - വികാരി, രണ്ടാംകടവ്
3. ഫാ. ജോസഫ് (എഡ്വിൻ)കോയിപ്പുറം - വികാരി, അറബി
4. ഫാ. ലൂക്കോസ് മറ്റപ്പിള്ളി - ബാലേശുഗിരി
5. ഫാ. ജോസഫ് ആനക്കല്ലിൽ - വികാരി, പടിയൂർ
6. ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ – അസി. വികാരി, തോമാപുരം
7. ഫാ. ആന്റണി മറ്റക്കോട്ടിൽ - അസി. വികാരി, ചെമ്പന്തൊട്ടി

**2. അഭിനന്ദനങ്ങൾ**

a) ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ : സെപ്റ്റംബർ 10 തീയതി അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിൽ നിന്നും വൈദിക പട്ടം സ്വീകരിച്ച ബഹു. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചന് തലശ്ശേരി അതിരൂപതാ വൈദികകൂട്ടായ്മയിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. തോമാപുരത്ത് അസി. വികാരിയായി പൗരോഹിത്യ ജീവിതം ആരംഭിച്ചിരിക്കുന്ന പ്രിയപ്പെട്ട സെബാസ്റ്റ്യനച്ചന് അനുമോദനങ്ങളും ആശംസകളും.

b) അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ സെക്രട്ടറിയും വൈസ് ചാൻസലറുമായി സ്തുത്യർഹമായ സേവനം കാഴ്ചവച്ച ബഹു. ജേക്കബ് വട്ടുകുളം അച്ചനും അശാൻകവല പള്ളിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ബഹു. കുര്യക്കോസ് കാരക്കാട്ട് അച്ചനും തലശ്ശേരി മൈനർ സെമിനാരിയിൽ വൈസ് റെക്ടറും പ്രൊക്യുറേറ്ററുമായി ശുശ്രൂഷ ചെയ്തിരുന്ന ബഹു. ജോസഫ് പൊട്ടനാനി അച്ചനും റോമിൽ വിവിധ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിനായി യാത്രയായി. നമ്മുടെ പ്രിയപ്പെട്ട അച്ചന്മാർക്ക് അനുമോദനങ്ങളും ആശംസകളും.

c) സീറോമലബാർ സഭയുടെ ലിറ്റർജിക്കൽ കമ്മീഷന്റെ കീഴിലുള്ള സി. എൽ. സി (Central Litergical Committee) ലേക്ക് നമ്മുടെ അതിരൂപതയെ പ്രതിനിധീകരിച്ച് റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോസ് വെട്ടിക്കൽ എന്നിവരെ അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നു. തോമസ് അച്ചനും ജോസ് അച്ചനും അഭിനന്ദനങ്ങൾ.

d) കാനഡയിലെ മിസിസാഗാ സീറോ മലബാർ രൂപതയിലേക്ക് അജപാലന ശുശ്രൂഷയ്ക്കായി പോകുന്ന ബഹു. ജോസഫ് കുഴിയാനിമറ്റത്തിലച്ചനും അമേരിക്കയിലെ നാഷ്‌വില്ലെ രൂപതയിലേക്ക് അജപാലന ശുശ്രൂഷയ്ക്കായി പോകുന്ന ബഹു. വർക്കി തടത്തിമാക്കലച്ചനും ആശംസകളും പ്രാർത്ഥനകളും നേരുന്നു.

e) തൃശൂർ ചേതന ഇൻസ്റ്റിറ്റ്യൂട്ടിൽ Instramental Music പഠനം ആരംഭിക്കുന്ന മാത്യു വെട്ടുവയലിൽ അച്ചന് ആശംസകൾ.

### 3. അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി

അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായി മിസ്റ്റർ മിഥുൻ നെല്ലിക്കലിനെ നിയമിച്ചു. ഉദയഗിരി ഇടവകാംഗമായ മിഥുൻ വർഷങ്ങളായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്യുകയായിരുന്നു. മിഥുന് അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു. അഭിവന്ദ്യ പിതാവിന്റെ ഓഫീസ് സംബന്ധമായതും പ്രോഗ്രാം സംബന്ധവുമായ കാര്യങ്ങൾക്ക് ഇനി മുതൽ മിഥുനെയാണ് ബന്ധപ്പെടേണ്ടത്.

Ph: Secretary : 9496354843, Personal : 9495947807

### 4. ഫാ. അബ്രാഹം പോണാട്ട്

ചെറുപുഷ്പ മിഷൻലീഗിന്റെ 2022-23 വർഷത്തെ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്ക്കാരം ബഹു. അബ്രാഹം പോണാട്ട് അച്ചനാണ് ലഭിച്ചിരിക്കുന്നത്. പ്രിയപ്പെട്ട പോണാട്ടച്ചന് അഭിനന്ദനങ്ങൾ.

### 5. മിഷൻ ഞായർ

ഒക്ടോബർ 23-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷത്തെ മിഷൻ ഞായർ. മിഷൻ ഞായർ സന്ദേശം എല്ലാ കുടുംബങ്ങളിലും എത്തിക്കുവാൻ ശ്രമിക്കുമല്ലോ. മിഷൻ ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ആഗോളമിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

### 6. പ്രെസ്ബിത്തേരിയം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2022 നവംബർ 3ന് രാവിലെ 10.00 മുതൽ വൈകിട്ട് 4 വരെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ചേരുന്നു. എല്ലാ തലശ്ശേരി അതിരൂപതാ വൈദികരും അതിരൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസവൈദികരും ഈ യോഗത്തിൽ പങ്കെടുക്കണം. പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെയും മറ്റു വൈദിക

രുടെയും കൂടാതെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന വൈദികരുടെയും ജൂബിലി ആഘോഷവും ഈ യോഗത്തോടൊപ്പം നടത്തുന്നുണ്ട്.

## 7. ആദരാഞ്ജലികൾ

**റവ. സി. അനസ്താസിയ ദേവസ്യ മാടത്തുമുറിയിൽ (80):** ഹോളിക്രോസ് സന്യാസ സഭാംഗമായിരുന്ന റവ. സി. അനസ്താസിയ ദേവസ്യ മാടത്തുമുറിയിൽ 2022 സെപ്റ്റംബർ 4-ാം തീയതി നിര്യാതയായി. കല്ലുമുതിരക്കുന്ന് ഹോളി ക്രോസ് കോൺവെന്റിൽ വർഷങ്ങളോളം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരം 2022 സെപ്റ്റംബർ 6-ാം തീയതി കല്ലുമുതിരക്കുന്ന് സെന്റ് ജൂഡ് ദൈവാലയം സെമിത്തേരിയിൽ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.



**റവ. സി. മസരെല്ല (88)** : ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം സെന്റ് ജോസഫസ് പ്രൊവിൻസ് അംഗമായ സി. മേരി മാസരെല്ല (88) 2022 സെപ്റ്റംബർ 11ന് നിര്യാതയായി. പരേത ചങ്ങനാശ്ശേരി അതിരൂപത വെട്ടിമുകൾ ഇടവകയിൽ നരിക്കുഴിയിൽ കുടുംബാംഗമായിരുന്നു. ചെമ്പേരി സ്കൂളിൽ ദീർഘമായ 25 വർഷങ്ങൾ ബഹു. മാസരെല്ല സിസ്റ്റർ സേവനം ചെയ്തു. കണ്ണോത്ത് ഹൈസ്കൂളിൽനിന്ന് വിരമിച്ചതിനുശേഷം പുഷ്പഗിരി, കാഞ്ഞിരടുക്കം എന്നീ സ്കൂളുകളിലും അധ്യാപികയായി ജോലി ചെയ്തു. 2022 സെപ്റ്റംബർ 12ന് അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസ് സെമിത്തേരിയിൽ മൃതസംസ്ക്കാരം നടത്തി. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**റവ. സി. മേരി അലക്കോക്ക് ചെറുവള്ളാത്ത് (81)** : തിരുഹൃദയ സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. മേരി അലക്കോക്ക് ചെറുവള്ളാത്ത് 2022 സെപ്റ്റംബർ 14ന് നിര്യാതയായി. പരേത കോതമംഗലം രൂപതയിലെ അറക്കുളം ഇടവകയിൽനിന്നും ആലക്കോട് കുടിയേറിയ ചെറുവള്ളാത്ത് കുടുംബാംഗമാണ്. പേരാവൂർ, ചുങ്കക്കുന്ന്,



പൈസക്കരി, പുലിക്കുരുമ്പ, കട്ടിപ്പാറ, മണിമൂളി, ആലക്കോട്, നിർമ ലഗിരി, തലശ്ശേരി ബിഷപ്സ് ഹൗസ്, പരിയാരം, കൊന്നക്കാട്, കരുവഞ്ചാൽ ശാന്തിഭവൻ, ബളാൽ, ഇരിട്ടി എന്നീ സ്ഥലങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. 2022 സെപ്റ്റംബർ 15 ന് അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ മൃതസംസ്ക്കാരം നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**കൊച്ചുത്രേസ്യാ പരവരാകത്ത് (97)** : ബഹു. മാത്യു പരവരാകത്ത് അച്ചന്റെ പ്രിയപ്പെട്ട മാതാവ് കൊച്ചുത്രേസ്യാ പരവരാകത്ത് 2022 സെപ്റ്റംബർ 14-ാം തീയതി നിര്യാതയായി. വാർദ്ധക്യസഹജമായ കാരണത്താൽ കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. 2022 സെപ്റ്റംബർ 17-ാം തീയതി അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ രത്നഗിരി ദൈവാലയ സെമിത്തേരിയിൽ മൃതസംസ്ക്കാരം നടന്നു. പ്രിയപ്പെട്ട അമ്മച്ചിയുടെ വേർപാടിൽ ദുഃഖിക്കുന്നവരും മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**റവ. സി. ഗ്രേസി മുള്ളൻമടയ്ക്കൽ (64)** : എം.എസ്.എം.ഐ. കണ്ണൂർ സാൻജോസ് പ്രൊവിൻസ് അംഗമായ സി. ഗ്രേസി മുള്ളൻമടയ്ക്കൽ 2022 സെപ്റ്റംബർ 16-ാം തീയതി നിര്യാതയായി. പൂഴിത്തോട്, കുളത്തുവയൽ, മേരിപുരം, എടപ്പുഴ, രണ്ടാംകടവ്, നെല്ലിക്കുറ്റി, ചന്ദനക്കാംപാറ, മേരിഗിരി എന്നിവിടങ്ങളിൽ അധ്യാപികയായും കണ്ണൂർ, ശ്രീകണ്ഠപുരം എന്നിവിടങ്ങളിൽ സുപ്പീരിയറായും തേർമല ഇടവകയിലും സിസ്റ്റർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2022 സെപ്റ്റംബർ 17-ാം തീയതി നെല്ലിക്കുറ്റി സിയോൻ സെമിത്തേരിയിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



**ശ്രീ. ലൂക്കാച്ചൻ കാരക്കുന്നേൽ (72)** : ബഹു. ജോസഫ് കാരക്കുന്നേൽ അച്ചന്റെ സഹോദരൻ ശ്രീ. ലൂക്കാച്ചൻ കാരക്കുന്നേൽ 2022 സെപ്റ്റംബർ 18-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം 2022 സെപ്റ്റംബർ 19-ാം തീയതി മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോന

ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. കാരക്കുന്നേൽ അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതയുടെ അനുശോചനങ്ങൾ. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**റവ. സി. ആനി തുണ്ടത്തിൽ (62)** : എം.എസ്.എം.ഐ. കണ്ണൂർ സാൻജോസ് പ്രൊവിൻസ് അംഗമായ സി. ആനി തുണ്ടത്തിൽ 2022 സെപ്റ്റംബർ 25 ന് രാവിലെ 8 മണിക്ക് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സിസ്റ്റർ ദീർഘകാലം തലശ്ശേരി, ജമ്മു എന്നിവിടങ്ങളിലെ പ്രസ്സുകളിലും കുളത്തുവയൽ, ചന്ദനക്കാംപാറ, മേരിപുരം എന്നിവിടങ്ങളിൽ സുപ്പീരിയറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൃതസംസ്ക്കാരം 26-09-2022ന് രാവിലെ 11 മണിക്ക് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമ്മികത്വത്തിൽ നെല്ലിക്കുറ്റി സിയോനിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.



## 8. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ബർത്തലോമിയോ മഴുവഞ്ചേരി സി.എം.ഐ. | - 01-10-2006 |
| 2. | റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ | - 04-10-1994 |
| 3. | റവ. ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് | - 06-10-2017 |
| 4. | റവ. ഫാ. ജോസഫ് കച്ചിറമറ്റം | - 07-10-2001 |
| 5. | റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ | - 21-10-2013 |
| 6. | റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. | - 23-10-1982 |
| 7. | റവ. ഫാ. മാത്യു കാനക്കാട്ട് | - 24-10-2007 |
| 8. | റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി | - 26-10-2010 |
| 9. | റവ. ഫാ. അഡ്രിയാൻ സി.എം.ഐ. | - 26-10-1978 |
| 10. | റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. | - 28-10-1986 |
| 11. | റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ | - 30-10-2002 |
| 12. | റവ. ഫാ. ജോസഫ് മാണിക്കത്താഴെ | - 27-10-2020 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# കേരളസഭാ നവീകരണം 2022 – 2025
# അതിരൂപതാതല കർമ്മപരിപാടികൾ

**ആമുഖം**

ആഗോളസഭ ഒരു നവീകരണ കാലഘട്ടത്തെ സ്വപ്നം കണ്ട് ഒരുങ്ങുകയാണ്. ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്ന ആപ്തവാക്യത്തോടെ ഒരുങ്ങുമ്പോൾ കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് ശുശ്രൂഷകൾ കാലികമാക്കുക എന്നതാണ് ലക്ഷ്യം വക്കുന്നത്.

കേരളസഭ 2022 ജൂൺ 5 പന്തക്കുസ്ത തിരുനാൾ മുതൽ 2025 ജൂൺ 8 പന്തക്കുസ്ത തിരുനാൾ വരെ സഭാനവീകരണ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതിന്റെ അടിസ്ഥാനത്തിൽ അതിരൂപതയുടെ സമഗ്രനവീകരണം ലക്ഷ്യം വച്ചുകൊണ്ട് എല്ലാ ഇടവകയിലും ധ്യാനം നടത്തുകയാണ്. കൃപയുടെ നിറവുള്ള ഒരു വിശ്വാസ സമൂഹത്തെ രൂപപ്പെടുത്തുക, ഇടവകാകൂട്ടായ്മയും സഭാത്മക ജീവിതവും ശക്തിപ്പെടുത്തുക, നവ അജപാലന കർമ്മപദ്ധതിയിലൂടെ ദൈവോന്മുഖമായ ഒരു ജനതയെ രൂപീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വക്കുന്നത്.

**ആപ്തവാക്യം :** സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം

**അതിരൂപതാതല കർമ്മപരിപാടികൾ**

1. ഇടവകാ നവീകരണ ധ്യാനം
2. കുടുംബനവീകരണ സെമിനാർ
3. അതിരൂപതാതല ബൈബിൾ കലോത്സവം
4. യുവജന തുടർ വിശ്വാസപരിശീലനം
5. ശില്പശാലകൾ
6. സംഘടനകളുടെ ഏകീകരണ പ്രവർത്തനങ്ങൾ

സഭാനവീകരണത്തിന്റെ 1000 ദിന കർമ്മപദ്ധതികളിൽ പ്രഥമ പദ്ധതി ഇടവകാനവീകരണ ധ്യാനമാണ്.

**ഒരുക്കം**

രണ്ടുമാസത്തെ ഒരുക്കം, തുടർന്ന് ധ്യാനം

ആദ്യമാസം - വീട് വെഞ്ചരിപ്പ് : വികാരിയച്ചന്റെ നേതൃത്വം

രണ്ടാം മാസം - ഹോം മിഷൻ : ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിന്റെ നേതൃത്വം (ഒരാഴ്ചകൊണ്ട് തീരണം) അതിരൂപത കേന്ദ്രത്തിലെ വൈദികർ ഒരു ഞായറാഴ്ച ഇടവകയിൽ വന്ന് ഒരുക്കും. പിതാവിന്റെ ക്ഷണക്കത്ത്, ധ്യാനവിജയപ്രാർത്ഥന അയച്ചുതരും. പ്രിന്റ് എടുത്ത് ഭവനങ്ങളിൽ എത്തിക്കണം, ബാനർ അടിച്ച് ഇടവകയിൽ കെട്ടണം.

**അടുത്ത ഒരുക്കം**

കുടുംബക്കൂട്ടായ്മകൾ, അഖണ്ഡ ജപമാല, ആരാധന, കാറോസൂസ

**ധ്യാനസമയം -** *വ്യാഴം മുതൽ - ഞായർ വരെ*

4.00 PM ജപമാല
4.30 PM ഗാനശുശ്രൂഷ, ഒരുക്കം
4.45 PM വി. കുർബാന
5.45 PM Talk
6.45 PM ഗാനശുശ്രൂഷ, ഇടവേള
7.00 PM Talk
8.00 PM ആരാധന
9.00 PM സമാപനം

**ധ്യാനസമാപന ദിവസം:** അഭിവന്ദ്യ പിതാക്കന്മാർ, ജനറാളച്ചന്മാർ വി. കുർബ്ബാനയ്ക്ക് നേതൃത്വം സൗഖ്യാഭിഷേക ആരാധന, പരിഹാര പ്രദക്ഷിണം (കുടുംബ യൂണിറ്റുകളിൽനിന്നും ദൈവാലയത്തിലേയ്ക്ക് അല്ലെങ്കിൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽനിന്നും പള്ളിയിലേയ്ക്ക്), വിവാഹപ്രതിജ്ഞ നവീകരണം, സ്നേഹവിരുന്ന് etc

**ധ്യാനവിചിന്തന വിഷയങ്ങൾ**

1-ാം ദിവസം - സഭ : വിശ്വസിക്കുന്നവരുടെ സമൂഹം
2-ാം ദിവസം - സഭ : ആരാധിക്കുന്നവരുടെ സമൂഹം
3-ാം ദിവസം - സഭ : സ്നേഹിക്കുന്നവരുടെ സമൂഹം
4-ാം ദിവസം - സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം

**ധ്യാന ടീം**

20 ടീം സജ്ജമാണ് (അതിരൂപത വൈദികർ, സന്യാസ വൈദികർ, സിസ്റ്റേഴ്സ്).

**2022 ലെ ധ്യാനങ്ങൾ**

ഡിസംബർ 01-04 - ചെമ്പേരി ഫൊറോന
ഡിസംബർ 16-18 - മേരിഗിരി ഫൊറോന

**2023 ലെ ധ്യാനങ്ങൾ**

2023 ഫെബ്രുവരി 23-26 - തോമാപുരം ഫൊറോന
2023 മാർച്ച് 09-12 - ചെറുപുഴ ഫൊറോന
മാർച്ച് ഏപ്രിൽ 30-02 - ചെമ്പന്തൊട്ടി ഫൊറോന
2023 ഡിസംബർ 14-17 - എടൂർ ഫൊറോന

**NB:** ധ്യാനസംബന്ധമായ എല്ലാ കാര്യങ്ങൾക്കും ടോം ഓലിക്കരോട്ടച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
കൺവീനർ

**ഫാ. ടോം ഓലിക്കരോട്ട്**
കോർഡിനേറ്റർ

## 09-09-2022 ന് തലശ്ശേരി അതിരൂപത പാസ്റ്ററൽ സെന്റർ സന്ദേശഭവനിൽ ചേർന്ന 2022 -24 കാലയളവിലെ പ്രസ്ബിറ്ററെൽ കൗൺസിലിന്റെ മൂന്നാമത്തെ യോഗ റിപ്പോർട്ട്

2022-24 കാലയളവിലെ തലശ്ശേരി അതിരൂപത വൈദിക സമിതിയുടെ മൂന്നാമത്തെ യോഗം അതിരൂപതാ അധ്യക്ഷൻ അഭിവന്ദ്യ ആർച്ച് ബിഷപ്പ് മർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2022 സെപ്റ്റംബർ 9-ാം തീയതി വെള്ളിയാഴ്ച തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേർന്നു. അതിരൂപത ചാൻസിലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

വികാരി ജനറാൾ ബഹു. മോൺ. മാത്യു ഇളംതുരുത്തിപടവിൽ സ്വാഗതം പറഞ്ഞു. വൈദിക സമിതി സെക്രട്ടറി ഫാദർ ഫിലിപ്പ് കവിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഭേദഗതികൾ കൂടാതെ അംഗങ്ങൾ റിപ്പോർട്ട് അംഗീകരിച്ചു.

അതിരൂപത വൈദിക കൂട്ടായ്മയിൽ നിന്ന് 08-08-2022 ന് സ്വർഗീയ ഭവനത്തിലേക്ക് യാത്രയായ ബഹു. ജോസഫ് വലിയകണ്ടത്തിൽ അച്ചനെ അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. തുടർന്ന് അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കുന്നതിനായി വൈദിക സമിതി പ്രാർത്ഥിച്ചു.

അതിനുശേഷം അഭിവന്ദ്യ പാംപ്ലാനി പിതാവ് വൈദിക സമിതി ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സിനഡാലിറ്റി എന്ന ആശയം കൂടുതലായി ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ഘാടന പ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് എടുത്ത് പറഞ്ഞു. സിനഡാലിറ്റി എന്ന ആശയം ഹൈരാർക്കിയെ നശിപ്പിക്കാനുള്ളതല്ല മറിച്ച് സഭാംഗങ്ങൾ പരസ്പരം കൂടുതൽ മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ഒരു അവസരമാണ്. ഇതിലൂടെ സഭാ സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കും. സിനഡാലിറ്റി എന്ന ആശയത്തെ നയിക്കുന്നത് പരിശുദ്ധാത്മാവ് ആയിരിക്കണം. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെക്കാൾ സഭയുടെ പൊതുവായ നന്മ ആയിരിക്കണം എല്ലാവരുടെയും ലക്ഷ്യം.

തലശ്ശേരി അതിരൂപതയുടെ പ്രിസ്ബിറ്റേറിയത്തിൽ നിന്ന് മോൺ. അലക്സ് താരാമംഗലത്തിനെ മാനന്തവാടി രൂപതയുടെ സഹായ മെത്രാനായി തെരഞ്ഞെടുത്ത സന്തോഷവാർത്ത വൈദിക സമിതിയിൽ അഭിവന്ദ്യ പിതാവ് പങ്കുവെച്ചു. ജർമ്മനിയിൽ ആയിരിക്കുന്ന

നിയുക്ത മെത്രാനെ ഈ മാസം പതിനാലാം തീയതി കോഴിക്കോട് വിമാനത്താവളത്തിൽ സ്വീകരിക്കുന്നതാണ്. മാനന്തവാടി രൂപതയിലെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് സ്ഥാന ചിഹ്നങ്ങൾ ഏറ്റുവാങ്ങി യതിനുശേഷം തലശ്ശേരിയിലേക്ക് കൂട്ടിക്കൊണ്ടുവരുന്നതും സെന്റ് ജോസഫ് കത്തീഡ്രൽ പള്ളിയിൽ പതിനഞ്ചാം തീയതി സ്വീകരണം നൽകുന്നതുമായ കാര്യങ്ങൾ ചർച്ച ചെയ്തു. താരാമംഗലം പിതാവി ന്റെ മെത്രാഭിഷേകം നവംബർ മാസം ഒന്നാം തീയതി ആയിരിക്കും. സെപ്റ്റംബർ മാസം 23ന് തലശ്ശേരിയിൽനിന്ന് നിയുക്തമെത്രാനെ മാനന്തവാടിയിലേക്ക് യാത്രയാക്കുന്നതായിരിക്കും.

തുടർന്ന് നടന്ന ചർച്ചയിൽ സഭാ നവീകരണത്തെക്കുറിച്ച് ബഹു. വികാരി ജനറൽ സെബാസ്റ്റ്യൻ പാലക്കുഴി അച്ചൻ വിഷയാവതരണം നടത്തി. 'സഭ ക്രിസ്തുവിൽ നവീകരിക്കപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിൽ ഊന്നിയ സഭാ നവീകരണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി നടത്താനിരിക്കുന്ന നവീകരണ ധ്യാനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

തുടർന്ന് അജപാലന ഏകോപന സമിതിയുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തേണ്ടത് എങ്ങനെയാണ് എന്ന് സമിതി ചർച്ച ചെയ്തു. ഈ വിഷയത്തെക്കുറിച്ച് ബഹു. ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ ആധികാരികമായി സംസാരിച്ചു. വിവിധ സംഘടനകളുടെ പ്രവർത്തന ങ്ങൾ ഓവർലാപ്പ് ചെയ്യാതെ ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് അംഗങ്ങൾ അഭിപ്രായപ്രകടനങ്ങൾ നടത്തി.

ഓരോ സംഘടനയും വ്യതിരിക്തമായ മത്സരങ്ങൾ നടത്താതെ അതിരൂപത കലോത്സവം എന്ന ആശയം അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. അതിരൂപത കലോത്സവം എന്ന ആശയത്തിന്റെ ഗുണപര മായ വശങ്ങളെക്കുറിച്ച് ബഹു. ടോം ഓലിക്കരോട്ടച്ചൻ സംസാരിച്ചു.

അജപാലന ഏകോപന സമിതിയുടെ ഫൊറോന തലത്തിലുള്ള ഘടകം ഫൊറോന കൗൺസിൽ ആയിരിക്കുമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു. ഫൊറോന കൗൺസിൽ മൂന്നു മാസത്തിൽ ഒരിക്കൽ നിർബന്ധമായും വിളിച്ചു ചേർക്കണം.

അതിരൂപത ചാൻസിലർ ബഹു. ജോസഫ് മുട്ടത്തുകുന്നേൽ അച്ചൻ അജപാലനപരമായ കാര്യങ്ങൾ വൈദിക സമിതിയെ അറിയിച്ചു.

വൈദിക പട്ടം സ്വീകരിച്ച് 15 വർഷത്തിന് താഴെയുള്ളവർ ഒരു തവണയെങ്കിലും (മൂന്നുവർഷം) പഞ്ചാബ് മിഷനിൽ ശുശ്രൂഷ

ചെയ്യേണ്ടതാണ്. പഞ്ചാബ് മിഷനെ സഹായിക്കുന്നതിനുവേണ്ടി ഇടവകകളെ ഗ്രേഡ് തിരിച്ച് തുക നിശ്ചയിക്കുകയും ഈ തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് അതിരൂപത കേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്. മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ മിഷൻ സ്ഥലങ്ങളിൽ തുടങ്ങണം. കോശി കമ്മീഷൻ റിപ്പോർട്ടിലെ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ അതിരൂപതലത്തിൽ ഹെൽപ്പ് ഡെസ്ക് ആരംഭിക്കണം. എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിന് ആവശ്യമായ സാമ്പത്തിക സഹകരണം ക്രമീകരിക്കുന്നതിനായി ഓരോ ഇടവകയിലും ബെനഫാക്ടേഴ്സ് ഗ്രൂപ്പ് സംഘടിപ്പിക്കണം. അതിരൂപതയിൽ പുതിയ പ്രോജക്ടുകൾ തുടങ്ങുന്നതിനുമുമ്പ് അതിന്റെ സാധ്യത പഠനങ്ങൾ നടത്തേണ്ടതാണ്.

വിവിധ വിഷയങ്ങളിലുള്ള ചർച്ചകളിൽ വികാരി ജനറാൾമാരായ പെരിയ ബഹു. മോൺ. ആന്റണി മുതുകുന്നേൽ അച്ചനും മോൺ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചനും ക്രിയാത്മകമായ ഇടപെടലുകൾ നടത്തി.

വൈദിക സമിതിയുടെ യോഗത്തിന് സമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ നന്ദി അറിയിച്ചു.

അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.

**ഫാ. ഫിലിപ്പ് കവിയിൽ**
പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി

## ചെമ്പേരി എൻജിനീയറിങ് കോളജ് ഓഡിറ്റോറിയത്തിൽ 2022 സെപ്റ്റംബർ 24 ന് ചേർന്ന തലശ്ശേരി അതിരൂപതയുടെ 18-ാമത് പാസ്റ്ററൽ കൗൺസിൽ യോഗം റിപ്പോർട്ട്

തലശ്ശേരി അതിരൂപതയുടെ 18-ാമത് പാസ്റ്ററൽ കൗൺസിൽ യോഗം 2022 സെപ്റ്റംബർ 24നു രാവിലെ 10 മുതൽ 4 വരെയുള്ള സമയത്തായി ചെമ്പേരി എൻജിനീയറിങ് കോളജ് ഓഡിറ്റോറിയത്തിൽ ചേർന്നു. കോവിഡ് പ്രതിസന്ധികൾ തീർത്ത ദീർഘകാല ഇടവേളക്കുശേഷമാണ് നേരിട്ടുള്ള സമ്മേളനമായി അതിരൂപതയുടെ പരമോന്നത അജപാലന സമിതിയുടെ സുപ്രധാന യോഗം നടത്തിയത്. ഫാ. ജോസഫ് വടക്കേപ്പറമ്പിലിന്റെ പ്രാർഥനയോടെ ആയിരുന്നു തുടക്കം. ആദ്യ സെക്ഷൻ അഭിവന്ദ്യ ആർച്ച് ബിഷപ്പിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷവും തുടർന്നു പാസ്റ്ററൽ കൗൺസിലും എന്ന നിലയിലായിരുന്നു കാര്യപരിപാടികൾ ക്രമീകരിച്ചത്.

പ്രത്യേകമായി തന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം വേണ്ടെന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നിർബന്ധത്തിനു വഴങ്ങിയാണു പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ ലളിതമായ ആഘോഷം നടത്തിയത്. അതിരൂപതയുടെ പരിച്ഛേദം എന്ന നിലയിൽ അതിരൂപതയുടെ സ്നേഹവായ്പും ആഹ്ലാദവും പാസ്റ്ററൽ കൗൺസിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ആഘോഷത്തിൽ പ്രകടമായി. ഇടയനൊത്ത ആത്മീയതയുടെ നിറവു സൂക്ഷിക്കുന്ന അതിരൂപതയുടെ അഭിമാനമാണ് മാർ ജോസഫ് പാംപ്ലാനിയെന്ന് സ്വാഗത പ്രസംഗത്തിൽ അതിരൂപത വികാരി ജനറൽ (പ്രോട്ടോസിഞ്ചെല്ലൂസ്) മോൺ. ആന്റണി മുതുകുന്നേൽ പറഞ്ഞു. മാർ ജോസഫ് പാംപ്ലാനിയുടെ എല്ലാ രംഗത്തുമുള്ള മികവുകളും മോൺ. ആന്റണി മുതുകുന്നേൽ ചൂണ്ടിക്കാട്ടി. എസ്.എം.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ പവിത്ര, പാസറ്ററൽ കൗൺസിൽ പ്രതിനിധികളായ ജോഷ്വ ഒഴുകയിൽ, ലിൻസി പി. സാം എന്നിവർ ആശംസകൾ നേർന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിലും വിവിധ വകുപ്പ് പ്രതിനിധികളും ആർച്ച് ബിഷപ്പിനെ ആദരിച്ചു. അഭിവന്ദ്യ പിതാവും ഒപ്പം പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന സന്ദേശഭവൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, പൈസക്കരി പള്ളി വികാരി ഫാ. ജോൺ ഓണംകുളം, മദർ ഹോം ഡയറക്ടർ ഫാ. ജെയിംസ് പുത്തൻനട എന്നിവരും ചേർന്നു കേക്ക് മുറിച്ചു. സ്ഥലത്തു

എത്താനാവാത്ത ബാച്ചിൽ രജത ജൂബിലി ആഘോഷിക്കുന്ന മറ്റു വൈദികരായ ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. ജോസഫ് പന്തലാടിക്കൽ, ഫാ. സെബാസ്റ്റ്യൻ മണ്ഡപത്തിൽ, ഫാ. സെബാസ്റ്റ്യൻ ചേന്നോത്ത് എന്നിവരെ അനുസ്മരിച്ചു. എബിൻ സാമുവൽ സ്വന്തം ചിട്ടപ്പെടുത്തിയ സംഗീതം ആലപിച്ചു. ഫാ. സോണി വടശ്ശേരിയുടെ നേതൃത്വത്തിൽ ഡിഎസ്ടി സിസ്റ്റേഴ്സ് ക്രമീകരിച്ച ജൂബിലി ഗാനവും ആലപിച്ചു.

കഴിഞ്ഞ പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് സെക്രട്ടറി ജോർജ് തയ്യിൽ വായിച്ചത് യോഗം അംഗീകരിച്ചു. രാഷ്ട്രദീപിക ലിമിറ്റഡ് ഡയറക്ടറായ പ്രവാസി വ്യവസായി ജോൺ വാഴപ്പള്ളിൽ, ഭാര്യ മഞ്ചു, അതിരൂപതയിൽ വിവിധ മേഖലകളിൽ മികവ് തെളിയിച്ച ഫാ. അബ്രാഹം പോണാട്ട്, കെ.എം. ജോൺ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, കെസിവൈഎം അതിരൂപത പ്രസിഡന്റ് ചിഞ്ചു വി. ജോസഫ് എന്നിവരെ ആദരിച്ചു. സാമുദായിക ശാക്തീകരണം എന്ന വിഷയ ത്തിൽ അതിരൂപതാ പ്രൊക്കുറേറ്റർ ഫാ. ജോസഫ് കാക്കരമറ്റത്തിൽ വിഷയാവതരണം നടത്തി. ശിശുജനന നിരക്കും സമുദായ സാന്നിധ്യവും കുറയുന്നതിന്റെ ഭീതിദമായ കണക്കുകൾ നിരത്തി അദ്ദേഹം നടത്തിയ വിഷയാവതരത്തിനുശേഷം ജെയിസൺ പുളിച്ചുമാക്കൽ, മാർട്ടിൻ തോമാപുരം, സിജോ അമ്പാട്ട്, അജി പാണത്തൂർ, ജോസ് മേമടം, മാത്യു വീട്ടിയാങ്കൽ, ഫാ. ആന്റണി തെക്കേമുറി, ജോഷ്വ ഒഴുകയിൽ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. ഈ വിഷയത്തിൽ കൃത്യമായ പ്രവർത്തന രൂപരേഖ തയാറാക്കാൻ ട്രാക്കിനെ ചുമതലപ്പെടുത്താമെന്നു അഭിവന്ദ്യ ജോസഫ് പാംപ്ലാനി മറുപടി നൽകി.

അതിരൂപതയിൽ 5-ാം ക്ലാസ് മുതൽ വിദ്യാർഥികളെ അനുധാവനം ചെയ്യുകയും മാർഗനിർദേശങ്ങളും സഹായങ്ങളും സ്കോളർഷിപ്പു കളും ഉറപ്പാക്കുകയും ചെയ്യുന്നതു ഉൾപ്പെടെയുള്ള സമഗ്ര ലക്ഷ്യം മുൻനിർത്തി ഹെൽപ് ഡെസ്ക് ആരംഭിക്കേണ്ട ആവശ്യകത സംബന്ധിച്ച് മോൺ. ആന്റണി മുതുകുന്നേൽ വിഷയാവതരണം നടത്തി. ഫാ. അബ്രാഹം മഠത്തിമ്യാലിൽ, ഡോ. എം.ജെ. മാത്യു മണ്ഡപത്തിൽ, ഷോണി കെ. ജോർജ്, സജി വരമ്പുങ്കൽ, ജോസ് ജോർജ് പ്ലാത്തോട്ടം എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. ഹെൽപ് ഡെസ്ക് ഉടൻ ആരംഭിക്കുമെന്നും സമഗ്ര രൂപരേഖയോടെ പരിപാടി നടപ്പാക്കു മെന്നും ആർച്ച് ബിഷപ്പ് മറുപടി നൽകി.

കേരള സഭാനവീകരണം എന്ന വിഷയത്തിൽ വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിഷയാവതരണം നടത്തി. ബെന്നി പുതിയാംപുറം, ബേബി നെട്ടനാനി, സജി വള്ളോപ്പിള്ളി, ഫാ. മാണി മേൽവട്ടം, ഫാ. ബെന്നി പുത്തൻനട എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. ആയിരദിന കർമപരിപാടികൾ നടത്തുമെന്നും എല്ലാ ഇടവകകളിലും ധ്യാനങ്ങൾ ഉൾപ്പെടെയുള്ള നവീകരണ പരിപാടികൾ ക്രമീകരിച്ചതായും ആർച്ച് ബിഷപ് മറുപടി നൽകി. ബയോമൗണ്ടൻ കമ്പിനി പ്രവർത്തനങ്ങളും ചെയർമാൻ എന്ന നിലയിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വിശദീകരിച്ചു.

ലഹരിമരുന്ന് മാഫിയകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ജാഗ്രത പാലിക്കേണ്ട സാഹചര്യങ്ങളെക്കുറിച്ച് ബെന്നി പുത്തൻനട വിഷയാവതരണം നടത്തി. ചിഞ്ചു വി. ജോസഫ്, ഡോ. എം.ജെ. മാത്യു മണ്ഡപത്തിൽ, ഡോ. ജോസഫ് കെ. തോമസ്, ഐ.സി. മേരി, ഫാ. ജേക്കബ് വെണ്ണായിപ്പള്ളിയിൽ, ആന്റണി മേൽവട്ടം, ഫാ. ചാക്കോ കുടിപ്പറമ്പിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. എല്ലാ സ്കൂളുകളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതു ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നു ആർച്ച് ബിഷപ് മറുപടിയിൽ വ്യക്തമാക്കി.

വന്യമൃഗ ശല്യവും കസ്തൂരി രംഗൻ - പരിസ്ഥിതി ലോല മേഖല ഭീഷണിയും എന്ന വിഷയത്തിൽ പി. വി. ബാബു പാലാട്ടിക്കൂനത്താൻ വിഷയാവതരണം നടത്തി. അവതരിപ്പിച്ച കുറിപ്പ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കു വാട് സാപ്പിൽ ലഭ്യമാക്കുമെന്നും പരിസ്ഥിതി ലോല മേഖല പ്രശ്നത്തിൽ കർഷകരുടെ ആശങ്കകൾ പരിഹരിക്കാൻ കെസിബിസി സുപ്രിംകോടതിയിൽ കക്ഷി ചേരാൻ തീരുമാനിച്ചിട്ടുണ്ടെന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. വിവിധ വിഷയങ്ങളിലെ ചർച്ചകൾക്ക് വികാരി ജനറൽമാരായ മോൺ ജോസഫ് ഒറ്റപ്ലാക്കൽ, മോൺ മാത്യു ഇളംതുരുത്തിപ്പടവിൽ എന്നിവർ മോഡറേറ്റർമാരായി.

ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവ് നൽകിയ സമാപന സന്ദേശത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്നുള്ള അംഗം മാർ അലക്സ് താരാമംഗലം മാനന്തവാടി രൂപതാ സഹായ മെത്രാൻ ആയി നിയമിതനായ ആഹ്ലാദവാർത്ത പങ്കുവച്ചു. അതിരൂപതയിൽ നിന്നു പുറത്തേ രൂപതയിലേക്കു മെത്രാൻ ആകുന്ന ആദ്യ വൈദികൻ ആണു അലക്സച്ചനെന്നും ആർച്ച് ബിഷപ് ചൂണ്ടിക്കാട്ടി. വിഴിഞ്ഞം തുറമുഖത്തിന്റെ അശാസ്ത്രീയ നിർമാണംമൂലം ദുരിതത്തിലായ

## ആൽഫാസെന്റർ: ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ

ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചന്റെ നാമത്തിലുള്ള ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ, കാക്കനാട് കൂസാറ്റ് ക്യാംപസിലുള്ള ആൽഫാസെന്ററിൽ ആരംഭിച്ചു. ഓഗസ്റ്റ് 28-ാം തീയതി അഭിവന്ദ്യ തലശ്ശേരി മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ആൽഫാസെന്റർ വെഞ്ചരിക്കുകയും ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തദവസരത്തിൽ പൗരസ്ത്യസുറിയാനി ആരാധനാക്രമത്തിന്റെ വിശുദ്ധപാരമ്പര്യവും പ്രാധാന്യവും എന്ന വിഷയത്തെക്കുറിച്ച് ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചൻ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി.

പണ്ഡിതോചിതതമായ സദസ്സിൽ മോൺ. ആന്റണി മുതുകുന്നേൽ, ഡോ. തോമസ് മേൽവെട്ടം തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. വ്യക്തി സഭയായ സീറോമലബാർ സഭയുടെ ആരാധനക്രമ

- - - - - - - - - - - - - - - - - - - - - - - →

തീരദേശ ജനത ഒറ്റക്കല്ലന്നും അവരുടെ അവകാശ സമരത്തിനു ഒപ്പം അതിരൂപതയും കേരളത്തിലെ പൊതുസമൂഹവും ഉണ്ടെന്നും അഭിവന്ദ്യ പിതാവ് ചൂണ്ടിക്കാട്ടി. ബഫർ സോൺ വിഷയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകപക്ഷത്ത് നിന്നും തീരുമാനം എടുക്കണം. കുട്ടികളെ ലഹരി മാഫിയകളിൽ നിന്നും രക്ഷിക്കുന്നതിന് ഓരോ ഇടവകകളിലും ജാഗ്രത സമിതികൾ രൂപീകരിക്കുകയും ബോധവത്കരണപരിപാടികൾ ഊർജ്ജിതമാക്കുകയും ചെയ്യണം. മാർ ജോർജ് ഞരളക്കാട്ടിന്റെ പൗരോഹിത്യ സുവർണ ജൂബിലി സ്മരാകമായി അതിരൂപതയുടെ നേതൃത്വത്തിൽ എയ്ഞ്ചൽ ഡയാലിസീസ് പദ്ധതിപ്രകാരം ഉള്ള 2-ാമത്തെ സൗജന്യ ഡയാലിസിസ് സെന്റർ ഇരിട്ടിയിലും മൂന്നാമത്തെ സെന്റർ ചെറുപുഴയിലും ആരംഭിക്കുമെന്നും ആർച്ച് ബിഷപ്പ് അറിയിച്ചു. അതിരൂപതാ ചാൻസലറും പി ആർ ഒയുമായ ഫാ. ജോസഫ് മുട്ടത്തുകുന്നേൽ നന്ദി പറഞ്ഞു.

**ജോർജ് തയ്യിൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

നവീകരണത്തിൽ ബഹു. മണ്ണൂരാംപറമ്പിലച്ചൻ നല്കിയ സംഭാവനകൾ അദ്വിതീയമാണെന്നും അച്ചന്റെ നാമത്തിൽ ആരംഭിച്ചിരിക്കുന്ന ലിറ്റർജിക്കൽ സെന്ററിന് വിജയാശംസകൾ നേർന്നുകൊണ്ടും മാർ പാംപ്ലാനി പിതാവ് സംസാരിച്ചു. മണ്ണൂരാംപറമ്പിലച്ചന്റെ ജീവിതവും സഭയ്ക്ക് നല്കിയ സംഭാവനകളെയും ആസ്പദമാക്കി ഒരു വീഡിയോ ബഹു. ടോം ഓലിക്കരോട്ടച്ചൻ പ്രദർശിപ്പിച്ചു.

കാക്കനാട് കുസാറ്റ് ക്യാംപസിലുള്ള ബഹു. മണ്ണൂരാംപറമ്പിലച്ചന്റെ അതിരൂപയ്ക്ക് നല്കിയ ഭവനത്തിലാണ് ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ ആരംഭിച്ചിരിക്കുന്നത്. ദീർഘമായ അദ്ധ്യാപനപാരമ്പര്യവും പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ ആഴമേറിയ അവഗാഹവുമുള്ള അച്ചന്റെ വിപുലമായ പുസ്തകശേഖരം കാക്കനാടുള്ള റിസേർച്ച് സെന്ററിൽ ഒരുക്കിയിട്ടുണ്ട്. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ ഗവേഷണം നടത്തുന്ന പഠിതാക്കൾക്ക് ആശ്രയമായി ഈ പഠനകേന്ദ്രം മാറട്ടെ എന്നാശംസിക്കുന്നു.

എറണാകുളത്ത് കാക്കനാടുള്ള ഭവനവും അതിനോട് ചേർന്നുള്ള 33.5 സെന്റ് സ്ഥലവും അതിരൂപതയ്ക്ക് നല്കിയ ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചന്റെ ഉദാരപൂർണ്ണമായ മഹാമനസ്കത രൂപത ഒന്നടങ്കം നന്ദിയോടെ സ്മരിക്കുന്നു. താഴത്തെ നിലയിൽ പഠനകേന്ദ്രവും ഒന്നാംനില മുറികളായി തിരിച്ച് വാടകയ്ക്ക് നല്കാനുമായി കെട്ടിടം പുനർനിർമ്മിച്ചു കഴിഞ്ഞു.

സീറോ മലബാർ സഭയുടെ ആരാധനക്രമ പുനരുദ്ധാരണത്തിൽ സമാനതകളില്ലാത്ത സംഭാവനകൾ നല്കിയ ആരാധനക്രമപണ്ഡിതനായ തോമസ് മണ്ണൂരാംപറമ്പിലച്ചൻ തലശ്ശേരി രൂപതയ്ക്ക് അഭിമാനമാണ്. വിശ്രമജീവിതത്തിനിടയിലും സീറോമലബാർ സഭയുടെ വിശുദ്ധ കുർബാനയുടെ രൂപീകരണത്തിന്റെയും പുനരുദ്ധാരണത്തിന്റെയും ദീർഘമായ ചരിത്രം ആയിരത്തിലധികം താളുകളുള്ള പുസ്തകം അടുത്ത നാളിൽ പ്രസിദ്ധീകിച്ചു. തലശ്ശേരി രൂപതയ്ക്ക് ദൈവം നല്കിയ ശ്രേഷ്ഠമായ അച്ചന്റെ പൗരോഹിത്യ ജീവിതത്തിന് ദൈവത്തിന് നന്ദി പറയുന്നു.

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).**

ലോകസമാധാനത്തിനും കുടുംബങ്ങളുടെ നിലനിൽപ്പിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ 'കന്യകാമറിയത്തിന്റെ ജപമാല' (*Rosarium Virginis Mariae*) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. 'സുവിശേഷസംഗ്രഹം' എന്നു വിളിക്കപ്പെടുന്ന ഈ ഭക്തമുറ കേവലം ഒരു യാന്ത്രികപ്രാർത്ഥനയല്ല, മറിച്ച് തികച്ചും ധ്യാനാത്മകമാണെന്ന് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. ഒക്ടോബർ മാസത്തിൽ വിശ്വാസപരിശീലകരായ നമുക്ക് ജപമാല നമസ്ക്കാരത്തിൽ ഭക്തിപൂർവ്വം പങ്കുചേരാം.

## 1. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തിയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം

അസൈൻമെന്റ് എഴുതാൻ സഹായകമായ ആധാരഗ്രന്ഥങ്ങൾ താഴെകൊടുക്കുന്നു.

1. രണ്ടാം വത്തിക്കാൻ കൗൺസിൽ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള ഡിക്രി
2. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മീഡിയ ഗൈഡ്

3. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമം തലമുറയുടെ മാർഗദർശി
4. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങൾ ചെയ്യുന്നതും നാം ചെയ്യേണ്ടതും
5. ഡോ. ഫ്രാൻസിസ് കാരയ്ക്കാട്ട് SDB, മാധ്യമങ്ങളുടെ അധിനിവേശം.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യായനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ **ഒക്ടോബർ 30-നുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം etc... കണക്കിലെടുക്കേണ്ടതാണ്.
b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.
c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.
d. **ഒക്ടോബർ 30-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം അയക്കേണ്ടതാണ്.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2022 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 30-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

## 4. ഡിപ്ലോമ: നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **ഒക്ടോബർ 30-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

## 5. ഓണപരീക്ഷ - നന്ദി

ഈ വർഷത്തെ ഓണപരീക്ഷ സെപ്റ്റംബർ 11-ാം തിയതി ഞായറാഴ്ച എല്ലാ സൺഡേ സ്കൂളുകളിലും വളരെ ഭംഗിയായി നടത്തി. എല്ലാവിധ ക്രമീകരണങ്ങളും ചെയ്ത ബഹു. വൈദികർക്കും വിശ്വാസപരിശീലകർക്കും സഹകരിച്ച എല്ലാവർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി.

## 6. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള ഏകദിന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## 7. സെപ്റ്റംബർ മാസത്തിൽ നടന്ന സെമിനാർ - നന്ദി

കുന്നോത്ത്, നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, ചെമ്പേരി, എടൂർ, കാഞ്ഞങ്ങാട് എന്നീ ഫൊറോനകളിലും കാസർഗോഡ് റീജിയണലിലും ഏകദിന സെമിനാർ നടത്തി. വെരി. റവ. ഫാ. മാത്യു വേങ്ങക്കുന്നേൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. ഫാ. ജോർജ്ജ് വള്ളിമല, റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഫാ. അഖിൽ മുക്കുഴി, റവ. ഫാ. ജോബിൻ വലിയപറമ്പിൽ, ശ്രീ ജോബി മൂലയിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിന്റെ സുഖമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ ബഹു. ഫൊറോന ഡയറക്ടറച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

## 8. ഏകദിന സെമിനാർ - ഒക്ടോബർ മാസം

പേരാവൂർ - ഒക്ടോബർ 4

## 9. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേ സ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ,

സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 10. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2022-2023 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.**

## ഒക്ടോബർ മാസത്തിലെ അതിരൂപത വിസിറ്റ്

**ഒക്ടോബർ 2 :** ഉദയഗിരി, നെടുവാലൂർ, പാടിയോട്ടുചാൽ, വട്ട്യറ, ചരൾ, കോടോപ്പള്ളി, മാട്ടറ, പൈസക്കരി, എള്ളുകൊച്ചി, ഓടൻതോട്, തലശ്ശേരി, കടുമേനി, വിജയപുരം, കനകപ്പള്ളി.

**ഒക്ടോബർ 9 :** ചീക്കാട്, ശ്രീകണ്ഠാപുരം, കോലുവള്ളി, ഉരുപ്പുംകുറ്റി, കോടോത്ത്, ഉദയപുരം, ഹൊസങ്കടി, അങ്ങാടിക്കടവ്, പെരിങ്ങാല, കാലാങ്കി, പാടാൻകവല, കള്ളാർ, ചെങ്ങോം, ബാലേശ്ശുഗിരി, കുന്നുംകൈ, മാവുംചാൽ, അട്ടകണ്ടം.

**ഒക്ടോബർ 16 :** കാർത്തികപുരം, വെണ്ണക്കല്ല്, ചെമ്പേരി, ജോസ്ഗിരി, എടപ്പുഴ, എണ്ണപ്പാറ, കുമ്പള, പാലത്തുംകടവ്, ചെറുപാറ, ശാന്തിനഗർ, കൊട്ടോടി, കോളയാട്, മേലെചൊവ്വ, ബെഡൂർ, പാത്തൻപാറ, അട്ടേങ്ങാനം.

**ഒക്ടോബർ 23 :** ജയഗിരി, കരയത്തുംചാൽ, പൊന്മല, താബോർ, കരിക്കോട്ടക്കരി, കാഞ്ഞിരടുക്കം, വാണിയപ്പാറ, പച്ചാണി, മണിപ്പാറ, ജോസ്മൗണ്ട്, മേരിപുരം, കല്ലുമുതിരക്കുന്ന്, ചാവറഗിരി, തടിക്കടവ്, ബിരിക്കുളം.

**ഒക്ടോബർ 30 :** അരിവിളഞ്ഞപൊയിൽ, കോട്ടൂർവയൽ, പുലിക്കുരുമ്പ, രാജഗിരി, മാങ്ങോട്, ബദിയടുക്ക, രണ്ടാംകടവ്, പെരുംമ്പടവ്, കാഞ്ഞിരക്കൊല്ലി, മടപ്പുരച്ചാൽ, അമ്മംകുളം, പാലാവയൽ, വായാട്ടുപറമ്പ്, കാലിച്ചാമരം.

## 11. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്. അതിരൂപത വിസിറ്റർ വരുമ്പോൾ ഓഫീസ് റിക്കാർഡുകൾ പരിശോധിക്കുന്നതാണ്.

### 12. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

### 13. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2022–23 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

### 14. മതബോധന കൗൺസിൽ/പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

### 15. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

### 16. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ഇനിയും ഫൊറോനകമ്മിറ്റി കൂടാത്തവർ എത്രയും പെട്ടന്നുതന്നെ ഫൊറോനകമ്മിറ്റി കൂടി വിശ്വാസപരിശീലകരുടെ ധ്യാനം, ഏകദിന സെമിനാർ എന്നിവ നടത്തുന്ന തീയതി തീരുമാനിക്കേണ്ടതാണ്.

## 17. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുന്നു. അതിരൂപതയിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മതാധ്യാപകരും ധ്യാനത്തിൽ പങ്കെടുക്കണം. ധ്യാനം നടത്തുന്ന തീയതികൾ ഒക്ടോബർ 14-16, 28-30, നവംബർ 11-13, ഡിസംബർ 16-18. ഓരോ ഫൊറോനയ്ക്കും ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കുന്ന തീയതി തീരുമാനിച്ച് ഓഫീസിൽ അറിയിക്കുമല്ലോ. ധ്യാനം വെള്ളിയാഴ്ച രാവിലെ 9.30-ന് ആരംഭിച്ച് ഞായറാഴ്ച 4 മണിക്ക് അവസാനിക്കുന്നതാണ്.

**ഒക്ടോബർ 14-16:** ചെമ്പൻതൊട്ടി, മേരിഗിരി, നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ്.

**ഒക്ടോബർ 28-30:** കുന്നോത്ത്, എടൂര്, പേരാവൂർ, പനത്തടി.

**നവംബർ 11-13:** കാഞ്ഞങ്ങാട്, കാസർഗോഡ്, തളിപ്പറമ്പ്, ചെമ്പേരി, തോമാപുരം.

**ഡിസംബർ 16-18:** വെള്ളരിക്കുണ്ട്, കാസർഗോഡ്, ചെറുപുഴ, മുൻധ്യാനങ്ങളിൽ പങ്കെടുക്കാൻ പറ്റാതിരുന്ന വിശ്വാസപരിശീലകർ.

**NB:** മുകളിൽ തന്നിരിക്കുന്ന തിയതി അനുസരിച്ച് ധ്യാനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. അത്യാവശ്യമുള്ള സൺഡേ സ്കൂളുകൾക്ക് ഓഫീസിൽ അറിയിച്ച് തിയതി മാറ്റാവുന്നതാണ്.

## 18. വിശ്വാസപരിശീലകരുടെ ധ്യാനം - നന്ദി

ഓഗസ്റ്റ് 26-28 തിയതികളിൽ പരിയാരം മദർഹോമിൽവച്ച് നടത്തിയ ധ്യാനത്തിൽ ആലക്കോട്, പൈസക്കരി എന്നീ ഫൊറോനകളിലെയും കീഴ്പള്ളി ഇടവകയിലെയും വിശ്വാസപരിശീലകർ പങ്കെടുത്തു.

## 19. മിഷൻ ഞായർ ഒക്ടോബർ 23

ആഗോളമിഷൻ ഞായറായ ഒക്ടോബർ 23-ാം തീയതി എല്ലാ സൺഡേസ്കൂളുകളും മിഷൻദിനമായി ആഘോഷിക്കുമല്ലോ.

## 20. മതാധ്യാപകദിനം നവംബർ 4

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 6-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നല്കേണ്ടതുമാണ്. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

## 21. രാജത്വത്തിരുനാൾ – നവംബർ 20

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 20–ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 22. സീറോമലബാർ പ്രതിഭാസംഗമം 2022–23

2011–2012 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 12–ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുത്തു വരുന്നു.

### ഫൊറോനാതല ക്യാമ്പ്

ഫൊറോനാതല ക്യാമ്പ് ഒക്ടോബർ മാസത്തിൽ ഫൊറോനകളിൽവച്ച് നടത്തുന്നു. ഓരോ ഇടവകയും 12–ാം ക്ലാസിലെ രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും ക്യാമ്പിലേക്ക് അയക്കുക. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകകളിൽ നിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിനയക്കാവുന്നതാണ്.** ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് നടത്തേണ്ട തിയതിയും നേതൃത്വം നൽകേണ്ട ടീമിനെയും ഫൊറോന പ്രസിഡണ്ട് ബഹു. ഫൊറോന വികാരിയച്ചനുമായി ആലോചിച്ച് തീരുമാനിക്കണം. അതിരൂപത ക്യാമ്പിൽ പങ്കെടുക്കേണ്ട 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേരുകൾ നവംബർ 20–നുള്ളിൽ ഓഫീസിൽ അറിയിക്കേണ്ടതാണ്.

### അതിരൂപതാതല ക്യാമ്പ്

ഫൊറോനാതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 10,11 തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് ഞായറാഴ്ച്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പിനായി തിരഞ്ഞെടുത്ത കുട്ടികളെ തീയതിയും മറ്റു വിവരങ്ങളും മുൻകൂട്ടി അറിയിക്കുമല്ലോ. ഫൊറോനാ പ്രസിഡന്റ് പ്രസ്തുത കുട്ടികളുടെ പേരുകളും ഇടവകയും ഫോൺ നമ്പറും ഓഫിസിലേക്ക് നവംബർ 20–നകം അയച്ചുതരേണ്ടതാണ്.

## 23. സോൾട്ട് 2022

സൺഡേസ്കൂളിൽ ഈ വർഷം പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ സംഗമം **"സോൾട്ട് 2022"** നവംബർ മാസത്തിൽ റീജിയൻ തലത്തിൽ നാല് സെന്ററുകളിലായി നടത്തുന്നു. ഞായറാഴ്ച രാവിലെ 9

മണിക്ക് പരി. കുർബാനയോടെ ആരംഭിക്കുന്ന സംഗമം വൈകുന്നേരം 4 മണിക്ക് അവസാനിക്കും. സംഗമത്തിൽ ആനുകാലിക വിഷയങ്ങളെ ക്കുറിച്ചും കരിയർ ഗൈഡൻസിനെ സംബന്ധിച്ചുമുള്ള ക്ലാസ്സുകൾ നൽകുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 24. എൻലൈറ്റ് 2022

അതിരൂപതയിൽ മതബോധന കൗൺസിലിന്റെ തീരുമാനപ്രകാരം 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഫൊറോനതലത്തിൽ ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകൾ നൽകുന്നു. സൗകര്യാർത്ഥം ഒരു ഫൊറോനയിൽ രണ്ട് സെന്ററുകളിൽ വച്ചായിരിക്കും സെമിനാർ നടത്തുക. എല്ലാ കുട്ടികളും ക്ലാസ്സധ്യാപകരും സെമിനാറിൽ പങ്കെടുക്കണം. സെമിനാർ നവംബർ മാസത്തിൽ ആരംഭിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 25. അതിരൂപതാ മതബോധന കമ്മിറ്റി

2021 – 2022 പ്രവർത്തന വർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചന്റെ അദ്ധ്യക്ഷതയിൽ 2022 ഓഗസ്റ്റ് 30–ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ സന്ദേശഭവനിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മതബോധനകമ്മിറ്റി ഉദ്ഘാടനം ചെയ്തു. മോൺ. ആന്റണി മുതുകുന്നേൽ ആശംസകൾ നേർന്നു. ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും, ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻ.എസ്, സി. ട്രീസ എഫ്.സി.സി, സി. പ്രീതി സി.എം.സി എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. മീറ്റിംഗിൽ 2022 മാർച്ച് മുതൽ ഓഗസ്റ്റ് 30–വരെയുള്ള റിപ്പോർട്ട് അവതരിപ്പിച്ചു. മതബോധന കൗൺസിലിൽ ബഹു. ഫൊറോന വികാരിയച്ചൻമാരും, സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും, ഫൊറോന പ്രസിഡന്റുമാരും, ഫൊറോന സെക്രട്ടറിമാരും മറ്റ് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരും സംബന്ധിച്ചു.

**തീരുമാനങ്ങൾ**

a. മാർച്ച് മാസം മുതൽ ഓഗസ്റ്റ് വരെയുള്ള റിപ്പോർട്ട് വായിച്ച് പാസാക്കി.
b. എല്ലാ ഫൊറോനകളിലും വിശ്വാസപരിശീലകർക്ക് ഏകദിനസെമിനാർ നടത്തുക.
c. വിശ്വാസപരിശീലകരുടെ ത്രിദിന ധ്യാനം പരിയാരം മദർഹോമിൽ വച്ച് സംഘടിപ്പിക്കുക.
d. 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള സെമിനാർ ഫൊറോനതലത്തിൽ നൽകുക.
e. പ്ലസ്ടു കുട്ടികളുടെ സംഗമം "സോൾട്ട് 2022" നവംബർ മാസത്തിൽ നടത്തുക.

f. വിശ്വാസോത്സവം വാർഷികപരീക്ഷയ്ക്കുശേഷം നാല് ദിവസങ്ങളിലായി നടത്തുക. എല്ലാ ഇടവകകളും സമയക്രമം പാലിക്കുക.
g. നവോദയ, സ്പോർട്സ് സ്കൂൾ കുട്ടികൾക്കുള്ള വിശ്വാസപരിശീലന ക്ലാസ്സുകൾ ഈസ്റ്ററിന് ശേഷം നടത്തുക.

**26. ആസ്പെക്ട് 2022–2023**

2022–2023 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം"** എന്ന പുസ്തകമാണ്. 211 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്.

**27. Mission Quest 2022**

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മിഷനും സംയുക്തമായി മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന മിഷൻ ക്വിസ്മത്സരമാണ് **Mission Quest**. സാധിക്കുന്ന എല്ലാവരും ക്വിസിൽ പങ്കെടുക്കുമല്ലോ.

**നിർദ്ദേശങ്ങൾ**

(a) ഈ മത്സരം നടത്തുന്നത് ഗൂഗിൾഫോം ഉപയോഗിച്ചാണ് (b) സീറോമലബാർ സഭയുടെ 35 രൂപതകളിലുമുള്ള മതബോധനവിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെ മത്സരങ്ങളും അതിനായി വെവ്വേറെ ഗൂഗിൾ ഫോം ലിങ്കുകളുമാണ് (c) ഗൂഗിൾഫോമിന്റെ ലിങ്കുകൾ സീറോമലബാർ മിഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും www.syromalabarmission.com (d) 2022 ഒക്ടോബർ 30 ഞായറാഴ്ച വൈകുന്നേരം 6 മണി മുതൽ 40 മിനിട്ട് സമയത്തേക്കായിരിക്കും ഗൂഗിൾഫോം സജീവമാകുക (e) മത്സരത്തിൽ പങ്കെടുക്കാൻ മുൻകൂർ രജിസ്ട്രേഷൻ ആവശ്യമില്ല. എന്നാൽ, മത്സരസമയത്ത് പേര്, ഇടവക, രൂപത, ഫോൺ നമ്പർ, ഇമെയിൽ എന്നിവ രേഖപ്പെടുത്തണം (f) ഓരോ ചോദ്യത്തിനും നൽകപ്പെട്ടിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായത് മാത്രം തിരഞ്ഞെടുക്കുക (g) ബൈബിൾ ഭാഗത്തിന് പഠനസഹായിയോ സാമ്പിൾ ചോദ്യങ്ങളോ ഇല്ല. മറ്റ് വിഭാഗങ്ങൾക്കുള്ള സാമ്പിൾ ചോദ്യങ്ങൾ ഒക്ടോബർ അഞ്ചാം തീയതിക്കു മുൻപായി വെബ്സൈറ്റിൽ ലഭ്യമാക്കും (h) മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാൻ missionquest2022@gmail.com എന്ന ഇമെയിൽ പ്രയോജനപ്പെടുത്തുക (i) ക്വിസ് മത്സരം സംബന്ധിച്ച് സീറോമലബാർ മിഷൻ ഓഫീസിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

## 28. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2022-23 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 29. പ്രധാനാധ്യാപകരുടെ മീറ്റിംഗ്

ഒക്ടോബർ മാസത്തിൽ പ്രധാനാധ്യാപകരുടെ ഫൊറോന മീറ്റിംഗ് ഉണ്ടായിരിക്കും. മീറ്റിംഗിൽ ആസ്പെക്ട് പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്. മീറ്റിംഗിന് വരുമ്പോൾ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ കൊണ്ടുവരണം. മീറ്റിംഗ് നടത്തുന്ന തിയതികൾ വാട്സ്ആപ്പ് ഗ്രൂപ്പുവഴി അറിയിക്കുന്നതാണ്.

## 30. ആദരാഞ്ജലികൾ

വിശ്വാസപരിശീലനകേന്ദ്രം റിസോഴ്സ് ടീം അംഗമായിരുന്ന റവ. സി. ഗ്രേസി മുള്ളൻമടയ്ക്കൽ എം.എസ്.എം.ഐ., എള്ളുകൊച്ചി സൺഡേസ്കൂൾ വിശ്വാസപരിശീലകയായ ജിൻസി ശൗര്യാംകുഴി ടീച്ചറിന്റെ മകൾ ഫിയോണ തെരേസ, അങ്ങാടിക്കടവ് സൺഡേസ്കൂൾ വിദ്യാർത്ഥി ജസ്റ്റിൻ തോമസ് ചിറ്റൂർ എന്നിവർ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 31. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ചന്ദനക്കാംപാറ, പടിയൂർ, ചെട്ടിയാംപറമ്പ്, കൊന്നക്കാട് എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ആലക്കോട്, ഒറ്റത്തൈ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി

2022 –23 വർഷത്തെ ബിരുദ ബിരുദാനന്തര കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി. ഈ വർഷം 360 വിദ്യാർത്ഥികളാണ് പുതുതായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രപഠനത്തിനായി പ്രവേശിച്ചിരിക്കുന്നത്.

## 2. ബിരുദദാന ചടങ്ങ് ജനുവരി മാസത്തിൽ...

ഈ വർഷം ബിരുദ – ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദ ദാന ചടങ്ങ് 2023 ജനുവരി 21 ശനിയാഴ്ച നടത്തുന്നതായിരിക്കും. വിശദവിവരങ്ങൾ കോ – ഓർഡിനേറ്റേർസ് മുഖാന്തരം പിന്നീട് അറിയിക്കുന്നതാണ്. പരീക്ഷകൾ, അസൈൻമെന്റുകൾ, തീസിസ് ഇവ കൃത്യമായി പൂർത്തിയാക്കിവരാണ് ബിരുദദാന ചടങ്ങിന് എത്തേണ്ടത്.

## 3. സഭാ നവീകരണ ധ്യാനം

കേരള കത്തോലിക്കാസഭ, സഭാനവീകരണ വർഷമായി ആചരിക്കുന്ന ഈ വർഷം നമ്മുടെ അതിരൂപത എല്ലാ ഇടവകകളിലും നവീകരണ ധ്യാനങ്ങൾ വചനപ്രഘോഷണസമിതിയുടെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. അതിരൂപത പ്രത്യേകമായി ക്രമീകരിക്കുന്ന ധ്യാനടീമുകളായിരിക്കും ഇടവകകളിൽ ധ്യാനത്തിന് എത്തുന്നത്. ധ്യാനത്തിന് ഒരുക്കമായ ഹോംമിഷൻ, വീട് വെഞ്ചരിപ്പ് എന്നിവയും ക്രമീകരിക്കുന്നതാണ്. 2022 ഡിസംബർ മാസത്തിൽ 1 മുതൽ 4 വരെ ചെമ്പേരി ഫൊറോനയിലും 14 മുതൽ 18 വരെ മേരിഗിരി ഫൊറോനയിലും നവീകരണധ്യാനം നടത്തുന്നു.

## 4. പ്രീച്ചേർസ് മീറ്റ്

സഭാനവീകരണ ധ്യാനത്തിനുള്ള ധ്യാനടീമുകളുടെ ആദ്യ കൂട്ടായ്മ ഓഗസ്റ്റ് 10–ാം തീയതിയും രണ്ടാമത്തെ പ്രാർത്ഥനാ കൂട്ടായ്മ 2022 സെപ്റ്റംബർ 29–30 തീയതികളിലും സന്ദേശഭവനിൽ വച്ചു നടത്തി. അതിരൂപതാ നവീകരണധ്യാനം നയിക്കുന്ന വൈദികരും സിസ്റ്റേഴ്സും ഉൾപ്പെടെ 70 ഓളം പേർ ഇതിൽ സംബന്ധിച്ചു.

## 5. You Cat

നമ്മുടെ അതിരൂപതയിൽ 12–ാം ക്ലാസ്സ് വേദപാഠം കഴിഞ്ഞ കുട്ടികളുടെ തുടർ വിശ്വാസപരിശീലനം ഉറപ്പാക്കുന്ന അഡൽറ്റ് കാറ്റക്കിസം പ്രോഗ്രാം

- **You Cat** ഈ വർഷം മുതൽ ആരംഭിക്കുന്നു. അതിരൂപതയുടെ ദൈവശാസ്ത്ര കേന്ദ്രമായ ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടാണ് പാഠപുസ്തകം തയ്യാറാക്കുന്നത്. വിശ്വാസ പരിശീലനകേന്ദ്രം, യുവജനപ്രേഷിതത്വം, എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പങ്കാളിത്തത്തോടെയായിരിക്കും ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. അതിരൂപതാതല യൂത്ത് ക്ലാസ്സുകൾക്ക് ഒരു ഏകീകൃത സിലബസ് ഉറപ്പാക്കുകയും യുവജനങ്ങളോടൊത്തുള്ള യാത്രയും വിശ്വാസപരിശീലനവും തുടരുകയുമാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആധുനിക കാലത്ത് യുവജനങ്ങളെ ബാധിക്കുന്ന വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് പാഠപുസ്തകം തയ്യാറാക്കുന്നത്.

### 6. ലോഗോസ് ബൈബിൾ ക്വിസ് 2022

ലോഗോസ് ബൈബിൾ ക്വിസിന്റെ അതിരൂപതാതല മത്സരം സെപ്റ്റംബർ 25-ാം തീയതി നടത്തി. 160 ഇടവകകളിൽ നിന്നായി 20060 പേരാണ് ഈ വർഷം രജിസ്ട്രേഷൻ നടത്തിയത്. ഇതിനായി പരിശ്രമിച്ച ബഹു. വികാരിയച്ചന്മാർക്കും മറ്റു ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

### ലോഗോസ് ബൈബിൾ ക്വിസ് സംസ്ഥാനതല മത്സരങ്ങൾ

**സെമിഫൈനൽ : 2022 നവംബർ 6, 2 pm**

**ഗ്രൂപ്പ്ഫൈനൽ : 2022 നവംബർ 19**

1. സെമിഫൈനൽ പരീക്ഷയ്ക്കുള്ള പാഠഭാഗങ്ങൾ

| | |
|---|---|
| ജോഷ്വാ 1-12 | മർക്കോസ് 9-16 |
| പ്രഭാഷകൻ 23-26 | 1 കൊറി 9-16 |

2. കെ.സി.ബി.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ വർഷത്തെ ലഘുപഠനങ്ങൾ വായിക്കേണ്ടതാണ്.
(മലയാളത്തിൽ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിൽ NRSV ബൈബിളും ഉപയോഗിക്കണം)

**മാനദണ്ഡങ്ങൾ**

1. ഓരോ വിഭാത്തിൽ നിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്കാണ് സംസ്ഥാന തലത്തിൽ മത്സരിക്കാൻ അർഹതയുള്ളത്.

2. അവർ **ജനനസർട്ടിഫിക്കറ്റും** (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഇപ്പോഴത്തെ **അഡ്രസ്സും** ഓരോ **ഫോട്ടോയും ഇടവകയുടെ പേരും** അടക്കം ഒക്ടോബർ 15-ന് മുൻപായി ബൈബിൾ അപ്പൊസ്റ്റോലേററിൽ എത്തിക്കണം. **പ്രായവിഭാഗം തെറ്റിവരുന്നവരെ യാതൊരു കാരണവശാലും ഫൈനൽ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.**

രൂപതാതല വിജയികൾക്കായി നടത്തപ്പെടുന്ന എഴുത്തുപരീക്ഷ കൊല്ലം, കോഴിക്കോട്, ആലുവ എന്നീ സെന്ററുകളിൽ വച്ചു നടത്തും.

### ലോഗോസ് ഫമിലിയ ക്വിസ്

1. ലോഗോസ് ഫമിലിയ ക്വിസ്സിൽ രൂപതയിൽ നിന്നും മൂന്നു പേരടങ്ങിയ ഒരു ടീമിനെ ഒക്ടോബർ 25-ന് മുൻപായി പി.ഒ.സി.യിൽ രജിസ്റ്റർ ചെയ്യണം. പേരുവിവരം അവരുടെ ജനനസർട്ടിഫിക്കറ്റും ഫോട്ടോയും (വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയത്) ഏൽപ്പിക്കണം.
2. മത്സരങ്ങളിൽ പങ്കെടുക്കുന്നവരിൽ രണ്ടു തലമുറകളിലുള്ളവർ ടീമിൽ ഉണ്ടായിരിക്കണം.
3. ലോഗോസ് ഫമിലിയ ക്വിസ്സ് എഴുത്തു പരീക്ഷയായിരിക്കും.
4. ലോഗോസ് ഫമിലിയ ക്വിസ് നവംബർ 19ന് രാവിലെ 9.30ന് ആയിരിക്കും.

### 7. മാർതോമാ ശ്ലീഹാ: ഭാരതം കണ്ട ആത്മീയ തേജസ്

മാർതോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ആചരിക്കുന്നതിന്റെ ഭാഗമായി, മാർതോമാ ശ്ലീഹായെക്കുറിച്ച് സമഗ്രമായ അറിവ് നൽകുന്ന പുസ്തകം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. മാർതോമാ ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ സൂക്ഷിക്കേണ്ട ഒരു വിശിഷ്ട ഗ്രന്ഥമാണിത്. മാർതോമാ ശ്ലീഹായെക്കുറിച്ചുള്ള വിവരങ്ങൾക്കൊപ്പം ശ്ലീഹായോടുള്ള വ്യത്യസ്ത പ്രാർത്ഥനകളും കൂടി ഉൾപ്പെടുത്തിയ പുസ്തകത്തിന് 70 രൂപയാണ് മുഖവില. 50 രൂപയ്ക്ക് ഇടവകകൾക്ക് നൽകുന്നതാണ്. അതിരൂപതയിലെ KCYM ഓഫീസ് ആണ് വിതരണത്തിന്റെ ചുമതല വഹിക്കുന്നത്. വിശദവിവരങ്ങൾക്ക്: ഫാ. ജിൻസ് വാളിപ്ലാക്കൽ - 9497439045; ആൽഫാ ഓഫീസ്- 8086312826.

### 8. ഒക്ടോബർ മാസത്തിലെ ക്ലാസ്സുകളുടെ സമയക്രമീകരണം

### ഡിപ്ലോമ മലയാളം വിഭാഗം

| | |
|---|---|
| ബൈബിളിന് ഒരാമുഖം | - 04-10-2022 |
| ആരാധനക്രമ ദൈവശാസ്ത്രം | - 05-10-2022 |
| വി. യോഹന്നാന്റെ ദൈവശാസ്ത്രം | - 18-10-2022 |
| പരി. ത്രിത്വം | - 19-10-2022 |

### ഡിപ്ലോമ ഇംഗ്ളീഷ് വിഭാഗം

| | |
|---|---|
| വി.യോഹന്നാന്റ ദൈവശാസ്ത്രം | - 11-10-2022 |
| യുഗാന്ത്യ ദൈവശാസാത്രം | - 12-10-2022 |
| സഭാവിജ്ഞാനിയം | - 25-10-2022 |
| പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം | - 26-10-2022 |

### BTh മലയാള വിഭാഗം

| | | |
|---|---|---|
| ക്രിസ്തു വിജ്ഞാനിയം | - | 01-10-2022 |
| മനുഷ്യദർശനം ദൈവശാസ്ത്ര വീക്ഷണത്തിൽ | - | 07-10-2022 |
| സെമിനാർ: Towards a Synodal Church : Synodality and It's Implications | - | 30-10-2022 |

**BTh ഇംഗ്ളീഷ് വിഭാഗം**

| | | |
|---|---|---|
| Christology | - | 08-10-2022 |
| Seminar: Towards a Synodal Church : Synodality and It's Implications | - | 23-10-2022 |

**MTh മലയാള വിഭാഗം**

| | | |
|---|---|---|
| ഇതരമത ദൈവശാസ്ത്രം | - | 16-10-2022 |
| വാണിജ്യ ധർമ്മികത | - | 22-10-2022 |

**MTh ഇംഗ്ളീഷ് വിഭാഗം**

| | | |
|---|---|---|
| Messianic Expectations in the Old Testment | - | 02-10-2022 |

## ബൈബിൾ സന്ധ്യ

കേരളസഭാനവീകരണ വർഷമായി ആചരിക്കുന്ന ഈകാലഘട്ടത്തിൽ വ്യക്തികളെയും സഭയെയും നവീകരിക്കുന്നതിന് ദൈവവചനത്തിനുള്ള ശക്തി തിരിച്ചറിയാനും തിരുവചനത്തോട് ആഭിമുഖ്യം വളർത്താനും സഹായിക്കുക എന്ന ലക്ഷ്യത്തോടെ ഇടവകളിൽ 'വചനസന്ധ്യ' നടത്താൻ അതിരൂപതാബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ടീം തയ്യാറായിട്ടുണ്ട്. വചനപ്രഘോഷണം, ആരാധന, മ്യൂസിക് മിനിസ്ട്രി, ഡോക്യുമെന്ററി പ്രർശനം ഇവ ഉൾപ്പെടുന്ന പ്രോഗ്രാമാണ് 'വചനസന്ധ്യയിൽ!'. അതിരൂപതയിലെ അച്ചന്മാരുടെ ടീമാണ് പ്രോഗ്രാം നടത്തുന്നത്. ഇടവകകളിൽ നടത്താൻ താത്പര്യമുള്ളവർ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പേടുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
പ്രസിഡന്റ്
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**ഫാ. ടോം ഓലിക്കരോട്ട്**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

സ്നേഹം ത്യാഗം സേവനം സഹനം എന്നീ മുദ്രാവാക്യങ്ങളെ ജീവിതത്തോട് ചാലിച്ച് ചേർത്ത് പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികസനം, ദൈവവിളിപ്രോത്സാഹനം എന്നീ ലക്ഷ്യങ്ങളെ ഭാരതമണ്ണിൽ ചാലിച്ചുചേർത്ത് ദൈവരാജ്യം വിസ്തൃതമാക്കാൻ അക്ഷീണം യത്നിക്കുന്ന ഏറ്റവും വലിയ അത്മായ പ്രേഷിത സംഘടനയായ ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപനത്തിലേക്ക് നാം എത്തിനിൽക്കുകയാണ്. സംഘടനാ പ്രവർത്തനങ്ങളിലൂടെ നമുക്കും ലോകത്തിനും ലഭിച്ച അനുഗ്രഹങ്ങൾ ഓർത്ത് ദൈവത്തിന് നമുക്ക് നന്ദിപറയാം. അതോടൊപ്പം കർമ്മോത്സുകതയോടെ പ്രേഷിതമേഖലകളിൽ നമുക്ക് മുന്നേറാം. കൂടാതെ ജപമാല മാസാചരണവും, വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാളും, മിഷൻ ഞായറും സമുചിതമായി നാം ആഘോഷിക്കുമ്പോൾ ലോകത്തിനു മുൻമ്പിൽ വിശ്വാസം സംരക്ഷിക്കാൻ ക്ലേശങ്ങൾ അനുഭവിക്കുന്ന എല്ലാ മിഷനറിമാർക്കുവേണ്ടിയും എല്ലാ കുടുംബങ്ങൾക്കുവേണ്ടിയും തിരുസഭയ്ക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : കാവൽമാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : അതിരൂപതാ സമിതികളുടെ നിയോഗങ്ങൾക്കുവേണ്ടി. |
| സുകൃതം | : 75 ത്രികാല ജപം |
| സുകൃതജപം | : വി. കൊച്ചുത്രേസ്യായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ | : നവമാലിക അദ്ധ്യായം 4 |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ശനി : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻമാസാരംഭം, ശാഖയിൽ പതാക ഉയർത്തുന്നു, അംഗത്വ നവീകരണം, അസാധാരണസമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

2 ഞായർ : കാവൽമാലാഖമാരുടെ തിരുനാൾ

3 തിങ്കൾ : ചെറുപുഷ്പ മിഷൻലീഗ് 76-ാം സ്ഥാപക ദിനം, പതാക വന്ദനം

4 ചൊവ്വ : വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ, അതിരൂപതാ മിഷൻ കലോത്സവം

8 ശനി : അതിരൂപതാ കൗൺസിൽ - വാർഷികം, അതിരൂപതാ തല പ്ലാറ്റിനം ജൂബിലി സമാപനം

12 ബുധൻ : വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം

15 ശനി : വി. അമ്മത്രേസ്യായുടെ തിരുനാൾ

23 ഞായർ : മിഷൻ ഞായർ - അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, പ്രേഷിത റാലി.

31 തിങ്കൾ : മിഷൻ മാസസമാപനം, മിഷൻഗ്രാമങ്ങൾക്ക് 5 മാസത്തെ സുകൃതങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ അയച്ചു കൊടുക്കുന്നു.

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മിഷൻമാസാചരണ പദ്ധതികൾ, മിഷൻലീഗ് സ്ഥാപക ദിനം, മിഷൻ ഞായർ, അതിരൂപതാ കലോത്സവം, അതിരൂപതാ കൗൺസിൽ - വാർഷികം, അതിരൂപതാതല പ്ലാറ്റിനം ജൂബിലി സമാപനം, ജൂബിലിവർഷ സമാപന ഒരുക്ക ആരാധന മേഖലാതല ആരംഭം.

## 3. മിഷൻമാസാചരണം - മിഷൻ ഞായർ

ഒക്ടോബർ 1 മുതൽ 31 വരെ മിഷൻമാസമായി ആചരിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻ ഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ഒക്ടോബർ 23-ാം തിയതി മിഷൻ ഞായർ സാഘോഷം കൊണ്ടാടുകയും ചെയ്യുമല്ലോ. അതിരൂപതാതലം ചന്ദനക്കാംപാറ ശാഖയിൽ വച്ച് മിഷൻ ഞായർ ആചരിക്കുന്നതായിരിക്കും. കൂടാതെ സാധിക്കുമെങ്കിൽ കുട്ടികളിൽ മിഷൻ ചൈതന്യവും പ്രേഷിതതീക്ഷ്ണതയും ഉജ്ജ്വലിക്കത്തക്കവിധം വി. കുർബ്ബാനയ്ക്ക് ശേഷം വി.കൊച്ചുത്രേസ്യായുടെ രൂപത്തിനുമുമ്പിൽ അനുദിനപ്രാർത്ഥന, മിഷൻ ഗ്രാമത്തിനുവേണ്ടി പ്രാർത്ഥന, പ്രാർത്ഥിക്കാൻ ലഭിച്ച മിഷൻ ഗ്രാമവുമായി സൗഹൃദബന്ധംതുടങ്ങിയവ നടത്തുകയും ചെയ്യുമല്ലോ. അതോടൊപ്പം **"ജൂബിലി നിറവിൽ പ്രേഷിതരാകാം തോമാശ്ലീഹാ തൻ വഴിയേ"**എന്ന ഈ വർഷത്തെ മിഷൻ ലീഗിന്റെ ആപ്തവാക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പരിപാടികൾ ശാഖാ - മേഖലാ തലത്തിലും വ്യക്തിപരമായും നടത്തുവാൻ വേണ്ട കർമ്മപദ്ധതികൾ നടപ്പാക്കുമല്ലോ.

## 4. അതിരൂപതാ മിഷൻ കലോത്സവം

ഈ വർഷത്തെ അതിരൂപതാ മിഷൻ കലോത്സവം ഒക്ടോബർ 4-ാം തീയതി ചൊവ്വാഴ്ച ചെമ്പേരി നിർമ്മല സ്കൂളിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ മത്സരങ്ങൾ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്.

**മിഷൻ കലോത്സവത്തിൽ മേഖലകൾ പങ്കെടുക്കാൻ വരുമ്പോൾ താഴെ പറയുന്നകാര്യങ്ങൾ ശ്രദ്ധിക്കുക**

- എല്ലാ മേഖലാ ഡയറക്ടർമാരും വൈസ്ഡയറക്ടർമാരും ടീം അംഗങ്ങളോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
- എല്ലാ മേഖലക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം. ടീം മാനേജർ ആയിരിക്കണം ടീം അംഗങ്ങൾക്കുവേണ്ടി സ്റ്റേജ് മാസ്റ്ററോടോ, ഓഫീസുമായോ ബന്ധപ്പെടേണ്ടത്. ചെസ് നമ്പർ ടീം അംഗങ്ങൾക്കുവേണ്ടി ക്രമീകരിച്ച് കൊടുക്കേണ്ടത് ടീം മാനേജർ ആയിരിക്കണം.
- പരിപാടിയെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ടീം മാനേജർ രേഖാമൂലം 250 രൂപ ഫീസ് സഹിതം പ്രസ്തുത മത്സരം കഴിഞ്ഞ് 30 മിനിറ്റിനകം ഡയറക്ടർക്ക് നൽകുക. ഡയറക്ടർ, ജൂറി ഓഫ് അപ്പീലുമായി ആലോചിച്ച് ന്യായമായ തീരുമാനമെടുത്ത് അറിയിക്കുന്നതാണ്. മത്സര നടത്തിപ്പിനെക്കുറിച്ച് മാത്രമായിരിക്കണം പരാതി നൽകേണ്ടത്.
- ചാൻസ് നമ്പർ കൈയ്യിൽ കിട്ടിയശേഷം ഏതെങ്കിലും സാഹചര്യത്തിൽ മത്സരാർത്ഥിക്ക് സ്റ്റേജിലെത്താൻ സാധിക്കുന്നില്ലെങ്കിൽ ടീം മാനേജർ തക്കകാരണം ബോധിപ്പിച്ചാൽ ഏറ്റവും ഒടുവിലായി അടുത്ത ചാൻസ് നൽകുന്നതായിരിക്കും.

**5. അതിരൂപതാ കൗൺസിൽ വാർഷികം, പ്ലാറ്റിനം ജൂബിലി സമാപനം**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതയുടെ 63-ാം വാർഷികവും കൗൺസിലും, മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി അതിരൂപതാതല സമാപനവും, ആലക്കോട് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ഈ വരുന്ന ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച അതിരൂപതാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും, മുൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് കുര്യൻ ജോസഫ് സാറിന്റെയും, ദേശീയ - സംസ്ഥാന ഭാരവാഹികളുടെയും മഹനീയ സാന്നിധ്യത്തിൽ നടത്തപ്പെടുന്നു. കഴിഞ്ഞ പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ.

**പ്രോഗ്രാം**

9 am രജിസ്ട്രേഷൻ, 9.15 am വി. കുർബ്ബാന, 10 am പതാക ഉയർത്തൽ, 10.15 am കൗൺസിൽ ഉദ്ഘാടനം, 12.30 pm ഉച്ച ഭക്ഷ

ണം, 1.30 pm വാർഷിക പൊതുസമ്മേളനം, അവാർഡ് ദാനം, ആദരി ക്കൽ, മിഷൻജ്യോതി പ്രകാശനം, ബെസ്റ്റ് ശാഖാ - മേഖല സമ്മാന ദാനം, 3.30 pm പ്രേഷിത റാലി, 4.30 pm ചായ. പ്രോഗ്രാമിന് മാറ്റ് കൂട്ടു വാൻ വിവിധകലാപരിപാടികൾ ഉണ്ടായിരിക്കും.

## 6. കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരം ഭിച്ചുകാണുമെന്ന് കരുതുന്നു. ഈ വർഷത്തെ പഠനവിഷയമായ **"ജൂബിലി നിറവിൽ പ്രേഷിതരാകാം തോമാശ്ലീഹാ തൻ വഴിയേ"** എന്ന വിഷ യത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉണ്ടാ യിരിക്കണം. മേഖലകളിൽ ഒന്നാം സ്ഥാനം കിട്ടുന്ന കൈയ്യെഴുത്ത് മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തിയതി ജനുവരി 26 ആയിരിക്കും. (കൈയ്യെഴുത്ത് മാസിക നിർമ്മാണത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗ രേഖ പേജ് 56, 57 കാണുക.)

## 7. പ്രബന്ധരചനാ മത്സരം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി അതിരൂപതാ തലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി പ്രബന്ധരചനാ മത്സരം നടത്തു ന്നു. പ്രബന്ധം സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 30. പ്രബ ന്ധരചനാ മത്സരത്തെക്കുറിച്ചുള്ള നിബന്ധനകൾ മാർഗ്ഗരേഖ പേജ് 59, സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 32-33 എന്നിവ കാണുക.

## 8. ആൽബം

**"ജൂബിലി നിറവിൽ പ്രേഷിതരാകാം തോമാശ്ലീഹാ തൻ വഴിയേ"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തി ക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബനിർമ്മാണത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 31, മാർഗ്ഗരേഖ പേജ് 59-60 കാണുക.

## 9. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലീം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 31-32, മാർഗ്ഗരേഖ പേജ് 57-58 എന്നിവ കാണുക)

## 10. പൂമ്പാറ്റ ആംഗ്യപ്പാട്ട്

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട്

പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരി ദീപം പേജ് 32-33, മാർഗ്ഗരേഖ പേജ് 58 എന്നിവ കാണുക)

## 11. അതിരൂപതാ വിഹിതങ്ങൾ

ഈ വർഷത്തെ വാർഷിക വിഹിതവും (500 രൂപ) അംഗത്വ ഫീസും (അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞവർഷത്തെ കുടിശ്ശിക അട യ്ക്കാനുള്ളവരും എത്രയും പെട്ടന്ന് അടച്ച് സഹകരിക്കുമല്ലോ.

## 12. മിഷൻകലണ്ടർ

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ മാസം തന്നെ മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ്. ഒരു മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## 13. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 10 ന് മുമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം. പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറി ത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 36, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക.

## 14. ശാഖാ സന്ദർശനങ്ങൾ

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം നെല്ലിക്കാംപൊയിൽ (ഒക്ടോബർ - 2), പൈസക്കരി (ഒക്ടോബർ-9), ചെമ്പേരി (ഒക്ടോബർ - 16), ചെമ്പന്തൊട്ടി (ഒക്ടോബർ-23), തളിപ്പറമ്പ് (ഒക്ടോബർ-30), എന്നീ മേഖ ലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തു ന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

## 15. അഭിനന്ദനങ്ങൾ

മാനന്തവാടി രൂപതയുടെ നിയുക്ത മെത്രാനായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട അലക്സ് താരാമംഗലം അച്ചന് അതിരൂപതാ കുടുംബ ത്തിന്റെ അഭിനന്ദനങ്ങൾ... പ്രാർത്ഥനാശംസകൾ

അതോടൊപ്പം സംസ്ഥാന സമിതി നൽകിവരുന്ന 2022 - 2023 പ്രവർ ത്തന വർഷത്തെ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്ക്കാരത്തിന് റവ. ഫാ. അബ്രാഹം പോണാട്ട് അർഹനായി. പ്രിയപ്പെട്ട അച്ചന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## 16. മദർതെരേസ അനുസ്മരണം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് അതിരൂപതയും പേരാവൂർ മേഖലയും സംയുക്തമായി പേരാവൂർ ശാഖയിലുള്ള കൃപാസദൻ

സന്ദർശിക്കുകയും അവരുമായി സൗഹൃദ സംഭാഷണം നടത്തുകയും ഒരു നേരത്തെ ഭക്ഷണം നൽകുകയും ചെയ്തു. അഗതിമന്ദിര സന്ദർശനം നട ത്താൻ വേണ്ട ക്രമീകരണങ്ങൾ നടത്തിയ അതിരൂപത ഭാരവാഹികളെയും, പേരാവൂർ മേഖലാ ഡയറക്ടർ ബഹു. ജോർജ് ചാലിൽ അച്ചനെയും, ഭാര വാഹികളെയും പേരാവൂർ ഇടവകാംഗങ്ങളെയും സിസ്റ്റേഴ്സിനെയും നന്ദി പൂർവ്വം സ്മരിക്കുന്നു.

## 17. അധ്യാപകദിനം

അധ്യാപക ദിനത്തോടനുബന്ധിച്ച് പേരാവൂർ സെന്റ് ജോൺസ് യു പി സ്കൂളിലെ അധ്യാപകരെ ആദരിച്ചു. പ്രസ്തുത സമ്മേളനം അതിരൂ പത ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അധ്യാ പക ദിനാഘോഷങ്ങൾക്ക് നേതൃത്വം കൊടുത്ത പേരാവൂർ മേഖലാ ഭാരവാഹികൾക്കും ബഹു. തോമസ് കൊച്ചുകരോട്ടച്ചനും സെന്റ് ജോൺസ് യു പി  സ്കൂളിലെ അധ്യാപകർക്കും ഹൃദയംഗമമായ നന്ദി.

## 18. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും,ഡയറക്ടേഴ്സ് ദിനാചരണവും – അതിരൂപതാതലം

11.09.2022 ഞായറാഴ്ച ഒറ്റത്തൈ ശാഖയിൽ വച്ച് അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും ഡയറക്ടേഴ്സ് ദിനാചരണവും നടത്തി. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണത്തിന് വേണ്ട ക്രമീ കരണങ്ങൾ നടത്തിയ ഒറ്റത്തൈ ശാഖാ ഡയറക്ടർ ബഹു. തോമസ് ചക്കി ട്ടമുറിയിൽ അച്ചനും എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മതാധ്യാപകർക്കും അതിരൂപത കുടുംബത്തിന്റെ നന്ദി.

## 19. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം – സംസ്ഥാനതലം

സെപ്റ്റംബർ 10–ാം തീയതി ശനിയാഴ്ച ആർപ്പൂക്കരയിൽ വെച്ച് നടന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാ ഭാരവാഹികൾ  പങ്കെടുത്തു.

## 20. ഓർഗനൈസിംഗ് ടീം മീറ്റിംഗ്

28.08.2022 ഞായറാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോ റിയത്തിൽ വച്ച് ഓർഗനൈസിംഗ് ടീം മീറ്റിംഗ് ചേർന്നു.

## 21. സാഹിത്യ ശില്പശാല

അതിരൂപതാതല സാഹിത്യമത്സര വിജയികൾക്ക് സംസ്ഥാനതല മത്സ രത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യ ശില്പശാല സെപ്റ്റംബർ 20ന് റ്റി എസ് എസ് എസ് മാതാസെന്ററിൽ വച്ചു നടന്നു. നിർമ്മലഗിരി കോളേജ് മലയാളം പ്രൊഫസർ ഫാ. ഫിലിപ്പ് കാരക്കാട്ട് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 28 കുട്ടികൾ ശില്പശാലയിൽ പങ്കെടുത്തു.

## 22. സംസ്ഥാന സാഹിത്യ മത്സരം

21–ാം തീയതി ബുധനാഴ്ച ശ്രീപുരം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ അതിരൂപതയിൽ നിന്ന് 36 കുട്ടികൾ പങ്കെടുത്തു. മത്സരത്തിന് അതിരൂപതാതലത്തിൽ വിജയികളായവരെ പറഞ്ഞയച്ചതിന് മേഖലാ - ശാഖാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് എന്നിവർക്ക് പ്രത്യേകം നന്ദി.

**23. പ്ലാറ്റിനം ജൂബിലി ആന്തമത്സര വിജയികൾ**

| | |
|---|---|
| **I**st | വായാട്ടുപറമ്പ് മേഖല |
| **II**nd | ചെമ്പന്തോട്ടി മേഖല |
| **III**rd | വെള്ളരിക്കുണ്ട് മേഖല |

**24. സ്റ്റാറ്റസ് വീഡിയോ മത്സര വിജയികൾ**

| | | |
|---|---|---|
| **I**st | ജോർജ് മാറാട്ടുകുളം | - മാനടുക്കം |
| **II**nd | അൽഫോൻസ പെരുമനതടത്തിൽ | - കുളിനീർ |
| **III**rd | ആൻകാതറിൻ പുത്തൻപുരയിൽ | - അട്ടക്കട്ടം |
| **III**rd | പോൾബിൻ പുതുമനയറയ്ക്കൽ | - കാവുന്തല |

**25. പ്രച്ഛന്ന വേഷ മത്സര വിജയികൾ**

| | | |
|---|---|---|
| **I**st | ജേക്കബ് ഓണംകുളം | - വായാട്ടുപറമ്പ് |
| **II**nd | മാത്യു കാരക്കാട്ട് | - ഒറ്റത്തൈ |
| **III**rd | ടോം കുളത്തിനാൽ | - പൊൻമല |

**26. പ്ലാറ്റിനം ജൂബിലി പ്രബന്ധരചനാമത്സര വിജയികൾ**

| | | |
|---|---|---|
| **I**st | മഞ്ചുഷ കണ്ടത്തിൽ | - കരിക്കോട്ടക്കരി |
| **II**nd | അഞ്ചു മണലേൽ | - പാടാംകവല |
| **III**rd | ഷീനാമ്മ പടിഞ്ഞാറേടം | - കരുവഞ്ചാൽ |

**27. ശാഖാ സന്ദർശനങ്ങൾ**

**04.09.2022 ഞായർ** : പേരാവൂർ മേഖലയിലെ 15 ശാഖകൾ അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശിച്ചു. ചെട്ടിയാപറമ്പ് - സി. ജിൻസി എം.എസ്.എം.ഐ, പെരുമ്പുന്ന - സി. ആൻലിയ എസ്.എ.ബി.എസ്, മേൽമുരിങ്ങോടി - സി. ഡെൽന എസ്.എ, ബി.എസ്, കണിച്ചാർ - സജി കുന്നത്ത്, കോളയാട് - സി. ആൽഫിയ സി.എം.സി, ആര്യപ്പറമ്പ് - സി. സ്മിജ സി.എം.സി, പൂളക്കുറ്റി - ബാബു പതിപ്പള്ളിൽ, നെടുംപുറംചാൽ - ഷാജി പള്ളുരത്തിൽ, മട്ടന്നൂർ - ജെയ്സൺ പുളിച്ചമാക്കൽ, മഞ്ഞളാംപുറം - സുനിൽ കല്ലിടുക്കിൽ, കല്ലുമുതിരക്കുന്ന് - ബെന്നി മാടപ്പാട്ട്, ഓടംതോട് - ജോബി പനച്ചിക്കൽകരോട്ട്, പേരാവൂർ - ബേബി പ്ലാശ്ശേരി, നിർമ്മലഗിരി - ജിന്റോ പാലക്കാത്തടത്തിൽ, ചെങ്ങോം - സി റോഷ്നി എഫ്.സി.സി.

**18.09.2022 ഞായർ :** പേരാവൂർ മേഖലയിലെ 3 ശാഖകളും, എടൂർ മേഖലയിലെ 9 ശാഖകളും അതിരൂപതാ ഓർഗനൈസിംഗ് ടീം സന്ദർശി

ച്ചു. ചെടിക്കുളം – സി. ആൻലിയ എസ്.എ.ബി.എസ്, വട്ട്യറ – സജി കുന്നത്ത്, എടപ്പുഴ – സി. ആൽഫിയ സി.എം.സി, കരിക്കോട്ടക്കരി – സി. മരിയറ്റ് എം.എസ്.എം.ഐ, കീഴ്പ്പള്ളി – ബാബു പതിപ്പള്ളിൽ, മാങ്ങോട് – ഷാജി പള്ളുരത്തിൽ, ഉരുപ്പുംകുറ്റി –സി. ഡെൽന എസ്.എ.ബി.എസ്, എടൂർ – സുനിൽ കല്ലിടുക്കിൽ, വെളിമാനം – ബേബി പ്ലാശ്ശേരി, രാജമുടി – സി. ജസ്റ്റിന എം.എസ്.എം.ഐ.

എടത്തോട്ടി – സി. സ്മിജ സി.എം.സി, കൊളക്കാട് – സി. ട്രീസാ ജോയി എഫ്.സി.സി.

## 28. സെമിനാറുകൾ, ക്ലാസ്സുകൾ

- 29.08.2022 ന് ബാലേശുഗിരി ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വട ക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.
- 03.09.2022 ന് ചെമ്പേരി മേഖലയിലെ അൾത്താരബിലൻമാർക്ക് ഡയറ ക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ക്ലാസ്സ് എടുത്തു.

## 29. ആദരാഞ്ജലികൾ

ചെറുപുഷ്പ മിഷൻലീഗ് സംഘടനയ്ക്ക് വിശുദ്ധിയുടെയും നിഷ്കള ങ്കതയുടെയും സജീവസാന്നിധ്യം പകർന്നേകി സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട പനത്തടി മേഖലാ ഭാരവാഹിയും എള്ളോക്കൊച്ചി ശാഖ വൈസ്ഡയറക്ടറും ആയ ജിൻസി ടീച്ചറിന്റെ മകൾ ഫിയോണയ്ക്ക് അതി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

## 30. അതിരൂപത സാഹിത്യമത്സര വിജയികൾ 2022–23

**ചെറുകഥ – ജൂണിയർ ബോയ്സ്**

| ഗ്രേഡ് | പേര്, വീട്ടുപേര് | ഇടവക | മേഖല |
|---|---|---|---|
| I B | തോമസ് പുതുപ്പറമ്പിൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| II C | ജോൺ കൊല്ലക്കൊമ്പിൽ | തോമാപുരം | തോമാപുരം |
| III C | ടോം അക്കാട്ടയിൽ | എടക്കോം | മേരിഗിരി |

**ചെറുകഥ – ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | റിയ ഷാജു പുളിക്കൽ | മേലെചൊവ്വ | തളിപ്പറമ്പ് |
| II B | റോസ്മരിയ കാവനാടി | കാർത്തികപുരം | ആലക്കോട് |
| III B | എയ്ഞ്ചൽ മരിയ ചെമ്മരപ്പള്ളിൽ | അട്ടേങ്ങാനം | വെള്ളരിക്കുണ്ട് |

**ചെറുകഥ – സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I B | ഐബൽ ചൂരക്കുന്നേൽ | പരപ്പ | ആലക്കോട് |
| II C | ജോൺ പന്തപ്പള്ളി | കാസർഗോഡ് | കാസർഗോഡ് |
| III C | തോമസ് കുപ്പത്താനത്ത് | പാണത്തൂർ | പനത്തടി |

**ചെറുകഥ - സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I B | മരിയ മൈലാടുംപാറയ്ക്കൽ | കാലിച്ചാമരം | വെള്ളരിക്കുണ്ട് |
| II C | അലീന കുന്നത്തോട്ടാൽ | അടോട്ടുകയ | പനത്തടി |
| III C | ആൻമരിയ വടക്കേപ്പറമ്പിൽ | തോമാപുരം | തോമാപുരം |

**ചെറുകഥ - സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | തോമസ് പൊന്നാട്ട് | ആലക്കോട് | ആലക്കോട് |
| II C | വർഗീസ് പെരുമ്പള്ളി | പാടിച്ചാൽ | ചെറുപുഴ |
| III C | വിനിൽ ചെറുചെരുപ്പിൽ | പയ്യാവൂർ | പൈസക്കരി |

**ചെറുകഥ - സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ഷീബ ചിറ്റടിയിൽ | എടൂർ | എടൂർ |
| II A | അൽഫോൻസ തയ്യിൽ | ചെറുപുഴ | ചെറുപുഴ |
| III B | ബിന്ദു ആലാനിക്കൽ | കച്ചേരിക്കടവ് | കുന്നോത്ത് |

**കവിത - ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോർജ്ജ് പുതിയിടത്ത് | മാനടുക്കം | പനത്തടി |
| II B | ബ്ലസൻ ബിപിൻ പുളിക്കൽ | പൊട്ടംപ്ലാവ് | ചെമ്പേരി |
| III B | ടോൺ സെബിൻ മരോട്ടിപ്പറമ്പിൽ | മണിപ്പാറ | നെല്ലിക്കാംപൊയിൽ |

**കവിത - ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | ദിൽഷ ചെത്തിയിൽ | ചന്ദനക്കാംപാറ | പൈസക്കരി |
| II A | തെരേസ കാവുങ്കൽ | ചെടിക്കുളം | എടൂർ |
| III B | അനുഗ്രഹ നെല്ലിയാനിയിൽ | ചരൾ | കുന്നോത്ത് |

**കവിത - സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I B | അലൻ പല്ലാട്ട് | തോമാപുരം | തോമാപുരം |
| II B | ആൽബർട്ട് ചെറുകുന്നത്ത് | ഒറ്റത്തൈ | ആലക്കോട് |
| III B | മാത്യു പാലാക്കുഴിയിൽ | മണിക്കടവ് | നെല്ലിക്കാംപൊയിൽ |

**കവിത - സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I B | തെരേസ അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |
| II B | ലിസ മരിയ പാമ്പാടിയിൽ | കണിച്ചാർ | പേരാവൂർ |
| III B | ജ്യുവൽ വട്ടക്കണ്ടത്തിൽ | ഉദയപുരം | കാഞ്ഞങ്ങാട് |

**കവിത - സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോർജ് മുക്കൽ | പേരാവൂർ | പേരാവൂർ |
| II A | ജോസഫ് നെല്ലംകുഴി | കുടിയാന്മല | ചെമ്പേരി |
| III B | ജോൺസൺ ഇലഞ്ഞിക്കോട്ട് | ചേപ്പറമ്പ് | ചെമ്പന്തൊട്ടി |

**കവിത - സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | മരിയ ചിറ്റംവേലി | ചെടിക്കുളം | എടൂർ |

| | | | |
|---|---|---|---|
| II A | ജൂലി ജോസ് പൈനാടത്ത് | പുലിക്കുരുമ്പ | ചെമ്പേരി |
| III A | ഡീന വകത്തിൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |

**ഉപന്യാസം - ജൂണിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജെഫിൻ പടിഞ്ഞാറെമുറിയിൽ | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| II A | ഡെൽവിൻ നടുവത്താനി | പേരാവൂർ | പേരാവൂർ |
| III B | യേശുദാസ് കോച്ചേരിൽ | പേരട്ട | കുന്നോത്ത് |

**ഉപന്യാസം - ജൂണിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | സേറാലീസ് വെട്ടിക്കാട്ട് | എടൂർ | എടൂർ |
| II B | റോസ്മരിയ പുത്തൻപുരയ്ക്കൽ | വിമലശ്ശേരി | മേരിഗിരി |
| III B | എയ്ഞ്ചലീന തയ്യിൽ | ബദിയടുക്ക | കാസർഗോഡ് |

**ഉപന്യാസം - സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I B | ടോം പരിയാരത്തുകുന്നേൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| II B | ജോയൽ അഗസ്റ്റിൻ മഞ്ഞളാങ്കൽ | ബദിയടുക്ക | കാസർഗോഡ് |
| III B | അഗസ്റ്റിൻ താന്നിക്കുഴിയിൽ | കുന്നോത്ത് | കുന്നോത്ത് |

**ഉപന്യാസം - സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I A | അന്നമ്മ കൂട്ടുങ്കൽ | ചെട്ടിയാപറമ്പ് | പേരാവൂർ |
| II A | അൽഫോൻസ വെള്ളിമംഗലത്ത് | അടോട്ടുകയ | പനത്തടി |
| III B | എലിസബത്ത് ഇടശ്ശേരികാട്ടിൽ | ജോസ്ഗിരി | ചെറുപുഴ |

**ഉപന്യാസം - സൂപ്പർ സീനിയർ ബോയ്സ്**

| | | | |
|---|---|---|---|
| I A | ജോസഫ് ഇല്ലിക്കൽ | അട്ടേങ്ങാനം | വെള്ളരിക്കുണ്ട് |
| II A | ദേവസ്യ തൈപ്പറമ്പിൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ |
| III A | അമൽ പള്ളത്ത് | കുന്നുംകൈ | തോമാപുരം |

**ഉപന്യാസം - സൂപ്പർ സീനിയർ ഗേൾസ്**

| | | | |
|---|---|---|---|
| I B | ഷീബ സജി തിരുധാളിൽ | പനത്തടി | പനത്തടി |
| II B | ഷിജി ചെത്തിപ്പുഴ | മേരിഗിരി | മേരിഗിരി |
| III B | തെരേസ വട്ടപ്പള്ളിൽ | അട്ടേങ്ങാനം | വെള്ളരിക്കുണ്ട് |

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയിൽ നിന്നും കൂടുതൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും എപ്പോഴും അമ്മയുടെ സംരക്ഷണം ലഭിക്കുവാനുമായി ജപമാലചൊല്ലി പ്രാർത്ഥിക്കുവാനും ഇടവകാദൈവാലയത്തിലെ കൊന്തനമസ്ക്കാരത്തിൽ പങ്കെടുക്കുവാനും വ്യക്തിപരമായി ജപമാല ചൊല്ലുവാനും ഈ ഒക്ടോബർ മാസം കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | കാവൽമാലാഖ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : | വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസീസ് അസ്സീസി, വി. അമ്മത്രേസ്യാ |
| പ്രാർത്ഥനാനിയോഗം | : | എല്ലാ മാതാപിതാക്കൾക്കും വേണ്ടി |
| സുകൃതംജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ |
| വചനം | : | മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏതൊരുവനേയും ദൈവത്തിന്റെ ദൂതൻമാരുടെ മുമ്പിൽ മനുഷ്യപുത്രനും ഏറ്റുപറയും (വി. ലൂക്കാ. 12:8) |
| *പ്രവൃത്തി* | : | 10 ദിവസത്തെ വി. കുർബാനയിലും കൊന്തനമസ്ക്കാരത്തിലും കുട്ടികളെ പങ്കെടുപ്പിക്കുക; ജപമാല ചൊല്ലാൻ കുട്ടികളെ പഠിപ്പിക്കുക. |
| മനഃപാഠമാക്കുക | : | സന്തോഷത്തിന്റെ രഹസ്യം പഠിപ്പിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ജപമാലയുടെ 4 രഹസ്യങ്ങളും കാണാതെ പഠിച്ച് ചൊല്ലി കേൾപ്പിക്കുന്ന കൊച്ചുകൂട്ടുകാർക്ക് ശാഖാതലത്തിൽ സമ്മാനങ്ങൾ നൽകുക. |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 ശനി | : | വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, |
| 2 ഞായർ | : | കാവൽമാലാഖമാരുടെ തിരുനാൾ |
| 4 ചൊവ്വ | : | വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ |
| 12 ബുധൻ | : | വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനാചരണം |
| 15 ശനി | : | വി. അമ്മത്രേസ്യായുടെ തിരുനാൾ |
| 23 ഞായർ | : | മിഷൻ ഞായർ |
| 31 ശനി | : | ജപമാലമാസ സമാപനം |

**2) ഈശോയെപ്പോലെ സ്നേഹത്തിൽ വളരാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ സ്നേഹിക്കാം എന്ന നാലാം അധ്യായം പഠിക്കാം. വലുപ്പചെറുപ്പം ഇല്ലാതെ മുഖം നോക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്നവനാണ് ഈശോ. കൂട്ടുകാരെ, നമുക്കും ഈശോയെപ്പോലെ എല്ലാവരെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്യാം.

**3) നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സ്നേഹിക്കാം എന്ന നാലാം അധ്യായത്തിലെ പേജ് 23 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**4) നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സ്നേഹിക്കാം എന്ന നാലാം അധ്യായത്തിലെ പേജ് 24 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ഒക്ടോബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5) ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ ഒക്ടോബർ മാസം നെല്ലിക്കാംപൊയിൽ (ഒക്ടോ. - 2), പൈസക്കരി (ഒക്ടോ. -9), ചെമ്പേരി (ഒക്ടോ. - 16), ചെമ്പന്തൊട്ടി (ഒക്ടോ. -23), തളിപ്പറമ്പ്(ഒക്ടോ. -30), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിരുബാലസഖ്യം ആനിമേറ്റേഴ്സ് അന്നേ ദിവസം തിരുബാലസഖ്യം റെക്കോഡുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

**6) നിറം കൊടുക്കാമോ സെപ്റ്റംബർ മാസത്തെ വിജയികൾ**

I എയ്ഞ്ചൽ ഐക്കരകാനായിൽ - കാസർഗോഡ്
II ജോസഫ് ചാത്തനാട്ട് - ബദിയഡുക്ക
III ജിയോൾ പൈങ്ങോട്ട് - ചെമ്പേരി

**7) നിങ്ങൾക്കറിയാമോ സെപ്റ്റംബർ മാസത്തെ വിജയികൾ**

I എലിസബത്ത് സുബിൻ - നെല്ലിയടുക്കം
II മരിയ മാവുങ്കൽ - നെല്ലിക്കുറ്റി
III റോൺ ബിന്നി കണ്ടനാട്ട് - രാജമുടി

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

"യുവജനങ്ങളെ, നിങ്ങൾ സഭയുടെ ഭാവി മാത്രമല്ല, വർത്തമാന സഭയുടെ ഏറ്റവും ശക്തമായ സമ്പത്തും ഉറവിടവുമാണ്. "
*(ബെനഡിക്ട് പതിനാറാമൻ പാപ്പ)*

പ്രിയപ്പെട്ട വൈദികരേ, മാതാപിതാക്കളേ, യുവജനങ്ങളെ,

ജപമാല മാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം നമുക്ക് തേടാം. ലോകം മുഴുവനെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ഒക്ടോബർ 1 ആഗോള മിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ദിനത്തിൽ എല്ലാ മിഷണറിമാരെയും ഓർത്ത് പ്രാർത്ഥിക്കാം. ഗാന്ധിജയന്തി ദിനത്തിൽ പരിസരങ്ങൾ വൃത്തിയാക്കുന്നതിന് ശ്രമിക്കാം.

## പ്രവർത്തനവർഷ ഉദ്ഘാടനം (ഒക്ടോബർ 8)

കെസിവൈഎം തലശ്ശേരി അതിരൂപത 2022-23 സമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനം ഒക്ടോബർ 8ന് ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതാണ്.

## സംയുക്ത സിൻഡിക്കേറ്റ്

ഫൊറോന ഡയറക്ടന്മാർ ആനിമേറ്റർമാർ സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവരുടെ സംയുക്ത മീറ്റിംഗ്സ് ഒക്ടോബർ 22ന് തളിപ്പറമ്പിൽ വച്ച് നടത്തപ്പെടുന്നതാണ്. ബഹു. ഡയറക്ടറച്ചന്മാരും ആനിമേറ്റേഴ്സും സിൻഡിക്കേറ്റ് അംഗങ്ങളും പങ്കെടുക്കുമല്ലോ.

## ജപമാല മാസം

പരി. അമ്മയുടെ സ്തുതിക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ദിവസങ്ങളായി മാറ്റം. ഫൊറോന സമിതികൾ എല്ലായൂണിറ്റിലും ഓരോ ദിവസം ജപമാലയർപ്പണം നടത്താൻ ശ്രദ്ധിക്കുമല്ലോ. യൂണിറ്റിലെ അംഗങ്ങളും ഫൊറോന സമിതിയും ഒന്നു ചേർന്ന് എല്ലാ ഇടവകയിലും ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

## മിഷ്നറിമാരെ ആദരിക്കാം

നിങ്ങളുടെ ഫൊറോനയിൽ മിഷനറിമാരായി ജോലിചെയ്യുന്നവരെയും മിഷൻ കോൺഗ്രിഗേഷനുകളിലെ സന്യസ്തരെയും സന്ദർശിച്ച് ആശംസകളറിയിക്കുവാനും മധുരം പങ്കുവയ്ക്കുവാനും ശ്രദ്ധിക്കുമല്ലോ.

## Clean City പദ്ധതി ഗാന്ധിജയന്തി ആഘോഷം

രാഷ്ട്ര പിതാവിന്റെ ഓർമ്മദിനം നമ്മുടെ ടൗണുകളും ഗ്രാമങ്ങളും ശുചീകരിക്കുന്ന നന്മയുടെ ദിനമാക്കി മാറ്റാം. എല്ലാ ഫൊറോന സമിതികളും അടുത്തുള്ള sign ബോർഡുകൾ വൃത്തിയാക്കി സാമൂഹ്യ സേവനത്തിലേർപ്പെടുമല്ലോ.

**2021–2022 സമിതിക്ക് നന്ദിയോടെ... :** 2021–22 തലശ്ശേരി അതിരുപത കെസിവൈഎം, എസ്എംവൈഎം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ശ്രി. ജോയൽ തൊട്ടിയിലിന്റെ നേതൃത്വത്തിലുള്ള സമിതിക്ക് അഭിനന്ദനങ്ങളും നന്ദിയും. ഉണരാം... നവീകരിക്കാം എന്ന മുദ്രാവാക്യവുമായി ധീരമായി മുന്നേറിയ സമിതിക്ക് വിജയകരമായി പുർത്തിയാക്കാൻ സാധിച്ചു. ഒരുവർഷക്കാലം അഭിമാനത്തിന്റെയും, ആത്മാർപ്പണത്തിന്റെയും മുന്നേറ്റത്തിന്റെയും കാലമായിരുന്നു. എല്ലായിപ്പോഴും ഒരുമയോടെ കൂട്ടായ്മയോടെ സഹകരണത്തോടെ മുന്നേറിയതാണ് സമിതിയുടെ വിജയം. ഫൊറോനയിലെ എല്ലാ യൂണിറ്റുകളെയും ചേർത്ത് നിർത്തി സമിതി പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ – അഗതി ദിനാചരണം (കാരുണ്യസ്പർശം), പിഎസ്സി കോച്ചിംങ്ങ് ഉദ്ഘാടനം, കല്ലറങ്ങാട്ട് പിതാവിന് ഐക്യദർാഢ്യം, കർഷക സമരത്തിന് ഐക്യദർാഢ്യം, പ്രവർത്തനവർഷ ഉദ്ഘാടനവും, കർമ്മ പദ്ധതി പ്രകാശനവും REVIVE (ഉണരാം ..നവീകരിക്കാം...), സ്നേഹാദരം, VISITA - 21 (ഫൊറോന സന്ദർശനം), അടുപ്പു കൂട്ടി സമരം, പിന്നോട്ട് നടപ്പ് സമരം, മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അവാർഡ് – സമരിറ്റൻ ഹോമിന്, റൊസാരിയും 2k21, RISPETTO 2K21 GLORIA, 2k21, BLOOMS (Bring The Leaders For Our Mission) അമ്മയോടൊപ്പം, ജൈവയുവ കർഷകർക്ക് ആദരം, ജൂബിലി സമ്മാനവുമായി അഗതി മന്ദിരങ്ങളിൽ, സ്റ്റാറ്റസ് വീഡിയോ നിർമ്മാണ മത്സരം, കൊട്ടത്തലച്ചി തീർത്ഥാടനം, യുവയ്ക – വനിതാ ദിനാഘോഷം, സ്വയരക്ഷാ പരിശീലന ക്ലാസ്സ്, ക്രിക്കറ്റ് ടൂർണമെന്റ്, സ്നേഹപ്പൊതി – അഗതിമന്ദിരങ്ങളിൽ പൊതിച്ചോറ്, മാതൃദിനം, കെസിവൈഎം സമരിറ്റൻ ടാസ്ക് ഫോഴ്സ് State Level നേഴ്സസ് ഡെ ദിനചരണം, ആദരം, അഭിനന്ദനം, യുവജനദിനാഘോഷം, തിര 2k22 തീരദേശ പഠന ക്യാമ്പ്, മീഡിയ വർക്ക് ഷോപ്പ്, തിരുവനന്തപുരം സെക്രട്ടറിയേറ്റ് ധർണ, ബഫർസോൺ (സമര സന്നാഹബൈക്ക് റാലി), വി. തോമസ്സ് മൂർ ദിനാചരണം, സ്വാതന്ത്രദിനാഘോഷം, MISSIO 2k22 – മിഷൻ പഠനയാത്ര, ഉജ്ജെയിൻ യുവജന സംഗമം ജോയലിന്റെ നേതൃത്വത്തിലുള്ള സമിതി – ജനറൽ സെക്രട്ടറി അഖിൽ ചാലിൽപുത്തൻപുരയിൽ, വൈസ്പ്രസിഡന്റ് സരിക കൊന്നക്കൽ, ഡെപ്യൂട്ടി പ്രസിഡന്റ് ജിബിൻ തുണ്ടത്തിൽ, സെക്രട്ടറി സോജോ ചക്കാലക്കൽ, ജോയിൻ സെക്രട്ടറി അമയ, ട്രഷറർ ടോമിൻ തോമസ് പോൾ, സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായ ഷിജോ നിലക്കപ്പള്ളി, നീന പറപ്പള്ളി എന്നിവരുടെ അകമഴിഞ്ഞ സഹകരണവും പ്രവർത്തനങ്ങളുമാണ് ഈ പ്രവർത്തന വിജയങ്ങൾക്ക് നിദാനമായത്. ജോയലിന്റെ നേതൃത്വത്തിലുള്ള അതിരൂപതാ സമിതിക്ക് എല്ലാ യുവജനങ്ങളുടെയും ആത്മാർത്ഥമായ നന്ദിയും വിജയാശംസകളും നേരുന്നു.

## എക്സ്പ്ലോറ 2k22

2022 – 2023 പ്രവർത്തനവർഷത്തിലേക്കുള്ള അതിരൂപത ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി 2022 ഓഗസ്റ്റ് 28 ന് പടന്നക്കാട് സ്റ്റെല്ലാമേരിസ് സ്കൂളിൽവച്ച് നടത്തപ്പെട്ടു. അതിരൂപതയിലെ 16 ഫൊറോനകളിൽ നിന്നുമുള്ള ഭാരവാഹികൾ പങ്കെടുത്ത വാർഷിക സെനറ്റ് യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

8 മണിക്ക് വി. ബലിയോടെ ആരംഭിച്ചു. പതാക ഉയർത്തലോടെ സെനറ്റ് ഹാളിൽ പ്രവേശിച്ചു. സെനറ്റ് സമ്മേളനം മോൺ. ജോസഫ് ഒറ്റപ്ലാക്കലച്ചൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വികാരി ജനറാൾ റവ. ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ ആശംസകളറിയിച്ച് സംസാരിച്ചു.

2022 –23 വർഷത്തിലേക്ക് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ – പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ (എടൂർ ഫെറോന), ജനറൽ സെക്രട്ടറി – നിഖിൽ സാബു (കാഞ്ഞങ്ങാട് ഫൊറോന), വൈസ്പ്രസിഡന്റ് – റിജു കൃഷ്ണതൊടുകയിൽ (മേരിഗിരി ഫൊറോന), വൈസ്പ്രസിഡന്റ് – ലിനറ്റ് മരിയ (കുന്നോത്ത് ഫൊറോന) സെക്രട്ടറിമാരായ – നിഥിൻ ഐന്തിങ്കൽ (ചെറുപുഴ ഫൊറോന) സ്നേഹ സെബാസ്റ്റ്യൻ (പനത്തടി ഫൊറോന) ട്രഷറർ – ജോയൽ ജോയ് (ചെമ്പരി ഫൊറോന) എന്നിവരെ തിരഞ്ഞെടുത്തു.

എക്സ്പ്ലോറ ഏറ്റെടുത്ത് നടത്തിയ കാഞ്ഞങ്ങാട് ഫൊറോനയിലെ യുവജന നേതൃത്വത്തെ അഭിനന്ദിക്കുന്നു. സ്ഥലസൗകര്യങ്ങൾ ഒരുക്കി തന്ന സ്റ്റെല്ലാമേരിസ് സ്കൂളിലെ അധികാരികൾക്കും ക്രമീകരണങ്ങൾ ഒരുക്കിയ ഡയറക്ടേഴസ്, ആനിമേറ്റേഴ്ഴ്, യൂണിറ്റ്, ഫൊറോന തലങ്ങളിലെ യുവജനങ്ങൾ എല്ലാവർക്കും അതിരൂപതാ യുവജനകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## ട്രീസ ജോളിക്ക് ആദരം

കോമൺവെൽത്ത് ഗെയിംസിൽ ഇരട്ടമെഡൽ നേട്ടത്തോടെ രാജ്യത്തിനഭിമാനമായ പുളിങ്ങോം ഇടവകാംഗമായ ട്രീസാ ജോളിക്ക് തലശ്ശേരി അതിരൂപതാ കെസിവൈഎം ന്റെ ആദരം. അതിരൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ പൊന്നാടയണിയിച്ചും മൊമന്റോ നല്കിയും ആശംസകളറിച്ചു. അതിരൂപത ജനറൽ സെക്രട്ടറി നിഖിൽ സാബു, വൈസ് പ്രസിഡന്റ് റിജു മാത്യു, സെക്രട്ടറി നിതിൻ, ആനിമേറ്റർ സി. പ്രിതി മരിയ, ചെറുപുഴ ഫൊറോന പ്രസിഡന്റ് ആൽബിൻ പൂക്കുളത്തേൽ, പുളിങ്ങോം യൂണിറ്റ് പ്രസിഡന്റ് അൽബിൻ ജോർജ്, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

**യുവ അദ്ധ്യാപകർക്ക് സ്നേഹാദരം:** അദ്ധ്യാപക ദിനത്തിൽ യുവ അദ്ധ്യാപകരെ ആദരിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതാ. ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിൽ വച്ച് നടത്തിയ ചടങ്ങിന് അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ മറ്റ് രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**ഓണാഘോഷങ്ങൾ:** വിവിധ ഫൊറോനകളുടെ നേതൃത്വത്തിൽ 2022 ലെ ഓണം മനോഹരമായി കൊണ്ടാടി. മലയാളിയുടെ മനസ്സിനിണങ്ങിയ കലകളും കളികളുമായി ഓണവിരുന്നൊരുക്കി കെസിവൈഎം പ്രവർത്ത കർ മാതൃകയായി. പ്രിയപ്പെട്ട എല്ലാ ഫൊറോന പ്രസിഡന്റുമാർക്കും, ബഹു. ഡയറക്ടറച്ചൻമാർക്കും യുവജന സുഹൃത്തുക്കൾക്കും അതിരൂപതാ യുവജനകുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**മനുഷ്യചങ്ങല തീർത്ത് കെസിവൈഎം :** ദുരിതമനുഭവിക്കുന്ന വിഴി ഞ്ഞത്തെ കടലോര മക്കൾക്ക് ഐക്യദാർഢ്യമറിയിച്ച് മനുഷ്യ ചങ്ങലതീർത്ത് കെസിവൈഎം തലശ്ശേരി മുൻപ്രസിഡന്റ് ജോയൽ ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജിന്സ് വാളിപ്ലാക്കൽ അതിരൂപതാ ഭാരവഹികൾ, ഫൊറോന പ്രസിഡന്റുമാർ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

## പ്രാർത്ഥനാ നിയോഗവുമായി എട്ടുനോമ്പാചരണം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ എട്ടുനോ മ്പാചരണത്തോടനുബന്ധിച്ച് 17 ഫൊറോന സമിതികളിലെയും യുവജന ങ്ങളെയും സമർപ്പിച്ച് പ്രാർത്ഥന നടത്തി. സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കി യും, ജപമാല ചൊല്ലിയും എട്ടുനോമ്പാ ചരണം കൃപയുടേതാക്കിമാറ്റി.

**നിമിഷ ടോം – അനുസ്മരണം:** 2019 ലെ കെസിവൈഎം, എസ്എം വൈഎം തലശ്ശേരി അതിരൂപത ജോയിൻസെക്രട്ടറിയായിരിക്കെ ആകസ്മി കമായി ഈ ലോകത്തിൽ നിന്നും യാത്രയായ പ്രിയ നിമിഷയുടെ മൂന്നാം ചരമവാർഷികം നിമിഷയുടെ ഇടവക മണ്ഡപം ദേവാലയത്തിൽ വച്ച് നട ന്നു. അതിരൂപതാ സമിതിയംഗംങ്ങളും തിരുകർമ്മങ്ങളിൽ പങ്കുചേർന്നു.

## മോൺ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ അനുസ്മരണം

തലശ്ശേരി അതിരൂപത കെസിവൈഎം പ്രസ്ഥാനത്തെ 2003 മുതൽ 2007 വരെ യുവജനങ്ങളുടെ ഹൃദയത്തുടിപ്പുകൾ തിരിച്ചറിഞ്ഞ് ധീരതയോടെ നയിച്ച മോൺ.കുര്യാക്കോസ് മുണ്ടപ്ലാക്കലച്ചന്റെ ആകസ്മികമായ വേർപാ ടിന്റെ 2-ാം വർഷത്തിൽ അച്ചന്റെ പാവന സ്മരണക്ക് മുമ്പിൽ തലശ്ശേരി അതിരൂപത യുവജനകുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജ ലികൾ. അതിരൂപതാ സമിതിയോടൊപ്പം കള്ളാർ ഇടവക വികാരി വക്കച്ച നച്ചനും, വെള്ളരിക്കുണ്ട് ഫൊറോന പ്രസിഡന്റ് സിൽജനും അച്ചന്റെ കല്ലറ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**വിവാഹാശംസകൾ:** വിവാഹജീവിതത്തിലേക്ക് പ്രവേശിച്ച കെസിവൈ എം, സംസ്ഥാന സെക്രട്ടറി ഷിജോ നിലക്കപ്പള്ളിക്കും വധു തലശ്ശേരി അതി രൂപത കെസിവൈഎം സംസ്ഥാന സിൻഡിക്കേയ്റ്റ് അംഗം നീന പറ പ്പള്ളിക്കും സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**

ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) Offline MPC Classes

2022 ജൂൺ മാസം മുതൽ ഓഫ്‌ലൈനായി എം.പി.സി കോഴ്സുകൾ ക്രമീകരിച്ചിരിക്കുകയാണ്. മൂന്നുദിവസത്തെ താമസിച്ചുള്ള കോഴ്സുകൾ പടന്നക്കാട്, തലശ്ശേരി സെന്ററുകളിൽ വച്ചു നടത്തുന്നു. കോഴ്സ് ഡേറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റിൽ (www.familytly.com) അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും കോഴ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| | | |
|---|---|---|
| **MPC 2022** | | |
| November | 03 - 05 | (Thursday, Saturday) Thalassery |
| December | 15 - 17 | (Thursday, Saturday) Thalassery |
| **MPC 2023** | | |
| January | 26 - 28 | (Thursday, Saturday) Padannakkad |
| February | 23 - 25 | (Thursday, Saturday) Thalassery |
| March | 16 -18 | (Thursday, Saturday) Padannakkad |
| April | 20 -22 | (Thursday, Saturday) Thalassery |
| May | 25 - 27 | (Thursday, Saturday) Padannakkad |

## Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം. പി.സി. യുടെ ഫീസ് 1250 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## 3. Online MPC 2022     Online MPC 2023

December 5 - 7     March 27 - 29

**Time Schedule**
- Ist Day 10.00 am - 05.00 pm
- IInd Day 02.00 pm - 07.00 pm
- IIIrd Day 02.00 pm - 07.00 pm

**4. Prolife Marriage Bureau**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com  Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് എല്ലാ മിഷണറിമാർക്കു വേണ്ടിയും പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം യൂണിറ്റുകളിൽ ജപമാലറാലി നടത്തുക, ദത്ത് ഭവനങ്ങൾ സന്ദർശിക്കുക.

3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല**
   വായാട്ടുപറമ്പ്മേഖല
   കഴിഞ്ഞമാസം പ്രോഗ്രാം നൽകിയ പൈസക്കരി മേഖലയ്ക്ക് ഹൃദ്യമായ നന്ദി

**4. മാതൃവേദി പ്രവർത്തന പദ്ധതി – ഒക്ടോബർ 2022**

1 – വി. കൊച്ചുത്രേസ്യ
2 – കാവൽ മാലാഖ, ഗാന്ധിജയന്തി
4 – വി. ഫ്രാൻസീസ് അസ്സീസി
5 – **വെബിനാർ – ആരോഗ്യവും ശുചിത്വവും**
7 – ജപമാല രാജ്ഞി – ജപമാല ചങ്ങല പുതിയ അംഗങ്ങളെ ചേർക്കുന്നു.
15 – ആവിലായിലെ വി.ത്രേസ്യ
**ബിബ്ലിയ – ബൈബിൾ ക്വിസ് മത്സരം**
16 – മിഷൻ ഞായർ – മിഷൻ സഹായം
**സ്പിരിച്വൽ ഗാതറിംഗ് (ഓൺലൈൻ, 08.30am– 09.30am)**
18 – 20 – സഖറിയാസ് കൺവെൻഷൻ – പൈസക്കരി
22 – വി. ജോൺ പോൾ രണ്ടാമൻ
24 – **ഡിബേറ്റ് – അതിരൂപതാതല മത്സരം**
26 – 28 – സഖറിയാസ് കൺവെൻഷൻ – ചെമ്പേരി
28 – വി. യൂദാശ്ലീഹ
29 – **അതിരൂപതാ സെനറ്റ് മീറ്റിംഗ്**

**തൂവാനീസ നിയോഗം** : എല്ലാ മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കുക.
**യൂണിറ്റ്തല പ്രവർത്തനം** : യൂണിറ്റുകളിൽ ജപമാല റാലി നടത്തുക, ദത്ത് ഭവനങ്ങൾ സന്ദർശിക്കുക.
**ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല:**
വായാട്ടുപറമ്പ് മേഖല

**5. മാതൃസംഗമം:** സെപ്റ്റം. 4–ാം തീയതി കാർത്തികപുരം യൂണിറ്റിലെ അമ്മമാർക്കായി മാതൃസംഗമങ്ങൾ നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സംഗമങ്ങൾ ഉദ്ഘാടനം ചെയ്ത് ക്ലാസ് എടുത്തു.

## 6. മാതൃസ്പർശം

മാതൃവേദി അംഗങ്ങളുടെ പെൺമക്കൾക്കായുള്ള പഠനസഹായമായ മാതൃസ്പർശം ധനസഹായം ഓരോ മേഖലയ്ക്കും 4000 രൂപവീതം കൊടുത്തു.

## 7. കവിതാപാരായണ മത്സരം

മാതൃത്വം മഹനീയം എന്ന വിഷയത്തെ ആസ്പദമാക്കി മാതൃവേദി അംഗങ്ങൾക്കായി നടത്തിയ കവിതാപാരായണ മത്സരം ഓൺലൈനായി നടത്തി. മേഖലയിൽ നിന്നും മികച്ച 3 എണ്ണം സെലക്റ്റ് ചെയ്ത് രൂപതയിലേക്ക് അയക്കുകയും, ആകെ ലഭിച്ച 48 കവിതകളിൽ നിന്നും വിജയികളായവരെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## വിജയികളായവർ

**ഒന്നാം സ്ഥാനം :** അൽഫോൻസ കളരിക്കൽ, ആടാംപാറ (പൈസക്കരി മേഖല)
**രണ്ടാം സ്ഥാനം :** ലിജി തോട്ടത്തിൽ, കച്ചേരിക്കടവ് (കുന്നോത്ത് മേഖല)
**മൂന്നാം സ്ഥാനം :** സിജി മാവുങ്കൽ, നെല്ലിക്കുറ്റി (ചെമ്പേരി മേഖല)

**പ്രോത്സാഹന സമ്മാനങ്ങൾ**

1) സോളി കരവട്ടയിൽ - കോളയാട് (പേരാവൂർ മേഖല)
2) അൽഫോൻസ പഴയരുതോട്ടം - വട്ടിയറ (എടൂർ മേഖല)
3) ഷാൻ സാജൻ പുന്നക്കൽ - കോട്ടൂർ (ചെമ്പന്തൊട്ടി മേഖല)
4) സെലിൻ ജോസ് പടിഞ്ഞാറെമുറി - മണക്കടവ് (അലക്കോട് മേഖല)
5) ലാലി ഷാജി വെക്കത്താനം - ആലക്കോട് (ആലക്കോട് മേഖല)

## 8. സെന്റ് മോനിക്ക - അതിരൂപതാതല ആചരണം

ആഗസ്റ്റ് 8-ാം തീയതി പേരാവൂർ മേഖലപള്ളിയിൽ വച്ച് സെന്റ് മോണിക്ക അതിരൂപതാതല ആചരണം നടന്നു. പേരാവൂർ മേഖലാ ആനിമേറ്റർ സി. ലിസ്ബിൻ എസ്.എച്ച്. സ്വാഗതമാശംസിച്ച ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി ഡോ. ഗ്രേയ്സമ്മ അലോഷ്യസ് അദ്ധ്യക്ഷത വഹിച്ചു. ഫോറോന വികാരി റവ. ഫാ. തോമസ് കൊച്ചുകരോട്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ശേഷം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ മുഖ്യപ്രഭാഷണവും പാലിയേറ്റീവ് മദേഴ്സ് കെയറിന്റെ മേഖലാതല ഉദ്ഘാടനവും ചെയ്തു. പേരാവൂർ മേഖലാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം അനുഗ്രഹപ്രഭാഷണവും അതിരൂപതാ ആനിമേറ്റർ സി. പൗളിൻ സി. എച്ച്.എഫ്, റീജന്റ് ബ്രദർ ആദിത്ത് പാഴൂത്തടത്തിൽ, രൂപതാ സെനറ്റ് മെമ്പർ ശ്രീമതി സെലിൻ കളരിക്കൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ശേഷം മേഖലാ പ്രസിഡണ്ട് ശ്രീമതി ജിഷ സജി പുലിയുറുമ്പിൽ നന്ദിയർപ്പിച്ചതോടെ മീറ്റിംഗിന് സമാപനമായി.

## 9. എക്സിക്യൂട്ടീവ് മീറ്റിംഗ്

മാതൃവേദിയുടെ അതിരൂപതാതല എക്സിക്യൂട്ടീവ് മീറ്റിംഗ് ഓൺലൈനായി ആഗസ്റ്റ് 28-ാം തീയതിയും, സെപ്റ്റംബർ 1, 19 തീയതികളിൽ നടന്നു.

സെപ്റ്റംബർ 3-ാം തീയതി അതിരൂപതാതല എക്സിക്യൂട്ടീവ് മീറ്റിംഗ് തളിപ്പറമ്പ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെ നടന്നു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ, മേഖലാ ആനിമേറ്റേഴ്സ്, മേഖലാ പ്രസിഡണ്ടുമാർ എന്നിവർ പങ്കെടുത്തു. മീറ്റിംഗിൽ വരുംപദ്ധതികളെപ്പറ്റി ചർച്ചയും വിശകലനവും നടന്നു.

## 10. ഇലക്ഷൻ

- മാതൃവേദിയുടെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുവാൻ യൂണിറ്റുകളും മേഖലകളും സഹകരിക്കുക. 2 വർഷത്തേക്കാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. യൂണിറ്റുകളിൽ ഒക്ടോബർ 20 ന് മുമ്പായി തെരഞ്ഞെടുത്ത് മേഖലയിൽ ലിസ്റ്റ് നൽകുക. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നവം. 15 നുള്ളിൽ പൂർത്തീകരിച്ച് രൂപതയിൽ ലിസ്റ്റ് നൽകേണ്ടതാണ്.
- തെരഞ്ഞെടുപ്പ് ഈ വർഷം നടത്താത്ത യൂണിറ്റുകൾ നിലവിലുള്ള ഭാരവാഹികളുടെ ലിസ്റ്റ് തന്നെ ഏൽപ്പിക്കേണ്ടതാണ്. യൂണിറ്റുകളിൽ 5 ഭാരവാഹികളെയും 2 സെനറ്റ് മെമ്പർമാരെയും തെരഞ്ഞെടുക്കേണ്ടതാണ്.
- മേഖല തെരഞ്ഞെടുപ്പിനുള്ള നിബന്ധനകളും സമയവും മേഖല സമിതി മുൻകൂട്ടി യൂണിറ്റുകളിൽ അറിയിക്കേണ്ടതാണ്. യൂണിറ്റ് പ്രസിഡണ്ട്മാരിൽ നിന്നാണ് മേഖല പ്രസിഡണ്ടിനെ തെരഞ്ഞെടുക്കേണ്ടത്. മറ്റു തസ്തികകളിലേക്ക് ബാക്കിയുള്ള ഭാരവാഹികളിൽ നിന്ന് തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്. യൂണിറ്റ് സെനറ്റർമാരിൽ നിന്ന് രണ്ട് സെനറ്റു മെമ്പർമാരെ മേഖല സെനറ്റിലേക്ക് തെരഞ്ഞെടുക്കുക. ഇലക്ഷനിൽ ഭാരവാഹികൾക്കും സെനറ്റുമെമ്പർമാർക്കും മാത്രമാണ് വോട്ടവകാശമുള്ളത്. ഇലക്ഷനു ശേഷം പുതിയ ഭാരവാഹികൾക്ക് ഉത്തരവാദിത്തങ്ങളും ഫയലുകളും ഏൽപ്പിച്ചു കൊടുക്കേണ്ടതാണ്.

### അതിരൂപതാ ഇലക്ഷൻ

- മേഖല, രൂപത തലങ്ങളിൽ ഒരാൾക്ക് രണ്ടു തവണയിൽ കൂടുതൽ ഒരേ തസ്തികയിലേക്ക് മത്സരിക്കാൻ പാടില്ല.
- ഏതെങ്കിലും സംഘടനയുടെ അതിരൂപതാതല ഭാരവാഹികളായിരിക്കുന്നവർക്ക് മാതൃവേദി അതിരൂപതാ മത്സരത്തിന് അയോഗ്യരായിരിക്കും.
- ഇലക്ഷനിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, യൂണിഫോം എന്നിവ നിർബന്ധമായിരിക്കും.
- നിലവിലുള്ള അതിരൂപതാ ഭാരവാഹികൾക്കും മേഖലാ ഭാരവാഹികൾ 5 പേർക്കും മേഖലാ സെനറ്റു മെമ്പർമാരിൽ ഒരാൾക്കും ഇലക്ഷനിൽ വോട്ടവകാശം ഉണ്ടായിരിക്കും.
- അതിരൂപതാ ഇലക്ഷനിൽ മത്സരിക്കുന്ന മേഖലകൾ മുൻകൂട്ടി നോമിനേഷൻ നൽകേണ്ടതാണ്.
- മേഖല പ്രസിഡണ്ടുമാരിൽ നിന്ന് പ്രസിഡണ്ട് സ്ഥാനത്തേക്ക് നോമിനേഷൻ നൽകുക

- സെനറ്റിൽ പങ്കെടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന സെനറ്റ് മെമ്പർമാരിൽ നിന്ന് അതിരൂപതാ സെനറ്റിലേക്ക് നോമിനേഷൻ നൽകുക.
- അതിരൂപതാ സെനറ്റ് മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുന്നവരാണ് ഇന്റർനാഷണൽ മാതൃവേദി സെനറ്റ് മെമ്പർമാരായി നിയോഗിക്കപ്പെടുന്നത്. അതിനാല് ഇന്റർ നാഷണൽ മാതൃവേദിയുടെ പ്രവത്തനങ്ങളിൽ സഹകരിക്കാൻ സമയവും സാദ്ധ്യതയുമുള്ളവരെ മാത്രമേ അതിരൂപതാ സെനറ്റിലേക്ക് നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.
- ഒരു മേഖലയിൽ ഏതെങ്കിലും തസ്തികയിലേക്ക് ആകെ ഒരു നോമിനേഷൻ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ.
- രൂപതാ ഇലക്ഷനിലേക്ക് നാമനിർദ്ദേശം ചെയ്യുന്നവരുടെ പേരുകൾ ഡിസംബർ 5 നുള്ളിൽ മേഖല ഡയറക്ടറുടെ സാക്ഷ്യത്തോടുകൂടെ രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.
- മേഖലകളിൽ നിന്ന് അതിരൂപതയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുമ്പോൾ രണ്ട് വർഷമെങ്കിലും യൂണിറ്റുകളിൽ പ്രവർത്തന പരിചയമുള്ളവരും അതിരൂപതാ പ്രവർത്തനത്തിനായി സമയം മാറ്റി വെക്കാൻ സന്നദ്ധമായിരിക്കണം.
- അതിരൂപതാതല നോമിനേഷൻ നൽകേണ്ട അവസാന തീയതി **ഡിസം. 5**
- ഇലക്ഷനിൽ പങ്കെടുക്കുന്നവർ കൃത്യസമയത്ത് മീറ്റിംഗിൽ എത്തിച്ചേരുകയും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.
- ഇലക്ഷനുമായി ബന്ധപ്പെട്ട് യാതൊരു തരത്തിലുള്ള വോട്ടുപിടുത്തമോ, അനാവശ്യ പരസ്യങ്ങളോ ഉണ്ടാകുവാൻ പാടില്ല.
- യൂണിറ്റ് മേഖലാതല ഇലക്ഷൻ സമയബന്ധിതമായും നിയമപ്രകാരവും ക്രമീകരിക്കുവാൻ മേഖലാ സമിതി ശ്രദ്ധിക്കുക.
- അതിരൂപതാ ഇലക്ഷൻ തീയതി : **ഡിസംബർ 19**
  സ്ഥലം : സന്ദേശഭവൻ, തലശ്ശേരി
  സമയം : രാവിലെ 10.30
- ഇലക്ഷനുശേഷം അന്നു തന്നെ അതിരൂപതാ ഭാരവാഹികൾ സ്ഥാനമേറ്റെടുക്കുന്നതാണ്.

**11. സ്പിരിച്വൽ ഗാതറിംഗ്:** അമ്മമാർക്കായുള്ള ഓൺലൈൻ സ്പിരിച്വൽ ഗാതറിംഗ് ആഗസ്റ്റ് 28-ാം തീയതി രാവിലെ 8.30 മുതൽ 9.30 വരെ ഓൺലൈനായി നടന്നു. സി. ലിൻഡ എസ്.എച്ച്, സി. ജെസ്റ്റീന എം.എസ്.എം.ഐ. എന്നിവർ ആത്മീയ സംഗമത്തിന് നേതൃത്വം നൽകി. 300 ഓളം പേർ പങ്കെടുത്തു.

## 12. അറിയിപ്പുകൾ

- യൂണിറ്റ്തല ഇലക്ഷൻ നടത്തി ഒക്ടോബർ 20 നുള്ളിൽ ഭാരവാഹികളുടെ ലിസ്റ്റ് മേഖലയിൽ നിന്ന് രൂപതാ ഓഫീസിൽ എത്തിക്കുക.

- മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനുള്ള അറിയിപ്പുകളും ഓരോ മേഖലയ്ക്കും നൽകുക.
- വെബിനാറിൽ സംബന്ധിക്കുന്നവരുടെയും സ്പിരിചൽ മീറ്റിംഗിൽ പങ്കെടുക്കുന്നവരുടെയും ലിസ്റ്റ് യൂണിറ്റുകളിൽ നിന്ന് മേഖലയിൽ അറിയിക്കേണ്ടതാണ്.
- ബിബ്ലിയ മത്സരത്തിൽ മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി റീജിയണൽ തലത്തിൽ നടത്തുന്ന മത്സരങ്ങളാണ് അതിരൂപതാതല മത്സരം. അതിനുള്ള ക്രമീകരണങ്ങൾ അതാത് റീജിയണൽ സെന്ററുകളിൽ ക്രമീകരിക്കാൻ അവിടെയുള്ള മേഖലാസമിതി ശ്രദ്ധിക്കുക.
- ഡിബേറ്റ്മത്സരം ഒക്ടോബർ 24 ന് ചെമ്പേരി ഫൊറോന ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ നടത്തപ്പെടുന്നതാണ്. മത്സരാർത്ഥികൾക്കു പുറമേ ഓരോ മേഖലയിൽ നിന്ന് അംഗങ്ങളെ മത്സരം കാണാൻ പങ്കെടുപ്പിക്കേണ്ടതാണ്.
- ഉച്ചഭക്ഷണം ആവശ്യമുള്ളവർ ഒക്ടോബർ 15 നുള്ളിൽ ഓരോ മേഖലയിൽ നിന്നും എണ്ണം അറിയിക്കുക. മത്സരാർത്ഥികളുടെ പേരുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി ഒക്ടോബർ 10.
- ടീമിൽ ആദ്യം സംസാരിക്കന്നവർക്ക് 5 മിനിറ്റും രണ്ടാമത്തെയാൾക്ക് 3 മിനിറ്റും ലഭിക്കുന്നതാണ്. രണ്ട് പേർക്കും കിട്ടുന്ന മാർക്കുകൾ കൂട്ടി ആകെ 100 ൽ ലഭിക്കുന്ന മാർക്കാണ് ടീമിന് ലഭിക്കുക.
- പേപ്പറുകളോ പുസ്തകങ്ങളോ നോട്ടുകളോ പ്രസംഗിക്കുന്നവർക്ക് ഉപയോഗിക്കാവുന്നതാണ്.
- ഒക്ടോബർ മാസത്തിൽ എല്ലാ യൂണിറ്റുകളിലും ചെയിൻ റോസറി ആരംഭിക്കുക. തൂവാനീസ നിയോഗങ്ങൾക്കായി മാറി മാറി ഓരോ ദിവസവും ജപമാല ചൊല്ലുവാൻ മാതൃവേദി അംഗങ്ങളെ സജ്ജരാക്കുക.
- വചനദീപ്തി വീഡിയോകൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുക. ഓൺലൈഫ് മീഡിയ യൂട്യൂബ് ചാനൽ സബ്സ്ക്രൈബ് ചെയ്യാൻ എല്ലാ അമ്മമാരെയും പ്രചോദിപ്പിക്കാൻ മാതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.
- മാതൃവേദി മത്സരങ്ങൾക്ക് അംഗത്വ കാർഡുകൾ നിർബന്ധമായിരിക്കും. അടുത്തവർഷം മുതൽ നടത്തപ്പെടുന്ന മത്സരങ്ങൾക്ക് മാതൃവേദി സമ്മേളനങ്ങളിലെ ഹാജറിന്റെ ശതമാനം മാനദണ്ഡമായിരിക്കും. എല്ലാ മാസവും സമ്മേളനങ്ങൾ നടത്താനും ഹാജർ രേഖപ്പെടുത്താനും യൂണിറ്റുകൾ ശ്രദ്ധിക്കുക
- മാതൃവേദി കലണ്ടറുകൾ ഒക്ടോബർ 15 നുള്ളിൽ എല്ലാ യൂണിറ്റുകളും വിതരണം പൂർത്തിയാക്കേണ്ടതാണ്. ഭവനസന്ദർശനം നടത്തി സംഭാവനകൾ ശേഖരിച്ച് കലണ്ടറിന്റെ വില എത്രയും വേഗം എത്തിച്ചുനൽകുമല്ലോ.
- കവിതാ ആലാപനം, പോസ്റ്റർ രചന മത്സരങ്ങളുടെ സമ്മാങ്ങൾ മേഖലയിൽ എത്തിച്ചിട്ടുണ്ട്. ഉചിതമായി അവസരത്തിൽ അത് വിജയികൾക്ക് നൽകുമല്ലോ.

**13. വെബിനാർ:** ആരോഗ്യവും ശുചിത്വവും എന്ന വിഷയത്തെക്കുറിച്ച് ഓൺലൈനിൽ നടക്കുന്ന ക്ലാസിൽ എല്ലാ യൂണിറ്റിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുക. ഒക്ടോ. 5 ന് രാവിലെ 11 മണി മുതൽ 12.30 വരെയാണ് വെബിനാർ

### 14. സഖറിയാസ് കൺവെൻഷൻ

സെപ്റ്റംബർ 26 മുതൽ 28 വരെ വായാട്ടുപറമ്പ് മേഖലയ്ക്കുവേണ്ടി കരുവഞ്ചാൽ ഇടവകയിൽ വച്ചും സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ ചെമ്പന്തൊട്ടയിൽ വച്ചും സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി വി. ബലിയർപ്പിച്ച് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ഫൊറോന വികാരിമാരായ വെരി റവ. ഫാ. തോമസ് തെങ്ങുംപള്ളി, ഫാ. ആന്റണി മഞ്ഞളാംകുന്നേൽ, ഫാ. ഷൈൻ ഈനാച്ചേരിൽ, ഫാ. ജോസഫ് ആനിത്താനം, ഫാ. മാത്യു പരവരാകത്ത് എന്നിവർ കൺവെൻഷൻ ദിവസങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. ബ്രദർ സന്തോഷ് ടിയുടെ നേതൃത്വത്തിൽ മലബാർ ക്രിസ്റ്റീൻ ടീം ക്ലാസുകൾക്ക് നേതൃത്വം നൽകി. കൺവെൻഷൻ രജിസ്ട്രേഷനും മറ്റ് സേവനങ്ങളും നിർവ്വഹിച്ച മാതൃവേദി വോളണ്ടിയേഴ്സിനും വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി മേഖലാ സമിതിക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

ഒക്ടോബർ മാസത്തിൽ 18,19,20 തീയതികളിൽ പൈസക്കരി ഫൊറോനയിലും 26,27,28 തീയതികളിൽ ചെമ്പേരി ഫൊറോനയിലും സഖറിയാസ് കൺവെൻഷൻ നടക്കുന്നതാണ്.

### 15. അഭിനന്ദനങ്ങളോടെ, പ്രാർത്ഥനയോടെ...

തലശ്ശേരി അതിരൂപതാ മുൻ വികാരി ജനറാൾ മോൺ അലക്സ് താരാമംഗലം മാനന്തവാടി രൂപതയുടെ സഹായ മെത്രാനായി നിയമിതനായതിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നവംബർ 1 ന് നടക്കുന്ന മെത്രാഭിഷേകത്തിന് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥനകൾ നേരുകും ചെയ്യുന്നു.

## V. അമല പ്രോലൈഫ്

**1. ജീവാഗ്നി റിട്രീറ്റ്:** ഗർഭിണികൾക്കും ജീവിതപങ്കാളിക്കുമായി നടത്തപ്പെടുന്ന ഓൺലൈൻ ധ്യാനം ജീവാഗ്നി റിട്രീറ്റ് സെപ്റ്റംബർ 18 - 21 വരെ ഓൺലൈനായി നടത്തപ്പെട്ടു. വൈകുന്നേരം 6 മണി മുതൽ 8 മണി വരെയുള്ള സമയങ്ങളിൽ നടത്തിയ ധ്യാനം സി. ട്രീസ മാത്യു എം.എസ്.എം.ഐ. ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ശ്രീ. സെലസ്റ്റീൻ ജോൺ, സി. പൗളിൻ സി.എച്ച്.എഫ്, ഡോ. സി. റീന എസ്.എച്ച്, സി. ജെസ്റ്റീന എം.എസ്.എം.ഐ എന്നിവർ ക്ലാസുകൾ നയിച്ചു. ധ്യാനത്തിൽ 110 ഓളം പേർ പങ്കുകൊണ്ടു.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിജയോത്സവം

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 2021-2022 അധ്യയന വർഷം എസ്.എസ്. എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥിക ളെയും നൂറുമേനി വിജയം നേടിയ സ്കൂളുകളെയും എൻഎംഎംഎസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നതി നായി മൂന്ന് റീജിയണുകളിലായി വിജയോത്സവം സംഘടിപ്പിച്ചു.

## ഇരിട്ടി റീജിയൺ

ഇരിട്ടി റീജിയൺതല വിജയോത്സവം 2022-ഓഗസ്റ്റ് 10-ാം തീയതി ബുധൻ രാവിലെ 9.30 ന് ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയ പാരിഷ് ഹാളിൽ നടത്തപ്പെട്ടു. മേഖലയിലെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാ ഗങ്ങളിൽ എ പ്ലസ് നേടിയവരെയും, നൂറുമേനി വിജയം നേടിയ സ്കൂളുക ളെയും എൻ.എംഎംഎസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെയും മൊമെന്റോ നൽകി ആദരിച്ചു.

ഇരിട്ടി വിദ്യാഭ്യാസ ഉപജില്ല ഓഫീസർ ശ്രീ. ജി. ശ്രീകുമാർ സമ്മേ ളനം ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ അധ്യക്ഷത വഹിച്ചു. കണ്ണൂർ ജില്ല പഞ്ചായത്ത് മെമ്പർ ശ്രീമതി ലിസി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. എടൂർ സെന്റ് മേരീസ് എച്ച്.എസ്.എസ് പ്രിൻസിപ്പാൾ ശ്രീമതി ലിൻസി പി സാം, മണിക്കടവ് സെന്റ് തോമസ് എച്ച്.എസ്. ഹെഡ്മാസ്റ്റർ ശ്രീ. നീല കണ്ഠൻ പി.എം എന്നിവർ ആശംസകൾ അർപ്പിച്ചു. കുന്നോത്ത് സെന്റ് ജോസഫ്സ് യുപി സ്കൂൾ ഹെഡ്മാസ്റ്റർ മാത്യു ജോസഫ് വരമ്പുങ്കൽ സ്വാഗതവും, ഇരിട്ടി റീജിയൺ വിന്നേഴ്സ് ഡേ പ്രോഗ്രാം കൺവീനർ ശ്രീ. അഗസ്റ്റിൻ കെ ജോസഫ് നന്ദിയും പറഞ്ഞു. 600 ഓളം വിജയികളും അവ രുടെ രക്ഷിതാക്കളും അധ്യാപകരും സ്കൂൾ മാനേജർമാരും ഈ ചടങ്ങിനെ സമ്പുഷ്ടമാക്കി.

## ചെമ്പേരി റീജിയൺ

ചെമ്പേരി റീജിയണിൽ വിജയോത്സവം ഓഗസ്റ്റ് 10 ബുധനാഴ്ച ഉച്ചക ഴിഞ്ഞ് 2 മണിക്ക് ചെമ്പേരി മദർ തെരേസ ഓഡിറ്റോറിയത്തിൽവെച്ച് നട ത്തി. പ്രസ്തുത പരിപാടി കണ്ണൂർ ജില്ല പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വായാട്ടൂപറമ്പ് സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. ബിജു ജോസഫ്, പൈസക്കരി ദേവമാത

ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. എൻ.വി. മാത്യു, കുമാരി ആദിത്യ മോഹനൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ചെമ്പേരി റിജിയൺ വിന്നേഴ്സ് ഡേ പ്രോഗ്രാം ജനറൽ കൺവീനർ ശ്രീമതി. ശോഭ ടോം നന്ദി രേഖപ്പെടുത്തി.

കാർഷിക മേഖലയെ ആശ്രയിച്ച് കഴിയുന്ന മലയോര ഗ്രാമങ്ങളിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ വിജയോത്സവം വിളവെടുപ്പ് മഹോത്സവം ആണെന്ന് അഭിപ്രായപ്പെടുകയും ഒരു കാര്യം ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്താൽ ഈ ലോകം മുഴുവൻ നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന് പൗലോ കൊയിലോയുടെ വാക്കുകളെ ഉദ്ധരിച്ച് കുട്ടികളോട് ആഹ്വാനം ചെയ്യുകയും, ജീവിത വഴിത്താരയിൽ പ്രിയപ്പെട്ട അധ്യാപകരുടെ അനുഗ്രഹം കുഞ്ഞുങ്ങൾക്ക് കാലിടറാതെ സഞ്ചരിക്കുവാൻ കരുത്താകട്ടെ എന്ന് ആശംസിക്കുകയും ചെയ്ത് റവ. ഫാ. മാത്യു ശാസ്താംപടവിൽ സംസാരിക്കുകയുണ്ടായി.

2021-22 വർഷത്തെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ 450 ഓളം കുട്ടികളെയും, എൻ.എം.എം.എസ് കരസ്ഥമാക്കിയ 30 ഓളം വിദ്യാർത്ഥികളെയും 100% റിസൽട്ട് നേടിയ സ്കൂളുകളെയും വിഷയാടിസ്ഥാനത്തിൽ കോർപ്പറേറ്റ് തലത്തിൽ കൂടുതൽ എ പ്ലസ് കരസ്ഥമാക്കിയ സ്കൂളുകളെയും ചടങ്ങിൽ മെമെന്റോയും ഉപഹാരങ്ങളും നൽകി ആദരിച്ചു.

## വിന്നേഴ്സ് ഡേ - ചെറുപുഴ റീജിയൺ

ചെറുപുഴ റീജിയണൽ തല വിജയോത്സവം 11 ഓഗസ്റ്റ് 2022 ന് പാലാവയൽ സെന്റ് ജോൺസ് എൽ.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അധ്യക്ഷത വഹിച്ചു. ജീവിതത്തിന്റെ തുടക്കത്തിൽ ലഭിച്ച ഈ വിജയത്തിൽ ഒതുങ്ങാതെ മുമ്പോട്ടുള്ള ഓരോ പരീക്ഷകളിലും പരീക്ഷണങ്ങളിലും വിജയം വരിക്കാൻ കഴിയത്തക്കവിധം ഉണർവും ഉത്സാഹത്തോടും കൂടി കർമ്മം ചെയ്യുന്നവരാകണം ഓരോരുത്തരുമെന്ന് അദ്ദേഹം പറഞ്ഞു. ചിറ്റാരിക്കാൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ഉഷാകുമാരി എം ടി ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. പ്രൗഢഗംഭീരവും അഭിമാനപൂരിതവുമായ ഈ ചടങ്ങിന്റെ ഭാഗമാകാൻ കഴിഞ്ഞത് സന്തോഷം നൽകുന്നുവെന്നും കൂടുതൽ ഉന്നതങ്ങളിൽ എത്തിച്ചേരാൻ ഓരോരുത്തരും അവരവരുടെ മേഖലയിൽ പരിശ്രമിക്കണമെന്നും അവർ ഓർമ്മിപ്പിച്ചു. അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. പാലാവയൽ സെന്റ് ജോൺസ് ഹയർസെക്കണ്ടറി സ്കൂൾ മാനേജർ റവ. ഫാ. ജോസ് മാണിക്കത്താഴെ അനുഗ്രഹപ്രഭാഷണം നടത്തി. പാലാവയൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഡോ. മെൻഡലിൻ മാത്യു തോമാപുരം ഹൈസ്കൂൾ പ്രധാനാധ്യാപിക ശ്രീമതി റോസിലി കെ.എ, വിദ്യാർത്ഥി പ്രതിനിധി കുമാരി വിസ്മയ തെരേസ ബെന്നി

എന്നിവർ സംസാരിച്ചു. പ്രോഗ്രാം കൺവീനർ ശ്രീ. ജിമ്മി സൈമൺ ചട ങ്ങിൽ നന്ദി അർപ്പിച്ചു. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് എജ്യുക്കേഷ ണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഹൈസ്കൂൾ, ഹയർസെ ക്കണ്ടറി വിഭാഗങ്ങളിൽ ഉന്നത വിജയം കൈവരിച്ച സ്കൂളുകളെയും കുട്ടി കളെയും ട്രോഫിയും ഉപഹാരങ്ങളും നൽകി ആദരിച്ചു.

## മതബോധന – സന്മാർഗ്ഗപാഠ പഠനവും പരീക്ഷയും

മതബോധന സന്മാർഗ ക്ലാസുകൾ അക്കാദമിക് വർഷത്തിന്റെ ആരംഭ ത്തിൽ തന്നെ സ്കൂളിൽ കൃത്യമായും ഭംഗിയായും ആരംഭിച്ച് മുന്നോട്ടു പോകുന്നു. വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാ ണല്ലോ, അതുകൊണ്ടു തന്നെ സ്കൂളിൽ സന്മാർഗ മതബോധന ക്ലാസു കൾക്ക് വലിയ പ്രസക്തിയുണ്ട്. അധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങളേക്കാൾ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്ക് ഉപകരിക്കുന്ന കാര്യങ്ങൾ സ്കൂളിൽ കൃത്യമായി ക്രമീകരിക്കേണ്ടതുണ്ട്. ഭൂരിപക്ഷം സ്കൂളിലും സന്മാർഗ മതബോ ധന ക്ലാസുകൾക്ക് ആവശ്യമായ പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പുസ്തകങ്ങൾ കൃത്യമായി വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുക്കാനും പരീക്ഷപേപ്പറുകൾ പരിശോധിച്ചു കൊടുക്കാനും ക്ലാസു കൾ കൃത്യമായി നടത്താനും താല്പര്യം കാണിക്കുന്നില്ല. സ്കൂളുകളിൽ സന്മാർഗ – മതബോധന ക്ലാസുകൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് പ്രധാന അധ്യാപകർ ഉറപ്പു വരുത്തണം.

മാർക്ക് പ്രോഗ്രസ് കാർഡിൽ രേഖപ്പെടുത്താനും സ്കൂളിൽ സന്മാർഗ മതബോധന പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷി ക്കാനും ശ്രദ്ധിക്കണം. ബഹു. ലോക്കൽ മാനേജർ അച്ചന്മാർ അതതു സ്കൂളുകളിലെ സന്മാർഗ മതബോധന ക്ലാസുകൾ നടത്തുന്നത് വിലയി രുത്തി അധ്യാപകർക്ക് മാർഗനിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ വിദ്യാലയങ്ങളാണ് നമ്മുടേത് ഈ വിദ്യാലയങ്ങളുടെ തനി മയും സംസ്ക്കാരവും മൂല്യങ്ങളും സംരക്ഷിക്കുന്നതിന് നമ്മൾ പ്രതിജ്ഞാ ബദ്ധരാണ്. ഈശ്വര വിശ്വാസത്തിൽ വളരുന്നതിനും മൂല്യങ്ങളിൽ അടിയു റച്ച ധാർമ്മിക ജീവിതത്തിലൂടെ നമ്മുടെ വിദ്യാർത്ഥികൾ വളർന്നു വരുന്ന തിനും സന്മാർഗ മതബോധന പഠനം വിദ്യാലയങ്ങളിൽ അനിവാര്യമാണ്.

ഈ വർഷത്തെ വേദപാഠ–സന്മാർഗ്ഗപാഠ **അർദ്ധവാർഷിക പരീക്ഷ ഒക്ടോ ബർ 28–ാം** തീയതി **വെള്ളിയാഴ്ച** നടത്തണം. ചോദ്യപത്രങ്ങൾ സ്കൂൾ തലത്തിൽ അധ്യാപകർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്.

**സമയക്രമങ്ങൾ**

| | | | | | |
|---|---|---|---|---|---|
| Std I, III, V, VII, IX | - | സന്മാർഗ്ഗശാസ്ത്രം | - | 10 am to 11 am |
| | | വേദപാഠം | - | 11 am to 12.30 pm |
| Std II, IV, VI, VIII, X | - | സന്മാർഗ്ഗശാസ്ത്രം | - | 1.30 pm to 2.30 pm |
| | | വേദപാഠം | - | 3 pm to 4 pm |

**അർദ്ധവാർഷിക പരീക്ഷ സിലബസ് താഴെ ചേർക്കുന്നു**

| Ist Semaster | | |
|---|---|---|
| **Class** | **Catechism** | **Moral Science** |
| I | Chapter 1-5 | Chapter 1-6 |
| II | Chapter 1-6 | Chapter 1-6 |
| III | Chapter 1-5 | Chapter 1-6 |
| IV | Chapter 1-5 | Chapter 1-7 |
| V | Chapter 1-6 | Chapter 1-6 |
| VI | Chapter 1-5 | Chapter 1-6 |
| VII | Chapter 1-5 | Chapter 1-6 |
| VIII | Chapter 1-5 | Chapter 1-5 |
| IX | Chapter 1-5 | Chapter 1-5 |
| X | Chapter 1-5 | Chapter 1-5 |

## സദ്ഗമയ പിടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. എല്ലാ വിദ്യാലയങ്ങളിൽ നിന്നും പങ്കാളിത്തം ഉണ്ടാകണം. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. സ്കൂൾ തല പ്രസംഗമത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ഒക്ടോബർ 10-ാം തീയതിക്ക് മുമ്പായി ടീച്ചേഴ്സ് ഗിൽഡിന്റെ ഐഡിയിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. ഒരു സ്കൂളിൽ നിന്ന് എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി രണ്ടു വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും എല്ലാ സ്കൂളുകളിൽ നിന്നും പങ്കാളിത്തം ഉറപ്പു വരുത്താനും അധ്യാപകർ ശ്രദ്ധിക്കണം. ഒക്ടോബർ മാസത്തിലെ മൂന്നാം ശനിയാഴ്ച രാവിലെ 10 മണിക്ക് റിജിയൺ തലത്തിലാണ് സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗ മത്സരം സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

സ്നേഹപൂർവം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

## അഡ്മിഷൻ 2022-23

2022-23 അധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in E-mail: admission@vjec.ac.in**

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രശസ്ത ഇന്ത്യൻ ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ TCS (Tata Consultancy Services) നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 100-ലധികം അവസാനവർഷ വിദ്യാർത്ഥികൾ പങ്കെടുത്തു.
- CHATBOTS, Programmable Voice Services എന്നിങ്ങനെയുള്ള ബിസിനസ്സ് കമ്മ്യൂണിക്കേഷൻ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ KALEYRA സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 25 അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ പങ്കെടുത്തു. ടെസ്റ്റ് റിസൾട്ട് ലഭ്യമായിട്ടില്ല. പ്രതിവർഷം 20 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ HITACHI SOLUTIONS എന്ന പ്രമുഖ കമ്പനിയുമായി മീറ്റിംഗ് സംഘടിപ്പിക്കുകയും, തൽഫലമായി എല്ലാ വർഷവും 10-20 വിദ്യാർത്ഥികളെ വിമൽ ജ്യോതിയിൽനിന്നും ട്രെയിനിംഗ് നൽകിയശേഷം തിരഞ്ഞെടുക്കുവാൻ ധാരണയായിട്ടുണ്ട്. ധാരണാപത്രം ഈ മാസം അവസാനത്തോടെ ഒപ്പുവയ്ക്കും. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കുന്ന ഉടനെ 4 ലക്ഷം രൂപ വാർഷിക ശമ്പളത്തിൽ ജോയിൻ ചെയ്യാവുന്നതാണ്.
- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന TECHNOLOGICS SOLUTIONS സെപ്റ്റംബർ 8-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് ടെസ്റ്റ് നടത്തി. ടെസ്റ്റ് റിസൾട്ട് ലഭ്യമായിട്ടില്ല.

## വിമൽ ജ്യോതിയിൽ ഗ്രാജുവേഷൻ ഡേ നടത്തി

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഗ്രാഡുവേഷൻ ഡേ നടത്തി. മോൺ. മാത്യു എം ചാലിൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ ഡോ. എസ് അയൂബ് മുഖ്യാതിഥിയായി പങ്കെടുത്തു.

ബിരുദം സ്വീകരിക്കുന്ന നാനൂറിലധികം വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും മറ്റ് വിശിഷ്ടാതിഥികളും ചടങ്ങിൽ നിറസാന്നിധ്യ മായിരുന്നു. യൂണിവേഴ്സിറ്റി പ്രോ. വൈസ് ചാൻസലർ ഡോ. എസ് അയുബ് വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ കൈമാറി. കോളേജ് ചെയർമാൻ മോൺ. ആന്റണി മുതുകുന്നേൽ ബിരുദധാരികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മാനേജർ ഫാദർ ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പാൾ

ഡോ. ബെന്നി ജോസഫ്, പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ലാലി ജെയിംസ് എന്നിവർ സംസാരിച്ചു.

## വിമൽ ജ്യോതിക്ക് വീണ്ടും അന്താരാഷ്ട്ര അംഗീകാരം

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് മൂന്നാംവർഷ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിദ്യാർഥിയായ നോയൽ ജോസിന് അന്താരാഷ്ട്ര സംഘടനയായ ഇൻഡസ്ട്രിയൽ ആപ്ലിക്കേഷൻ സൊസൈറ്റി നടത്തിയ അന്തർദേശീയ ഹുമാനിറ്റേറിയൻ പ്രൊജക്ട് മത്സരത്തിൽ അംഗീകാരം ലഭിച്ചു.

അണ്ടർവാട്ടർ റോബോട്ട് എന്ന ആശയമാണ് അംഗീകാരത്തിന് അർഹത നേടിയത്. ജലത്തിലെ മാലിന്യത്തിന്റെ തോത് അറിയാനും ഡാമുകളുടെ പരിശോധനയ്ക്കും, വെള്ളത്തിൽ മുങ്ങി പോകുന്ന മനുഷ്യജീവനുകളെ കണ്ടെത്തുന്നതിനും ഉപകാരപ്പെടുന്ന പുതിയ റോബോട്ട് ആണ് ഈ വിദ്യാർഥി വികസിപ്പിച്ചെടുത്തിരിക്കുന്നത്. അപകട സാഹചര്യങ്ങളിൽ മനുഷ്യ സാന്നിധ്യമില്ലാതെ ഒട്ടേറെ കാര്യങ്ങൾ ഈ റോബോട്ടിന് ചെയ്യാനാകും. പഠനകാലയളവിൽ വിദ്യാർത്ഥികളിൽ ഇത്തരത്തിലുള്ള നൂതനങ്ങളായ ആശയങ്ങളെ പ്രോൽസാഹിപ്പിക്കുവാൻ കോളേജ് മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് പ്രചോദനം നല്കി വരാറുണ്ട്.

വിമൽ ജ്യോതിയിലെ പഠനാന്തരീക്ഷവും, ഐ.ഇ.ഇ.ഇ പോലുള്ള അന്താരാഷ്ട്ര സംഘടനകളുമാണ് ഇത്തരത്തിലുള്ള പുതിയ കണ്ടെത്തലുകൾക്കായി വിദ്യാർഥികളെ സഹായിക്കുന്നതെന്നും നോയൽ പറഞ്ഞു. കോളേജ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, വകുപ്പ് മേധാവി പ്രൊഫ. ലാലി ജെയിംസ് എന്നിവർ നോയൽ ജോസിനെ അഭിനന്ദിച്ചു.

## നോയൽ ജോസിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ

2022 സെപ്റ്റംബർ 23 മുതൽ 26 വരെ സിംഗപ്പൂർ പോളിടെക്നിക്കിൽ നടന്ന IEEE OCEANIC എഞ്ചിനീയറിംഗ് സൊസൈറ്റി, സിംഗപ്പൂർ ചാപ്റ്ററിന്റെ SAUVC 2022 (സിംഗപ്പൂർ ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിൾ ചലഞ്ച് 2022)-ൽ പങ്കെടുക്കാൻ ഇല്ക്ട്രിക്കൽ എൻജിനീയറിംഗ് 4-ാം വർഷ വിദ്യാർത്ഥിയായ നോയൽ ജോസ് തിരഞ്ഞെടുക്കപ്പെട്ടു.

## ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന് വിമൽ ജ്യോതിയുടെ സ്നേഹസമ്മാനം

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഏരുവേശ്ശി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലും മുട്ടകൾ വിരിയിക്കുന്നതിനുള്ള ഹാച്ചറി യൂണിറ്റ് നിർമ്മിച്ച് വിതരണം ചെയ്തു. ആവശ്യാനുസരണം കോഴി, താറാവ്, കാട മുതലായവയുടെ മുട്ടകൾ ഇതിൽ വിരിയിക്കാം. ഗ്രാമീണ സ്ത്രീ ശാക്തീകരണം ലക്ഷ്യം വച്ച് കേന്ദ്ര സർക്കാരിന്റെ ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുമായി സഹകരിച്ചാണ് ഒരു ലക്ഷം രൂപ ചിലവ് വരുന്ന ഈ പ്രോജക്ട് നടപ്പിലാക്കിയത്. വിമൽ ജ്യോതി വിദ്യാർത്ഥികളായ ഇമ്മാനുവൽ, റിമൽ എന്നിവരാണ് ഈ ഉപകരണം തയാറാക്കിയത്. ഏരുവേശി ഗ്രാമപഞ്ചായത്ത് ഹാളിൽ

നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടെസി ഇമ്മാനുവൽ വിതരണോദ്ഘാടനം നിർവ്വഹിച്ചു. കോളേജ് ഫിനാൻസ് ഓഫീസർ ഫാ. ലാസർ വരമ്പകത്ത്, സെബാസ്റ്റ്യൻ പുത്തൻപുര, പഞ്ചായത്ത് വൈസ് പ്രസിഡന്റ് മധു തൊട്ടിയിൽ, പ്രൊഫ. എം. വാസുദേവൻനായർ, എസ്. എസ്. വിദ്യ എന്നിവർ പ്രസംഗിച്ചു.

## നാഷണൽ എൻജിനീയേഴ്സ് ഡേ

ലോകപ്രശസ്ത എൻജിനീയറായ ഡോ. എസ്. വിശ്വേശ്വരയ്യരുടെ ജന്മദിനമായ സെപ്റ്റംബർ 15 വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സമുചിതമായി ആഘോഷിച്ചു. പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് കോളേജിലെ ഏറ്റവും സീനിയർ അദ്ധ്യാപകരായ പ്രൊഫ. ഡോ. സാത്തപ്പൻ, പ്രൊഫ. ലാലി ജെയിംസ് എന്നിവരെ കോളേജ് അഡ്മിനിസ്ട്രേറ്റർ റവ. ഫാ. സുബിൻ റാത്തപ്പിള്ളിൽ ഷാൾ അണിയിച്ച് ആദരിച്ചു. ഇന്ത്യ പോലുള്ള ഒരു വികസ്വര രാജ്യത്ത് അതിന്റെ വളർച്ചയിലും പുരോഗതിയിലും എൻജിനീയർമാർക്ക് വളരെ വലിയ ഉത്തരവാദിത്വം ഉണ്ടെന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് അഭിപ്രായപ്പെട്ടു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 2022-24 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ തുടരുന്നു. എൻട്രൻസ് പരീക്ഷ എഴുതാത്തവർക്ക് മറ്റൊരു എൻട്രൻസ് ഉടൻ ഉണ്ടാകുന്നതിനാൽ അവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. Website : **www.vjim.ac.in** E-mail: **admission@vjim.ac.in**
- **2022-ലെ വിവിധ സ്കോളർഷിപ്പുകൾ**

**ഗോൾഡൻ സ്കോളർഷിപ്പ്:** യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന മികച്ച 10 വിദ്യാർത്ഥികൾക്ക് 40,000 രൂപ. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (10000 x 4) ഇത് ലഭ്യമാണ്.

- യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് മാർക്ക് അടിസ്ഥാനത്തിൽ 20,000 രൂപ നൽകും. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (5,000x4) ഇത് ലഭ്യമാണ്.

**സിൽവർ സ്കോളർഷിപ്പ് :** KMAT-ൽ മികച്ച മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് 5000 രൂപ ലഭിക്കും.

- 2020-22 ബാച്ചിലെ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റുകൾ ഈ വർഷം ഏറ്റവും നല്ല രീതിയിൽ പുരോഗമിക്കുന്നു. 100% പ്ലേസ്മെന്റുകൾ എന്ന ലക്ഷ്യത്തിൽ എത്തുമ്പോൾ, ഇപ്പോൾ 90% ഓളം വിദ്യാർഥികൾക്ക് ജോലി ലഭിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

**1. ജർമ്മൻ ഭാഷ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു**

ജർമ്മൻ ഭാഷയുടെ A1 , A2, B1, B2 ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ഒക്ടോബർ 17 ന് ക്ലാസ്സുകൾ ആരംഭിക്കും. ജർമ്മൻ ഭാഷാ പഠനം പൂർണ്ണമായും റസിഡൻഷ്യൽ പ്രോഗ്രാം ആണ്. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംങ്ങ് കോളേജിലെ ക്യാമ്പസിലാണ് ജർമ്മൻ ഭാഷാ റസിഡൻഷ്യൽ പരിശീലനം നടക്കുന്നത്.

2. **IELTS, OET, UKVI**

**IELTS, OET, UKVI** തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു.

**3. സാൻജോസ് അക്കാഡമിയുടെ പുതിയ ബ്രാഞ്ച്**

കണ്ണൂരിൽ ആരംഭിക്കുന്നു. കണ്ണൂർ – ടൗണിൽ പളളിക്കുന്നിനടുത്തുള്ള ഭീപികയുടെ ഓഫീസിൽ ആണ് പ്രവർത്തിക്കുന്നത്.

കണ്ണൂരിലുള്ള സാൻജോസിൽ ജർമ്മൻഭാഷാ പരിശീലനമാണ് നല്കുന്നത്. ജർമ്മൻ ഭാഷയുടെ പുതിയ ബാച്ചുകൾ ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്നു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് അഡ്മിഷൻ ലഭിക്കുന്നതാണ്.

## എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

## അധ്യാപകദിനാഘോഷം

അധ്യാപകദിനത്തോടനുബന്ധിച്ച് നിർമ്മലഗിരി കോളേജ് എൻ എസ് എസ് യൂണിറ്റ് 25 & 26 ലെ വോളന്റിയേഴ്സ് സപ്പോർട്ടിംഗ് ഗ്രൂപ്പായ അരിങ്ങോത്തുംകണ്ടി കോളനി സന്ദർശിക്കുകയും അവിടുത്തെ വിദ്യാർത്ഥികൾക്ക് പഠനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും പഠനോപകരണങ്ങളും നൽകുകയും ചെയ്തു. തുടർന്ന് ഓണക്കളികളും വിവിധ കലാപരിപാടികളും നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നല്കി. എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫ് എസ്.ടി. പ്രൊമോട്ടർ ശ്രീമതി ജീജ, അംഗനവാടി അധ്യാപിക ശ്രീമതി രമ്യ എന്നിവർ നേതൃത്വം നൽകി. വോളണ്ടിയർമാരായ അതുൽ, അർഷക്, ശല, റോസ് മേരി, ശ്രദ്ധ, ജുമാന, സഫ്ന എന്നിവർ കുട്ടികൾക്ക് ക്ലാസെടുത്തു.

## ഓണാഘോഷം

രണ്ടു വർഷത്തെ അടച്ചിരിപ്പിനുശേഷമുള്ള കോളേജിലെ ആദ്യ ആഘോഷമായ ഓണം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ. വി. ഓണസന്ദേശം നൽകി. മാനേജ്മെന്റ് എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പായസം വിതരണം നടത്തി. സീനിയർ അധ്യാപകൻ ഡോ. ടി. കെ. സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ വിവിധ ഗ്രൂപ്പുകളിലായി നടന്ന ആവേശോജ്വലമായ ഓണപരിപാടികൾ അധ്യാപകരുടെ നേതൃത്വത്തിൽ നടന്നു.

എൻഎസ്എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിലും ഓണാ ഘോഷം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. പരിപാടികൾ ഉദ്ഘാടനം ചെയ്തു. പോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രോഗ്രാം ഓഫീസർ അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത് കെ. ആശംസ നേർന്നു. തുടർന്ന് ജുമാന, ശല, അർഷക്, അതുൽ, അഖിൽ ദേവ് പി. തൂണോലി, ആരുഷി, ഫാത്തിമത്ത് സഫ്ന എന്നിവർ കലാപരിപാടികൾ അവതരിപ്പിച്ചു.

## രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

നിർമ്മലഗിരി കോളേജ് എൻ.സി.സിയുടെയും എൻ.എസ്.എസ്സി ന്റെയും തലശ്ശേരി ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്കിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പ് നടത്തി. കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ രക്തദാന ക്യാമ്പിൽ കോളേജിലെ അറുപതോളം വിദ്യാർഥികൾ പങ്കെടുത്തു. നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി. രക്തദാന ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എൻ.സി.സി. ഓഫീസർമാരായ ലഫ്. ഡോ. സുജാ മറിയാമ്മ ജോഷ്വാ, അസി. പ്രൊഫ. ശ്രീ. കമിലോ ജോസഫ്, എൻ.എസ്.എസ്. ഓഫീസർമാരായ ഡോ.

ജയ്സൺ ജോസഫ്, അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത് കെ. തലശ്ശേരി ജനറൽ ഹോസ്പിറ്റൽ ഫിസിഷ്യൻ ഡോ. ഐശ്വര്യ എന്നിവർ ക്യാമ്പിന് നേതൃത്വം കൊടുത്തു.

## ഹിന്ദി ദൈവവാരാഘോഷം ഉദ്ഘാടനം ചെയ്തു

ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹിന്ദി ദൈവവാരാഘോഷം പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം ചെയ്തു. ഹിന്ദി വിഭാഗം അധ്യക്ഷ ഡോ. സുജാ മറിയാമ്മ ജോഷ്വാ അധ്യക്ഷത വഹിച്ചു. രണ്ടാഴ്ച നീണ്ടു നിന്ന ഹിന്ദി ദിനാഘോഷത്തിൽ വിവിധ ഇനങ്ങളിലായി മത്സരങ്ങൾ സംഘടിപ്പിച്ചു.

**കമ്മിറ്റി രൂപികരിച്ചു:** നിർമലഗിരി കോളേജ് ആന്റിഡ്രഗ്സ് ക്യാമ്പയിൻ കമ്മിറ്റിയും കൂത്തുപറമ്പ് ജനമൈത്രി പോലീസും സംയുക്തമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ചു. കൂത്തുപറമ്പ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ശ്രീജിത്ത് കോടേരി എസ്. ഐ. ദീപ്തി വി.വി., രാജേഷ് വി., കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. മാനേജർ റവ. ഫാ. ഷാജി തെക്കേമുറി, അസോ. പ്രൊഫ. ഡോ. ടി.കെ. സെബാസ്റ്റ്യൻ, ലഫ്. സുജ മറിയാമ്മ ജോഷ്വാ, ഡോ. സി. സെലിൻ മാത്യു, ഡോ. ദീപാ മോൾ മാത്യു, ഡോ. മഞ്ജുഷ മാത്യു, ദീപ്തി ലിസ്ബത്ത് കെ. വിദ്യാർത്ഥി പ്രതിനിധികളായ ജോയ്സ് ജോർജ്, ഹർഷ പി, ആർദ്ര എന്നിവർ പങ്കെടുത്തു. 16 ന് കൂത്തുപറമ്പ് ബസ് സ്റ്റാൻഡിൽ വച്ച് ലഹരി വിരുദ്ധ ഫ്ളാഷ്മോബ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. പ്രോഗ്രാം കോർഡിനേറ്ററായി ഡോ. ദീപാ മോൾ മാത്യുവിനെ തിരഞ്ഞെടുത്തു.

**ഫ്ളാഷ് മോബ് നടത്തി:** നിർമലഗിരി കോളേജ് എൻ.എസ്.എസും എൻ.സി.സിയും ആന്റി ഡ്രഗ്സ് ക്യാമ്പയിൻ കമ്മിറ്റിയും കൂത്തുപറമ്പ് ജനമൈത്രി പോലീസും സംയുക്തമായി ലഹരി വിരുദ്ധ ബോധവൽക്കരണ ഫ്ളാഷ് മോബ് കൂത്തുപറമ്പ് ബസ് സ്റ്റാൻഡിൽ സംഘടിപ്പിച്ചു.

യുവജനതയെ നശിപ്പിക്കുന്ന മാരകമായ ലഹരി മരുന്നിനെ സമൂഹത്തിൽ നിന്ന് നിർമാർജനം ചെയ്യേണ്ട സമയം അതിക്രമിച്ചു വെന്ന് കൂത്തുപറമ്പ് സി.ഐ ശ്രീജിത്ത് കോടേരി പറഞ്ഞു. എസ്. ഐ ദീപ്തി വി.വി, എസ്. ഐ സൈഫുള, ഓഫീസർമാരായ രാജേഷ് കെ, ഷിനിത, എൻ. സി. സി. കമാൻഡിങ്ങ് ഓഫീസർമാരായ ലഫ്. ഡോ. സുജാ മറിയാമ്മ ജോഷ്വാ, അസി. പ്രൊഫ. കമിലോ ജോസഫ്, എൻ. എസ്. എസ്. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജെയ്സൻ ജോസഫ് അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത് കെ. എന്നിവർ ബോധവൽക്കരണ പരിപാടിക്ക് നേതൃത്വം നൽകി. മാതാപിതാക്കളും വിദ്യാർത്ഥികളും പൊതുസമൂഹവും ഈ ലഹരി വിപത്തിനെതിരെ ഒരുമിക്കണമെന്ന് പ്രോഗ്രാം കോ ഓർഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ദീപാ മോൾ മാത്യു സംസാരിച്ചു.

വിദ്യാർത്ഥികളായ ആവണി സുരേഷ്, സെസി തോമസ്, എമിൽ വർഗീസ്, മിലൻഷാ മാലൂർ, അമൽജിത്ത്, ആർഷ ജോണി, ഹർഷാ പി എന്നിവർ ഫ്ളാഷ് മോബിന് നേതൃത്വം നൽകി.

**അനുമോദനയോഗം സംഘടിപ്പിച്ചു:** കണ്ണൂർ യൂണിവേഴ്സിറ്റി 2021-22 വർഷത്തെ ബെസ്റ്റ് എൻ.എസ്. എസ് വോളന്റിയർ അവാർഡ് ജേതാവായ സ്വാതി ബാലകൃഷ്ണനെ ഹിസ്റ്ററി വിഭാഗം അനുമോദിച്ചു. പ്രിൻസിപ്പാൾ ഡോ. കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ഹിസ്റ്ററി വിഭാഗം മേധാവി. ഡോ. സി. മഞ്ജു. ഒ. എസ്. സ്വാഗതം പറഞ്ഞു. മുൻ എൻഎസ്എസ് പ്രോഗ്രാം ഓഫീസറും എസ് എസ് സംസ്ഥാന അവാർഡ് ജേതാവായ ഡോ. ദീപാ മോൾ മാത്യു ആശംസ നേർന്നു. 2020-22 ബാച്ച് എൻ എസ് എസ് വോളന്റിയർമാർ സ്വാതി ബാലകൃഷ്ണനെ അനുമോദിച്ചു. ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. മുൻ എൻ എസ് എസ് പ്രോഗ്രാം ഓഫീസറും സംസ്ഥാന അവാർഡ് ജേതാവായ ഡോ. ദീപാ മോൾ മാത്യു എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ അസി. പ്രൊഫ. ദീപ്തി ലിസ്ബത്ത്, ഡോ. ജയ്സൻ ജോസഫ് മുൻ എൻ.എസ് എസ് സെക്രട്ടറി അബിൻ ബിജു. മുഹമ്മദ് അമീർ എൻ.എം. ഗോപികാ ടി.സി. എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. വോളന്റിയർമാരായ അൽഫോൻസാ ജോസഫ്, മിലു ഷാജി റോസ് ജോ എന്നിവർ സംസാരിച്ചു.

## വിജയോത്സവം നടത്തി

2021 -22 അധ്യയന വർഷത്തെ മെറിറ്റ് ഡേ കോളേജ് മാനേജരും തലശ്ശേരി അതിരൂപതാ വികാരി ജനറാൾ വെരി റവ. മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. അക്കാദമിക - അക്കാദമികിതര വിഭാഗങ്ങളിൽ മികവു പുലർത്തിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ. വി. അധ്യക്ഷത വഹിച്ചു. ടീച്ചിംഗ് സ്റ്റാഫ് പ്രതിനിധി ഡോ. ഡെന്നി ഫിലിപ്പ് അഡ്മിനി സ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി ശ്രീമതി മോളി ജോസഫ് വിദ്യാർത്ഥി പ്രതിനിധി അഭിഷേക് രാജീവ് എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവുപുലർത്തിയ വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് എൽസാ മരിയാ അബ്രാഹം, അലൻ കെ. അഗസ്റ്റ്യൻ, സ്വാതി ബാലകൃഷ്ണൻ എന്നിവർ മറുപടി പ്രസംഗം നടത്തി. മാനേജ്മെന്റിന്റെയും കോളേജിന്റെയും പി.ടി.എ യുടെയും ഉപഹാരങ്ങൾ വെരി. റവ.മോൺ. ആന്റണി മുതുകുന്നേൽ, ഡോ. ഔസേപ്പച്ചൻ കെ.വി., ഡോ. ഡെന്നി ഫിലിപ്പ് എന്നിവർ റാങ്ക് ജേതാക്കൾക്ക് നൽകി. അസോ. പ്രൊഫ ഡോ. ടി.കെ സെബാസ്റ്റ്യൻ സ്വാഗതവും അസി. പ്രൊഫ. ശ്രീ ജോൺസൺ ജോർജ് നന്ദിയും പറഞ്ഞു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

# ഇൻഫാം വാർത്തകൾ

കാസർഗോഡ് CPCRI ൽ വച്ച് ലോക നാളികേര ദിനത്തിൽ നടന്ന സെമിനാറിൽ ബയോ മൗണ്ടന് വേണ്ടി ഇൻഫാം ഡയറക്ടറും അഞ്ച് അംഗങ്ങളും പങ്കെടുത്തു. നാളികേരത്തിന്റെ വിവിധ മൂല്യവർദ്ധിത ഉൽപന്നങ്ങളെക്കുറിച്ച് അറിയാനും, വിവിധ സാങ്കേതിക വിദ്യകൾ അറിയാനും സാധിച്ചു.

## ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റി

ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ ബോഡി യോഗം 15-9 -2022 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് ശ്രീകണ്ഠപുരം പള്ളിയിൽ വച്ച് ചേർന്നു. ഇൻഫാം ദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ ജില്ലാ പ്രസിഡന്റ് ശ്രീ സ്കറിയ നെല്ലംകുഴി അദ്ധ്യക്ഷ നായിരുന്നു. ഇൻഫാം ഇടവകാതലത്തിൽ ശക്തിപ്പെടുത്താനും ഒക്ടോബർ 30 ന് ഉള്ളിൽ ഒരു ഫോറോനയിൽ അഞ്ച് ഇടവകകളിൽ എങ്കിലും സംഘടന രൂപീകരിക്കാനും അതിനായി വിവിധ ഭാരവാഹി കളെ ഫൊറോന തിരിച്ച് ഉത്തരവാദിത്വം ഏല്പിക്കുകയും ചെയ്തു. തേങ്ങ, റബ്ബർ എന്നിവയുടെ വില ഇടിവിനെതിരെ കണ്ണൂർ കളക്ട്രേറ്റിന് മുന്നിൽ ധർണ്ണ നടത്താൻ തീരുമാനിച്ചു. വിഴിഞ്ഞത്ത് കഷ്ടത അനുഭവിക്കുന്ന മുക്കുവസമൂഹത്തിന്റെ പ്രശ്നത്തിൽ സമ്പൂർണ്ണ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിച്ചു.

## കാട്ടാന ശല്യം

ചന്ദനക്കാംപാറ പൗവ്വത്ത് സെബാസ്റ്റ്യൻ മുളയ്ക്കൽ ജോണി തുടങ്ങി യവരുടെ കാട്ടാനയാൽ നശിപ്പിക്കപ്പെട്ട കൃഷിയിടം ഇൻഫാം ഡയറക്ടറുടെ നേതൃത്വത്തിൽ ഭാരവാഹികൾ സന്ദർശിക്കുകയും അവരുടെ വേദനയിൽ പങ്കുചേരുകയും ചെയ്തു.

## മഞ്ഞപുല്ല് സന്ദർശനം

വനം വകുപ്പ് അനധികൃതമായി EFL ൽപ്പെടുത്തി പിടിച്ചെടുത്തിരി ക്കുന്ന. കർഷകഭൂമി സന്ദർശിക്കുകയും അവരുടെ പ്രശ്നത്തിൽ അവരെ സഹായിക്കുകയും ചെയ്യാം എന്ന് വിവിധ കർഷക സംഘടനകൾ തീരുമാനിച്ചു.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ

## നെല്ലിക്കുറ്റി സമ്മേളനം

ആഗസ്റ്റ് 7ന് നെല്ലിക്കുറ്റിയിൽ മദ്യവിരുദ്ധ സമ്മേളനം നടത്തി. ബോധവത്ക്കരണ സെമിനാർ ഫാ. ചാക്കോ കുടിപ്പറമ്പിൽ നടത്തി. ഫാ. മാത്യു ഓലിക്കൽ നേതൃത്വം നല്കി.

## മാങ്ങോട് സെമിനാർ

ആഗസ്റ്റ് 10 മാങ്ങോട് മദ്യവിദുദ്ധ സെമിനാർ നടന്നു. ഡയറക്ടർ സെമിനാർ നേതൃത്വം നല്കി. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ പരിപാടികൾക്ക് നേതൃത്വം നല്കി.

## പത്രസമ്മേളനം

ഇന്ത്യയുടെ 75-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 15 മുതൽ 31 വരെ കണ്ണൂർ ജില്ലയിൽ മദ്യ-ലഹരി ബോധവത്ക്കരണ പരിപാടികൾ നടക്കുന്നതിന്റെ ഭാഗമായി തലശ്ശേരിയിൽ പത്രസമ്മേളനം നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ജോയി എം.എൻ., വിപിൻ ഉപ്പുകുന്നേൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## ഫ്രീഡം ഫ്രം ഡ്രഗ്സ്

ആഗസ്റ്റ് 15ന് ഫ്രീഡം ഫ്രം ഡ്രഗ്സ് എന്ന പേരിൽ കണ്ണൂർ ജില്ലയിലെ ഹയർസെക്കന്ററി സ്കൂളുകളിൽ ബോധവത്ക്കരണ പരിപാടിക്ക് കതിരൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ തുടക്കം കുറിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. സദാനന്ദൻ മാസ്റ്റർ, പ്രീത ടീച്ചർ, ബിന്ദു ടീച്ചർ എന്നിവർ നേതൃത്വം നല്കി.

## ബോധവത്ക്കരണം നവമാധ്യമങ്ങളിലൂടെ

ഓഗസ്റ്റ് 16ന് മദ്യ-ലഹരി വിപത്തിനെക്കുറിച്ചുള്ള നവമാധ്യമ ബോധവത്ക്കരണം ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി തലശ്ശേരിയിൽ ഉദ്ഘാടനം ചെയ്തു.

## മദ്യ-ലഹരി-പുകവലി അടിസ്ഥാന വിവരങ്ങൾ ലഘുഗ്രന്ഥം പ്രകാശനം ചെയ്തു

ആഗസ്റ്റ് 18ന് മദ്യ-ലഹരി-പുകവലി അടിസ്ഥാന വിവരങ്ങൾ എന്ന ലഘുഗ്രന്ഥം മാർ ജോസഫ് പാംപ്ലാനി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിക്ക് നല്കി പ്രകാശനം ചെയ്തു. സന്ദേശഭവൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ പ്രതീക്ഷ അഡ്മിനിസ്ട്രേറ്റർ ഫാ. മാത്യു കാരിക്കൽ എന്നിവരും പുസ്തകം ഏറ്റുവാങ്ങി.

## പുതിയങ്ങാടിയിൽ മദ്യവിരുദ്ധ സമ്മേളനം

ആഗസ്റ്റ് 19ന് പുതിയങ്ങാടിയിലെ മദ്യവിരുദ്ധ സമ്മേളനം ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. പി. വി. രവീന്ദ്രൻ, മൊയ്തു പുതിയ ങ്ങാടി, രാഘവൻ കേളോത്ത് എന്നിവർ പ്രസംഗിച്ചു.

## പ്രവർത്തക സമിതി കൺവെൻഷൻ

ആഗസ്റ്റ് 24ന് രാവിലെ 10 മുതൽ 1.30 വരെ പ്രവർത്തക സമിതി കൺവെൻഷൻ നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടും ചെയ്തു. ആന്റണി മേൽവെട്ടം, ഷിജോ പാറയ്ക്കൽ, സി. ജോസ്മരിയ സി.എം.സി എന്നിവർ പ്രസംഗിച്ചു.

## മണിപ്പാറ ജാഗരണം

ഓഗസ്റ്റ് 26ന് മണിപ്പാറയിൽ മദ്യ-ലഹരി വിപത്തിനെതിരെ രാത്രി പ്രാർത്ഥന നടന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ബെന്നി പുതിയാത്ത്, ഫാ. ബോബൻ റത്തപ്പള്ളി എന്നിവർ നേതൃത്വം നല്കി.

## നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനം

നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനം മണിപ്പാറയിൽ നടന്നു. ആഗസ്റ്റ് 27 രാവിലെ 9.30 മുതൽ 1.30 വരെ നടന്ന സമ്മേളനത്തിൽ ഫാ. അരുൺ മുണ്ടപ്ലാക്കൽ, ടോമി, ദേവസ്യ, ബെന്നി എന്നിവർ നേതൃത്വം നല്കി. ഡയറ ക്ടറച്ചൻ സെമിനാറിനും ആരാധനയ്ക്കും നേതൃത്വം നല്കി.

## പൂളക്കുറ്റി സമ്മേളനം

സെപ്റ്റംബർ 2ന് പൂളക്കുറ്റിയിൽ ബോധവത്ക്കരണ പരിപാടി നടന്നു. ഡയറക്ടർ സെമിനാർ നയിച്ചു.

## ചേപ്പറമ്പ് സെമിനാർ

ചേപ്പറമ്പിൽ നടന്ന സെമിനാർ ഡയറക്ടർ നേതൃത്വം നല്കി. ഫാ. ജിനു വടക്കേമുളഞ്ഞിനാൽ പരിപാടികൾ ക്രമീകരിച്ചു.

സസ്നേഹം,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ, പ്രതീക്ഷ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചു വരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

## ഇരിട്ടിയിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഒക്ടോബർ 7-ന് നാടിന് സമർപ്പിക്കുന്നു...

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ പ്രവർത്തനമാരംഭിക്കുന്ന രണ്ടാമത്തെ സൗജന്യ ഡയാലിസിസ് സെന്റർ 2022 ഒക്ടോബർ 7 മുതൽ പ്രവർത്തനമാരംഭിക്കുന്നു.

തലശ്ശേരി അതിരൂപതയിലെ ഇടവകകളുടെയും, വിദേശത്തും സ്വദേശത്തുമുള്ള നിരവധി സുമനസ്സുകളുടെയും സഹായ സഹകരണത്തോടെ നിരവധി കർമ്മപദ്ധതികൾ പ്രാവർത്തികമാക്കുവാനും ആത്യാധുനിക മെഷീനുകളുടെ സേവനങ്ങൾ സൗജന്യമായി മലയോരജനതയ്ക്ക് ലഭ്യമാക്കുവാനും പ്രത്യേകമായി സജ്ജമാക്കിയ ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ഇരിട്ടിയിലെ കടത്തുംകടവിൽ 2022 ഒക്ടോബർ 7 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30-ന് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ ബഹു. കേരള നിയമസഭ സ്പീക്കർ അഡ്വ. എ.എൻ. ഷംസീർ അവർകൾ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് നാടിന് സമർപ്പിക്കുന്നു.

ഇരിട്ടി പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഉദ്ഘാടനവേളയിലേക്ക് ഏവരേയും പ്രത്യേകം സ്വാഗതം ചെയ്യുന്നു.

## ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

(2022 ജൂലൈ 20-ന് ശേഷം 2022 സെപ്റ്റംബർ 20 വരെയുള്ള കണക്കുകൾ)

| | | | |
|---|---|---|---|
| 1. | St. Francis Assissi Church, Melechovva | - | 10,000/- |
| 2. | Dr. Boban Kuncheriya | - | 2,500/- |
| 3. | St. George Church, Adampara | - | 10,000/- |

## ഏയ്ഞ്ചൽ – പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കി യിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്ന തായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശ പ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പി ക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ട താണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരി ക്കുവാൻ എല്ലാ ഫൊറോനകളിൽനിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടു കൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ട തായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകളിലേക്കുള്ള റെസീപ്റ്റ് ബുക്കുകളും നിർധന കുടുംബങ്ങളിലെ കിഡ്നി രോഗികൾക്ക് ഓരോ ഫൊറോനയിൽനിന്നും നൽകേണ്ട സഹായ കൂപ്പണും വൗച്ചറും വിതരണം ചെയ്തു. ഏറ്റവും അർഹതപ്പെട്ട രോഗിക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽനിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### TSSS ഭഗവത്പാത ഐ.ടി.ഐ. കോളേജിൽ കോൺവൊക്കേഷൻ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പൈസക്കരിയിൽ പ്രവർത്തിച്ചുവരുന്ന ഭഗവത്പാത ഐ.ടി.ഐ. കോളേജിൽ കോൺവൊക്കേഷൻ സംഘടിപ്പിച്ചു. 2022 സെപ്റ്റംബർ 17-ന് രാജ്യത്തെ മുഴുവൻ ഐ.ടി.ഐ.കളിലുമായി സംഘടിപ്പിച്ച കോൺവൊക്കേഷൻ ചടങ്ങിന്റെ ദേശീയതല ഉദ്ഘാടനകർമ്മം ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി നിർവ്വഹിച്ചു. പൈസക്കരി ITI കോളേജിന്റെ കോൺവൊക്കേഷൻ ചടങ്ങിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, റീജിയണൽ ഡയറക്ടർ ഫാ. ജോൺസൺ വേങ്ങപറമ്പിൽ, ITI പ്രിൻസിപ്പാൾ ശ്രീ. രാജു സി.എം., ITI കോളേജ് അധ്യാപകൻ ശ്രീ. മാനുവൽ ജോർജ് എന്നിവർ പങ്കെടുത്തു.

### നിർധന കുടുംബങ്ങൾക്ക് കിടപ്പാടമൊരുക്കുവാൻ ഭൂമി വിതരണം

കിടപ്പാടമില്ലാതെ വാടക വീടുകളേയും മറ്റു അഭയകേന്ദ്രങ്ങളേയും ആശ്രയിക്കുകയും, ജീവിതത്തിലൊരിക്കലും സ്വന്തമായി ഒരു സെന്റ് ഭൂമിപോലും വാങ്ങിക്കുവാൻ സാധിക്കാത്തവരുമായ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ

→

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : angeltrust50@gmail.com
കൂടുതൽ വിവരങ്ങൾക്ക് : 8281955563

ഒത്തിരി സ്നേഹത്തോടെ,

| | |
|---|---|
| **ഫാ. ജിൻസ് വാളിപ്ലാക്കൽ** | **ഫാ. ബെന്നി നിരപ്പേൽ** |
| കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ് | മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ് |

നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി വീട് നിർമ്മിക്കുന്നതിന് സ്ഥലം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. സുമനസ്സുകളായ രണ്ട് വ്യക്തികൾ മനസ്സറിഞ്ഞ് നൽകിയ ഭൂമികളാണ് ഇത്തരത്തിൽ രണ്ട് ജില്ലകളിലായി വീതിച്ചു നൽകപ്പെടുന്നത്. ഇടവകകളിൽ നിന്നും ലഭിക്കുന്ന നിർധന കുടുംബങ്ങളുടെ അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ കുടുംബങ്ങൾക്കാണ് ഭൂമി നൽകുന്നത്.

## നിർധന കുടുംബത്തിന് സ്നേഹത്തിന്റെയും കരുതലിന്റെയും തണലൊരുക്കി TSSS

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവൃത്തി പൂർത്തിയാക്കി നൽകുന്ന 99-ാമത്തേയും, മാർ വള്ളോപ്പിള്ളി ഭവന നിർമ്മാണപദ്ധതിയിലെ 515-ാമത്തേയും ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവ്വഹിച്ചു. കണ്ണൂർ ജില്ലയിലെ കാർത്തികപുരം സ്വദേശിയായ പരേതനായ ശ്രീ. ഷാജി പുല്ലൂപറമ്പിലിന്റെ കുടുംബത്തിനാണ് പുതിയ ഭവനം പണിതു നൽകിയത്. പുതിയ ഭവനത്തിന്റെ താക്കോൽ കാർത്തികപുരം ഇടവക വികാരി ഫാ. നിതിൻ പുഞ്ചതറപ്പേൽ ശ്രീമതി ബിനി ഷാജിക്ക് കൈമാറി. ഉദയഗിരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എസ്. ചന്ദ്രശേഖരൻ, വാർഡ് മെമ്പർ ശ്രീ. ടോമി കാടംകാവിൽ, RCC സെക്രട്ടറി ശ്രീമതി പുഷ്പ ആന്റോ, മുൻ RCC പ്രസിഡണ്ട് ശ്രീ. ആന്റണി നിരപ്പേൽ, TSSS ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കാവൽ പ്ലസ് പ്രൊജക്ട് – ഇന്റർവ്യൂ

വുമൺ ആൻഡ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഗവ. ഓഫ് കേരളയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും സംയുക്തമായി കണ്ണൂർ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന കാവൽ പ്ലസ് പദ്ധതിയിൽ കേസ് വർക്കർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുകയും, 100-ഓളം ഉദ്യോഗാർത്ഥികൾ അഭിമുഖത്തിൽ പങ്കെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ കേസ് വർക്കർ തസ്തികയിൽ നിയമിക്കുകയും ചെയ്തു.

## ഓൺലൈൻ മീറ്റിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ ഡയറക്ടറച്ചന്മാർക്കും സ്റ്റാഫ് അംഗങ്ങൾക്കുമായി ഓൺലൈൻ സ്റ്റാഫ് മീറ്റിംഗ് സംഘടിപ്പിച്ചു. മീറ്റിംഗിൽ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മീറ്റിംഗിന് നേതൃത്വം നൽകി.

## ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അക്കൗണ്ടുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി ഓരോ മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 50-ഓളം അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകി.

## മേഖല വാർഷിക പൊതുയോഗങ്ങൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലാ വാർഷിക പൊതുയോഗത്തിന്റെ തീയതികൾ ഒക്ടോബർ മാസത്തിലെ വിവിധ തീയതി കളിലായി നിശ്ചയിച്ചു. ഓരോ മേഖലകളുടെയും പൊതുയോഗത്തിൽ വരവ്-ചെലവ് കണക്കുകൾ മേഖലാ സെക്രട്ടറിമാർ അവതരിപ്പിക്കുകയും, മേഖലാ ഭാരവാഹികളും അംഗങ്ങളും നടത്തിയ പ്രവർത്തനങ്ങളെ വില യിരുത്തുകയും ചെയ്യുന്നു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ 11 മേഖലകളിലേയും വാർഷിക പൊതുയോഗങ്ങളിൽ സംബന്ധിക്കുന്നു.

## കാൻസർ പരിശോധനാക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയ മാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (ആലക്കോട്) ഒക്ടോബർ 08 ശനി, (നെല്ലിക്കാംപൊയിൽ) ഒക്ടോബർ 10 തിങ്കൾ, (ചിറ്റാരിക്കാൽ) ഒക്ടോബർ 11 ചൊവ്വ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**കർഷകരുടെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി കർഷകരൊന്നുചേർന്ന് പ്രവർത്തിക്കുന്ന കൂട്ടായ്മ**

---

### ബയോമൗണ്ടൻ

തലശ്ശേരി അതിരൂപതാ സംരംഭമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി പുരോഗമിച്ചു വരുന്നു.

### ലക്ഷ്യം

1. എല്ലാ ഇടവകകളിലും ഗ്രൂപ്പുകൾ ആരംഭിക്കുന്നതുവഴി കർഷകരെ വിവിധ കാർഷിക ക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുവാൻ സജ്ജരാക്കുന്നു.
2. കാർഷിക ഉൽപന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന തുവഴി ഇടനിലക്കാരുടെ ചൂഷണം തടയുവാനും മികച്ച വരുമാനം ഉറപ്പുവരുത്തുവാനും സാധിക്കുന്നു.
3. ഒറ്റയ്ക്ക് കൃഷി ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി കൂട്ടായ കൃഷി യിലൂടെ അദ്ധ്വാനം കുറയ്ക്കുവാനും കൂടുതൽ വരുമാനം നേടുവാനും സാധിക്കുന്നു.
4. കർഷകരുടെ ഉൽപന്നങ്ങൾ നേരിട്ടും വിവിധ മൂല്യവർദ്ധിത ഉൽപന്ന ങ്ങളായി വിപണനം നടത്തുകയും ചെയ്യുന്നു.
5. ഓരോ ഇടവകകളിലും ആരംഭിക്കുന്ന ബയോമൗണ്ടൻ ഫാർമേഴ്സ് യൂണിറ്റുകൾ വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ സബ്സിഡികളും ആനുകൂല്യങ്ങളും കർഷ കർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും സഹായങ്ങളും ഉറപ്പു വരുത്തുന്നു.
6. വിവിധ കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ, വളങ്ങൾ, വിത്തുകൾ തുടങ്ങിയവ ഇടവകകളിലെ ബയോമൗണ്ടൻ യൂണിറ്റുകൾവഴി നമ്മുടെ നാട്ടിലെ എല്ലാ ഭാഗങ്ങളിലും എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കുന്നു.
7. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാർഷിക സംബന്ധമായ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് കൃഷിയെക്കുറിച്ചുള്ള ഏറ്റവും നൂതനമായ ആശയങ്ങളും പഠനങ്ങളും ക്ലാസ്സുകളും ട്രെയിനിംഗുകളും കർഷകർക്ക് ലഭ്യമാക്കുന്നു.
8. യുവതലമുറയെ കൂടുതലായി കൃഷിയിലേക്ക് ആകർഷിക്കുന്നതിനു

വേണ്ട വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കുകയും, യുവകർഷകരെ തെരഞ്ഞെടുത്ത് അവരുടെ കൂട്ടായ്മയിലൂടെ പുതിയ കാർഷികരീതികൾ പ്രാവർത്തികമാക്കുകയും ചെയ്യുന്നു.

## ദ്വിദിന സ്പൈസസ് കോൺഫറൻസ്

സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യയുടെയും CII-യും സംയുക്തമായി കൊച്ചിയിൽ ദ്വിദിന കോൺഫറൻസ് സംഘടിപ്പിച്ചു. കോൺഫറൻസിന്റെ ഉദ്ഘാടനം ബഹു. ദേശീയ വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി അനുപ്രിയസിംഗ് പട്ടേൽ നിർവ്വഹിച്ചു. ചടങ്ങിൽ ബഹു. കേരള വാണിജ്യ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് മുഖ്യപ്രഭാഷണം നടത്തി. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രതിനിധികളായി ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, ശ്രീ. പി.ടി. ജോസ്, ശ്രീ. ഷാജി ജോൺ എന്നിവർ കോൺഫറൻസിൽ പങ്കെടുത്തു.

## സ്പൈസസ് ബോർഡ് ട്രെയിനിംഗ്

നേതൃത്വത്തിൽ സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ കണ്ണൂർ കാസർഗോഡ് ജില്ലകളിലായി ട്രെയിനിംഗുകൾ സംഘടിപ്പിച്ചു. ആദ്യദിനം ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകളിലും, രണ്ടാം ദിനം തോമാപുരം, ചെറുപുഴ, മേരിഗിരി, ആലക്കോട് എന്നീ മേഖലകളിലേയും കർഷക പ്രതിനിധികൾക്കായാണ് ട്രെയിനിംഗ് സംഘടിപ്പിച്ചത്. സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും ട്രെയിനിംഗിൽ സംവദിച്ചു.

## വാർഷിക ജനറൽബോഡി മീറ്റിംഗ്

ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ് 2022 സെപ്റ്റംബർ 30 വെള്ളിയാഴ്ച തലശ്ശേരി TSSS ഓഫീസ് ബിൽഡിംഗിൽ വച്ച് നടത്തി. മീറ്റിംഗിന്റെ മറ്റു വിശദാംശങ്ങൾ അടങ്ങിയ കത്തുകൾ തപാൽ വഴി എല്ലാ മെമ്പർമാർക്കും അയച്ചു. കമ്പനിയുടെ ഭാവി പരിപാടികളും പദ്ധതികളും മീറ്റിംഗിൽവച്ച് നിശ്ചയിക്കുകയും, ആസൂത്രണം ചെയ്യുകയും ചെയ്തു.

## ഇടവക സന്ദർശനങ്ങൾ

തലശ്ശേരി അതിരൂപതയിൽ ബയോമൗണ്ടൻ കമ്പനിയുടെ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി അതിരൂപതാ കേന്ദ്രത്തിലെ വൈദികരുടെ നേതൃത്വത്തിൽ ഇടവകകൾ സന്ദർശിക്കുകയും ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ബ്രോഷർ വിതരണം ചെയ്യുകയും, പുതിയ ബയോമൗണ്ടൻ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

ഇടവകകളിൽ ബയോമൗണ്ടൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അതിരൂപതാ കേന്ദ്രത്തിൽ നിന്നും ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി,

വായാട്ടുപറമ്പ് എന്നീ ഫൊറോനകൾ സന്ദർശിക്കുകയും ആവശ്യമായ സഹകരണങ്ങളും പ്രവർത്തനങ്ങളും നടത്തുകയും ചെയ്ത ഫാ. ബെന്നി നിരപ്പേൽ, ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. സെബാസ്റ്റ്യൻ ചെരിപുരത്ത്, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, ഫാ. ജോസഫ് വടക്കേപറമ്പിൽ, ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ടോം ഓലിക്കരോട്ട്, ഫാ. ജോസഫ് വടക്കേപറമ്പിൽ, ഫാ. ജോൺസൺ കോവൂർപുത്തൻപുര എന്നീ അച്ചന്മാർക്ക് ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അഭിനന്ദനങ്ങൾ.

## തുടർ പ്രവർത്തനങ്ങൾ

1 എല്ലാ ഇടവകയിലും മിനിമം ഇരുപത്, അല്ലെങ്കിൽ അതിൽ കൂടുതൽ ബയോമൗണ്ടൻ യൂണിറ്റുകൾ ആരംഭിക്കുകയും ഓരോ യൂണിറ്റുകൾക്കും പ്രസിഡണ്ട്, സെക്രട്ടറി, വൈസ് പ്രസിഡണ്ട്, ജോയിന്റ് സെക്രട്ടറി, ഖജാൻജി തുടങ്ങി അഞ്ചംഗ എക്സിക്യൂട്ടീവ് അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

2 ഇടവകകളിൽ ആരംഭിക്കുന്ന 50 ബയോമൗണ്ടൻ യൂണിറ്റുകളിലെങ്കിലും 50% മുതൽ 80% വരെ സബ്സിഡിയോടുകൂടി കാർഷികയന്ത്രങ്ങളുടെയും മറ്റു ഉപകരണങ്ങളുടെയും വിതരണം.

3 ഐശ്വര്യ കറിപൗഡർ യൂണിറ്റ് വിപുലീകരിച്ച് കമ്പനിയുടെ പേരോടുകൂടി മായം കലരാത്ത ശുദ്ധമായ കറിപൗഡറുകളുടെയും, മികച്ച ഗുണനിലവാരത്തോടുകൂടിയുള്ള ചായപ്പൊടിയുടെയും, സോപ്പ്, സോപ്പുപൊടി, ലിക്വിഡ്, ഡിഷ്‌വാഷ് തുടങ്ങി വിവിധ ഉൽപന്നങ്ങളുടെയും വിതരണം.

സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ഡയറക്ടർ
ബയോമൗണ്ടൻ

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
ചെയർമാൻ, ബയോമൗണ്ടൻ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഓഗസ്റ്റ് 2022

16-25 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽവച്ച് നടത്തപ്പെട്ട സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

26 അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കണ്ണൂർ വിഷൻ ചാനലിന്റെ പ്രത്യേക ഓണപ്രോഗ്രാമിന്റെ ഷൂട്ടിംഗിൽ പങ്കെടുത്തു.

27 കോട്ടയം അതിരൂപതാ ദിനത്തോടനുബന്ധിച്ച് കോട്ടയം ബി.സി.എം കോളേജിൽവച്ചു നടത്തപ്പെട്ട സമ്മേളനം ഉദ്ഘാടനം ചെയ്തു.

28 ആലുവ സി.എം.സി ജനറലേറ്റിൽ വച്ച് നടത്തപ്പെട്ട 46 സന്ന്യാസിനിമാരുടെ നിത്യവ്രത വാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. കളമശ്ശേരി കുസാറ്റ് കാമ്പസിനോട് ചേർന്ന് അതിരൂപത പുതുതായി ആരംഭിച്ച ഈസ്റ്റ് സിറിയൻ ലിറ്റർജിക്കൽ സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

29 സൂച്ചീ ഫൗണ്ടേഷനുമായി നടന്ന ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 10 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിൽ വച്ച് നടത്തപ്പെട്ട ശ്രീ. എം.എ ജോസഫിന്റെ ഡോക്ടറൽ ഡിഫൻസിന്റെ മോഡറേറ്ററായി. കണ്ണൂർ എം.എസ്.എം.ഐ പ്രൊവിൻഷ്യൽ ഹൗസിൽ എം.എസ്.എം.ഐ സഭയുടെ ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു. ബഫർസോണുമായി ബന്ധപ്പെട്ടു കെ. സി.ബി.സി സംഘടിപ്പിച്ച ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

30 അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം സന്ദേശഭവനിൽ നടത്തപ്പെട്ട മതബോധന കൗൺസിലിൽ അധ്യക്ഷത വഹിച്ചു. തലശ്ശേരി എം.എസ്.എം.ഐ ഹൗസിൽ സഭയുടെ ഡയമണ്ട് ജൂബിലിയോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

31 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽവച്ച് നടത്തപ്പെട്ട കൺസൾട്ടേഴ്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 5 മണിമുതൽ കണ്ണൂർ ശ്രീപുരത്ത് വച്ച് നടത്തപ്പെട്ട നോർത്ത് മലബാർ കാത്തലിക് ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

## സെപ്റ്റംബർ 2022

01 കണ്ണൂർ ശ്രീപുരത്ത് വച്ച് നടത്തപ്പെട്ട നോർത്ത് മലബാർ കാത്തലിക് ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

02 കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നയിച്ചു. കുന്നോത്ത് റീജിയണൽ ബിഷപ്സ് ഹൗസിന്റെ നവീകരിച്ച കിച്ചണും ഡയറക്ടറച്ചന്റെ മുറിയും വെഞ്ചരിച്ചു. കടുമേനി ഇടവകയിൽ നിര്യാതനായ ശ്രീ. ലിയോ ആന്റണി കോച്ചേരിയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തലശ്ശേരി അതിരൂപതാംഗമായ ഡീക്കൻ സെബാസ്റ്റ്യൻ തെങ്ങുംപള്ളിയിലിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

04 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ രാജ്യസഭാ എം.പി. ശ്രീ. ജോൺ ബ്രിട്ടാസിനെ സ്വീകരിച്ചു.

5–7 ബോംബെയിൽ വച്ച് നടത്തപ്പെട്ട അന്താരാഷ്ട്ര കുടുംബ സെമിനാറിൽ പങ്കെടുത്തു.

08 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കുളത്തുവയൽ എം.എസ്.എം.ഐ പ്രൊവിൻഷ്യൽ ഹൗസിലെ ഡയമണ്ട് ജൂബിലി ആഘോഷത്തിലെ വി. കുർബ്ബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

09 രാവിലെ 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ട കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് 10 മണിമുതൽ സന്ദേശഭവനിൽവച്ചു നടന്ന പ്രസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം 4.30 ന് ചരൾ ഇടവകയിലെ അന്നമ്മ ശൗര്യാതടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് അങ്ങാടിക്കടവിൽ പുഴയിൽ മുങ്ങിമരണപ്പെട്ട ജസ്റ്റിൻ തോമസ് ചിറ്റൂരിന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വൈകുന്നേരം 6 മണിയോടെ കുന്നോത്ത് റീജിയണൽ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനെ സന്ദർശിച്ചു. തുടർന്ന് തലശ്ശേരിയിൽവച്ച് നടന്ന ബഹു. ജേക്കബ് വട്ടുകുളം അച്ചന്റെ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.

10 രാവിലെ 6 മണിക്ക് ചുള്ളിയിലുള്ള ആകാശപ്പറവകളുടെ ഭവനത്തിലെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് 9 മണിക്ക് കടുമേനി ഇടവകയിൽ ബഹു. ഡീക്കൻ മെൽബിൻ തെങ്ങുംപള്ളിക്ക് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് 12 മണിയോടെ പരിയാരം മദർഹോമിലെത്തി ധ്യാനകേന്ദ്രത്തിന്റെ വാർഷിക സമ്മേളനത്തിൽ വചനപ്രഘോഷണം നടത്തി. വൈകുന്നേരം 4 മണിക്ക് പരപ്പ ഇടവകയിൽവച്ച് മറ്റത്തിൽ ഫിറോസ് ജോർജിന്റെയും ജയ്മി പ്ലാവിലാപുത്തെൻവീട്ടിലിന്റെയും വിവാഹം ആശീർവ്വദിച്ചു. തുടർന്ന് കാലിച്ചാമരത്ത് വിശ്രമ

ജീവിതം നയിക്കുന്ന ബഹു. ജോൺ വടക്കുംമൂലയിലച്ചനെ സന്ദർശിച്ചു. വൈകുന്നേരം 8 മണിയോടെ ബഹു. ജേക്കബ് വട്ടുകുളം അച്ചന്റെ കുടുംബാംഗങ്ങളെ കൊട്ടോടിയിൽ സന്ദർശിച്ചു.

11 അതിരുമാവ് ഇടവകാ സന്ദർശനം നടത്തി. വൈകുന്നേരം 5 മണിക്ക് ജർമ്മനി, ഓസ്ട്രിയ രാജ്യങ്ങളിലുള്ള ബഹുമാനപ്പെട്ട വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം മദർഹോമിലെത്തി വൈദികരുടെ ആദ്യബാച്ച് ധ്യാനത്തിന്റെ ആമുഖസന്ദേശം നൽകി.

12 രാവില 6.30 ന് പരിയാരം മദർഹോമിലെത്തി അഭിവന്ദ്യ തോമസ് തറയിൽ പിതാവിനെ വൈദികരുടെ ധ്യാനത്തിലേക്ക് സ്വാഗതം ചെയ്തു. 9.00 മണിമുതൽ കുന്നോത്ത് മേജർ സെമിനാരിയിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് 1 മണിക്ക് കുന്നോത്ത് എഫ്.സി.സി നൊവിഷ്യേറ്റ് ഭവനത്തിൽ സി. മേരി മസരെല്ലായുടെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് 3 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഫാ. മാണി ആട്ടേൽ, ഫാ. അഗസ്റ്റിൻ ഉറുമ്പുകാട്ടിൽ, ഫാ. ജോസഫ് ഈനാച്ചേരി എന്നിവരെ സന്ദർശിച്ചു. വൈകുന്നേരം 4.30 ന് അരവഞ്ചാൽ സെന്റ് ജോസഫ് പള്ളിയിൽവച്ച് ഷെൽബിൻ പള്ളിപ്പറമ്പിലിന്റെയും സ്നേഹ സിറിയക് വാണിശ്ശേരിയുടെയുടെയും വിവാഹം ആശീർവ്വദിച്ചു.

13 രാവിലെ മുതൽ മദർഹോമിൽ ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം 8 മണിക്ക് ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ തോമസ് പാടിയത്ത് പിതാവിന് തലശ്ശേരി മെത്രാസന മന്ദിരത്തിൽ സ്വീകരണം നൽകി.

14 രൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. 11 മണിയോടെ രൂപതയ്ക്കുവേണ്ടി പുതുതായി രൂപകല്പന ചെയ്യുന്ന മൊബൈൽ ആപ്ലിക്കേഷന്റെ പ്രാരംഭതല ചർച്ചകളിൽ പങ്കെടുത്തു. വൈകുന്നേരം 7.30 ന് മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന് മാനന്തവാടിയിൽ ഒരുക്കിയ സ്വീകരണ പടിപാടിയിൽ പങ്കെടുത്ത് സ്ഥാനചിഹ്നങ്ങൾ നൽകി.

15 രാവിലെ പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ സി. മേരി അലക്കോക്ക് ചെറുവള്ളാത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. പരിയാരം മദർഹോമിലെത്തി ധ്യാനത്തിലായിരിക്കുന്ന വൈദികരുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ച തുടർന്നു. വൈകുന്നേരം 5 മണിയോടെ കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവിന് ഒരുക്കിയ സ്വീകരണ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് വെള്ളരിക്കുണ്ട് കോളേജിനെ സംബന്ധിക്കുന്ന ആലോചനാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

16 മദർഹോമിലെത്തി ധ്യാനത്തിലായിരിക്കുന്ന വൈദികരോട് സംവദിക്കുകയും അതിരൂപതാ അജപാലന പദ്ധതി പങ്കുവയ്ക്കുകയും ചെയ്തു. വൈകുന്നേരം തലശ്ശേരി ബിഷപ്സ് ഹൗസിൽ പുതിയ കേരളാ നിയമസഭാ സ്പീക്കർ ശ്രീ. എൻ.എൻ ഷംസീറിനെ സ്വീകരിച്ചു. വൈകുന്നേരം 8 മണിയോടെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. അച്ചന്മാരെ സന്ദർശിച്ചു.

17 രാവിലെ പ്രീസ്റ്റ്ഹോമിൽ ബഹു. ജോസഫ് വലിയകണ്ടം അച്ചന്റെ 41–ാം ചരമദിന അനുസ്മരണയ്ക്കായുള്ള വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് കണ്ണൂർ പയ്യാമ്പലത്തുള്ള ഉർസുലൈൻ പ്രൊവിൻഷ്യൽ ഹൗസിലെത്തി ധന്യ സി. മരിയ സെലിന്റെ കൃതജ്ഞതാ ബലിയിൽ പങ്കെടുത്തു വചനസന്ദേശം നൽകി. ഉച്ചയ്ക്കുശേഷം രത്നഗിരിയിൽ ബഹു. മാത്യു പരവരാകത്ത് അച്ചന്റെ പ്രിയ മാതാവ് കൊച്ചുത്രേസ്യാ പരവരാകത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിൽ എം.എസ്.എം.ഐ. സഭാംഗമായ സി. ഗ്രേസി മുള്ളൻമടയ്ക്കിലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകുന്നേരത്തോടെ നെല്ലിക്കുറ്റിയിൽ ബഹു. അഗസ്റ്റിൻ ചേന്നാട്ട് അച്ചന്റെ ഭവനത്തിലെത്തി ചികിത്സയിലായിരിക്കുന്ന അദ്ദേഹത്തിന്റെ പിതാവിനെ സന്ദർശിച്ചു. പിന്നീട് ദീപഗിരി ഇടവകാംഗമായ പിണക്കാട്ട് കുഞ്ഞേട്ടന്റെ ഭവനം സന്ദർശിച്ചു. കുടുംബനാഥയായ ശ്രീമതി മോളിയുടെ വിയോഗത്തിൽ ദുഃഖാർത്ഥരായിരുന്ന കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു.

18 കാര്യപ്പള്ളി സെന്റ് മേരീസ് ദേവാലയത്തിൽ ഇടവകാ സന്ദർശനം നടത്തി. വൈകുന്നേരം തലശ്ശേരി ടൗണിൽ ബഹു. കേരളാ നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീറിനുള്ള സ്വീകരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു. രാത്രി 9 മണിക്ക് വൈദികരുടെ വാർഷിക ധ്യാനത്തിന്റെ രണ്ടാം ബാച്ചിൽ ആമുഖസന്ദേശം നൽകി.

19 വാർഷിക ധ്യാനത്തിലായിരിക്കുന്ന വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി. തലശ്ശേരിയിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

20 ബഹുമാനപ്പെട്ട വൈദികരുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ച തുടർന്നു. ഉച്ചകഴിഞ്ഞ് പരിയാരം ചുടലയിലുള്ള മേരി മീഡിയാട്രിക്സ് സിസ്റ്റേഴ്സിന്റെ കോൺവെന്റും ചാപ്പലും കൂദാശ ചെയ്തു. രാത്രിയോടെ തിരുവല്ലയിലേക്ക് യാത്രതിരിച്ചു.

# Programme of the Archbishop
## MAR JOSEPH PAMPLANY

**OCTOBER 2022**

| | | | |
|---|---|---|---|
| 01-04 | | - | USA |
| 05 | | - | Catechism Regional Meet |
| 06 | 10.00am | - | Paduppu : Convent Blessing MSMI |
| 07 | 10.00am | - | Cheekkad : Blessing. Rosary Garden |
| | 02.30pm | - | Chempanthotty : UP School |
| | 09.00pm | - | Alpha Class on Anthropology |
| | 12.30pm | - | Iritty : Dialysis Center - Inauguration |
| 08 | 09.30am | - | Alakode : CML Jubillee Year Conclusion |
| 09 | | - | Hyderabad : Episcopal Ordination of Mar Kollamparambil and Mar Padiyath |
| 10 | | - | Engaged |
| 11 | | - | Delhi : Marriage |
| 12-21 | | - | Bangkok : FABC Meeting |
| 23 | 6.30am | - | Pastoral Visit : Cheemeni |
| | 4.30pm | - | Payyannur : St. Thomas Relics Dedication |
| 24 | | - | Catechism Regional Meet |

| | | | |
|---|---|---|---|
| 25 | 9.00am | - | Jubille – Fr. Joseph Korattipparambil |
| | 10.00am | - | Consultors Meeting |
| 26 | | - | Mannanam : Bible Convention |
| 27 | 10am | - | Chemperi : Zacharias Convention |
| | 4.00pm | - | Iritty : Holy Mass |
| 28 | | - | Thamarassery : Bethania |
| 29 | | - | Badravathi : Diocesan Day |
| 31 | | - | Rayarome |

**Secretary to the Archbishop**

# Programme of the Archbishop Emeritus
# MAR GEORGE NJARALAKATT

**OCTOBER 2022**

| | | |
|---|---|---|
| 02 | - | Panamaram : Holy Qurbana |
| 04 | - | Thalassery : Holy Qurbana (FCC Convent) |
| 08 | - | Arakuzha |
| 12-14 | - | Engaged |
| 19 | - | Nadavayal |
| 24 | - | Irrity : YMCA |
| 25 | - | Paisakary : Jubilee |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഓഗസ്റ്റ് 2022

26 പെരുംമ്പടവിൽവച്ച് താഴത്തുകുന്നേൽ ചക്കോയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 രാവിലെ പത്തരക്ക് കൊച്ചുപറമ്പിൽ മാത്യുവിന്റെ ഒന്നാം ചരമവാർഷിക ത്തിന് വെളിമാനം ഇടവകയിൽ വി. കുർബ്ബാനയർപ്പിച്ചു. തുടർന്ന് ബഹു. ആനക്കല്ലിൽ അച്ചന്റെയും ഞാമത്തോലിൽ അച്ചന്റെയും ഭവനങ്ങൾ സന്ദർശിച്ചു.

28 കോടോപ്പള്ളിയിൽവച്ച് മണിയൻചിറ മേരിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

30 രാവിലെ തലശ്ശേരി എം.എസ്.എം.ഐ. കൊൺവന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരത്തെ ജുബിലി ആഘോഷത്തിലും പങ്കെടുത്തു.

31 കാഞ്ഞിരക്കൊല്ലി ഇടവകയിൽ പുതിയതായി പണികഴിപ്പിച്ച എം.എസ്. എം.ഐ. മഠത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. വൈകുന്നേരം നോർത്ത് മലബാർ ബിഷപ്പ്സ് കോൺഫറൻസിനു പങ്കെടുക്കു വാനായി യാത്രതിരിച്ചു.

### സെപ്റ്റംബർ 2022

02 ഇരിട്ടിയിൽ അമിഗോസ് മൊബൈൽ ഷോപ്പിന്റെ വെഞ്ചിരിപ്പുകർമ്മം നടത്തി. തുടർന്ന് രണ്ടു മണിക്ക് തിരുമേനി ഇടവകയിൽ ലിയോ കോച്ചേരിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു

04 ആലക്കോട് ഇടവകയിൽവച്ച് പുള്ളോലിക്കൽ കുരിയാക്കോസിന്റെയും മണ്ണൂർ അന്നയുടെയും മനസമ്മതം നടത്തി. ഉച്ചകഴിഞ്ഞ് നെല്ലിപാറ പള്ളിയിൽ ജോസ് പുല്ലംകാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

06 അങ്ങാടിക്കടവിൽ മുങ്ങിമരണപ്പെട്ട ജെസ്റ്റിൻ ചിറ്റൂരിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് കല്ലുമുതിരക്കുന്നിൽ മരണമടഞ്ഞ ഹോളിക്രോസ് സന്യാസിനി സമൂഹത്തിലെ സി. അനസ്താസിയായുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

07 ഉദയഗിരി ഇടവകയിൽ കെ.സി.വൈ.എം. സംസ്ഥാന സെനറ്റ് അംഗങ്ങളായ നിലക്കപ്പള്ളിയിൽ സിജോ-നീന ദമ്പതികളുടെ വിവാഹം ആശീർവ്വദിച്ചു.

08 പാലാവയൽ ഇടവകയിൽ പുള്ളോലിക്കൽ കുര്യാക്കോസ്-അന്ന ദമ്പതികളുടെ വിവാഹം ആശിർവ്വദിച്ചു. ഉച്ചയ്ക്കുശേഷം മൂന്നുമണിക്ക് ബ്ര. ജെറിൽ കൊല്ലംകുന്നേലിന്റെ ഭവനം ആശീർവ്വദിച്ചു.

10 കൊന്നക്കാട് ഇടവകയിൽ രാവിലെ പതിനൊന്നു മണിക്ക് ബഹു. മുണ്ട പ്ലാക്കലച്ചന്റെ രണ്ടാം ചരമവാർഷിക ദിനത്തിൽ വി. കുർബ്ബാനയർപ്പിച്ചു. വൈകുന്നേരം ആറുമണിക്ക് മാലോം ഇടവകയിൽ കണ്ണനാനിക്കൽ ജോൺസന്റെ ഭവനം ആശീർവദിച്ചു. തുടർന്ന് ജോൺസൺ-മിനി ദമ്പതികളുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

12 കണ്ണൂർ എം.എസ്.എം.ഐ. കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ സുവർണ്ണ ജുബിലി ആഘോഷത്തിൽ പങ്കെടുത്തു. കൂരാച്ചുണ്ട് ഇടവകയിൽ വേങ്ങമറ്റം അബ്രാഹത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

13 തലശ്ശേരി എസ്.എച്ച്. കോൺവെന്റിൽ വി കുർബ്ബാന അർപ്പിച്ചു. ഉച്ചയ്ക്ക് നിർമലഗിരി കോളേജിൽ റിട്ടേർഡ് ടീച്ചേഴ്സിന്റെ ഓണാഘോഷ പ്രോഗ്രാമിൽ പങ്കെടുത്തു.

14 മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ അലക്സ് പിതാവിനെ മാനന്തവാടിയിൽവച്ച് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സ്വീകരിച്ചു.

15 വിളക്കന്നൂർ ഇടവകയിൽ മൂന്ന് കുട്ടികൾക്ക് മാമ്മോദീസാ നൽകി. തുടർന്ന് ബാലേശുഗിരി ഇടവകയിൽ വിവാഹം ആശിർവദിച്ചു. വൈകുന്നേരം തലശ്ശേരി കത്തീഡ്രൽ പള്ളിയിൽവച്ച് മാനന്തവാടി രൂപതയുടെ നിയുക്ത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിനുള്ള അനുമോദന യോഗത്തിൽ പങ്കെടുത്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ ജന്മദിന ആഘോഷം നടത്തി.

17 രാവിലെ പയ്യാമ്പലം ഉർസുലൈൻ കോൺവെന്റിൽ ദൈവദാസി മരിയാ സെലിൻ സിസ്റ്ററിന്റെ കൃതജ്ഞതാ ബലിയിൽ പങ്കെടുത്തു.

18 ആയന്നൂർ ഇടവകയിൽ നാലു മണിക്ക് പരേതനായ പൗവ്വത്തിൽ തോമസ് സാറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

19 രാവിലെ പത്തരയ്ക്ക് സ്നേഹഗിരി (ഉമ്മർപൊയിൽ) ഇടവകയിൽ ലിബിൻ-വർഷ ദമ്പതികളുടെ മകൾ എസ്തർ മരിയക്ക് മാമോദീസാ നൽകി. ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് മേരിഗിരി ഇടവകയിൽ ജോസഫ് കാരക്കുന്നേൽ അച്ചന്റെ സഹോദരൻ ശ്രീ. ലൂക്കാച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.



# നവാഭിഷിക്തൻ സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ അച്ചന്

*പ്രാർത്ഥനാശംസകൾ...*



ഡോ. തോമസ് മണ്ണൂരാംപറമ്പിൽ ഈസ്റ്റ് സിറിയക് ലിറ്റർജിക്കൽ റിസേർച്ച് സെന്റർ, കാക്കനാട്





## ഉദ്ഘാടന നിമിഷങ്ങൾ



RNI Reg. No. *5910/18* Date of Publication: *28/09/2022*

**Registered KL/TLY/20/22-24**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2022-24



ഒക്ടോബർ 04

# വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ

**Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.**